

# മയിൽപ്പീലി

UNION CHRISTIAN COLLEGE

*Magazine 2008-2009*




focus....



## എഡിറ്റോറിയൽ

പ്രിയ കൂട്ടുകാരേ,
വിദ്യാർത്ഥിമനസ്സും അക്ഷരങ്ങളും
കഥയായും കവിതയായും കുറിപ്പുകളായും
തങ്ങളുടെ കഴിവുകൾ രേഖപ്പെടുത്തുകയാണ്
ഈ മയിൽപ്പീലിത്താളുകളിലൂടെ...
കൊഴിഞ്ഞുവീണുകൊണ്ടിരിക്കുന്ന
ഒരു നല്ലകാലത്തിന്റെ ഓർമ്മക്കുറിപ്പായി...
ഇളം കാറ്റുപോലെ സാന്ത്വനത്തിന്റെ
ഒരു നനുത്ത സ്പർശമായി...
ഒരിക്കലും വാടാത്ത, കൊഴിയാത്ത
ഒരു വസന്തകാലത്തിന്റെ സ്മരണകളായി
എന്നെന്നും ഓർത്തിരിക്കാൻ...
പ്രതീക്ഷയോടെ സൂക്ഷിക്കാൻ...
പ്രിയ സുഹൃത്തുക്കളേ
നിങ്ങളുടെ ഹൃദയത്തിലേക്ക്
ഇവ പകർന്നുതരികയാണ്
ഈ മയിൽപ്പീലിത്താളുകളിലൂടെ....
മനസ്സിന്റെ മണിച്ചെപ്പിൽ
എന്നെന്നും സൂക്ഷിക്കുവാൻ,
സ്വീകരിച്ചാലും.....

വിനീത് വിജയൻ
എഡിറ്റർ

# Editorial Board


| | |
|---|---|
| chief editor | : Dr. Varghese John |
| staff advisor | : Dr. Sibu M. Eapen |
| student editor | : Vineeth Vijayan |
| staff editors | : Ms. Rekha Nair |
| | Dr. Sonia Chacko |
| | Ms. Usha Rani |
| sub editors | : Vishnu |
| | Prafulla |
| | Sinto Paul |
| committee members | : Vaishag M.V. |
| | Rijas |
| | Lakshmi Haridas |
| | Basil |
| | Sony Antony |
| | Arun |
| | Mansu Fransis |
| | Sandeep |
| | Samin |
| | Sharan |
| | Rahul R. Das |
| layout | : Vineeth Vijayan |
| designing & printing | : Indu Offset, Kalamassery |



## STATEMENT OF OWNERSHIP


Statement of Ownership and Other Partnership

| | |
|---|---|
| Place of publication | : Aluva |
| Periodicity of publication | : Annually |
| Printer's Name | : Varghese John |
| Nationality | : Indian |
| Address | : Principal, U.C. College, Aluva |
| Publisher's Name | : -do- |
| Editor's Name | : Vineeth Vijayan |
| Nationality | : Indian |
| Address | : Editor, U.C. College, Aluva |
| Printed at | : Indu Offset, Kalamassery |

I, Varghese John hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Principal



# Principal's Message

It has been yet another academic year of diverse activities and various achievements for the College, the year 2008-09. This has been possible from the efforts of many who played their roles in the daily routine of the College, and of many, both students and staff, who did much more than routine work. I congratulate all who did.

As we plan to go ahead from here, we also need to look back. We need to see how much of the facilities around us we really used; how much of our own potential each one of us really utilized.

I congratulate all who bear the responsibility of bringing out this College Magazine. My best wishes.

Dr. Varghese John





| | | |
|---|---|---|
| 9 | തുടർച്ചയ്ക്കുവേണ്ടി | (കവിത) |
| 10 | എന്റെ പ്രിയ തോഴൻ | (കവിത) |
| 11 | വീണ്ടും സൂചിപ്പാറ | (കവിത) |
| 12-13 | ഹിന്ദ്സ്വരാജിന് 100 വയസ്സ് | (ഗ്രന്ഥാവലോകനം) |
| 14 | പ്രണയം | (കവിത) |
| 15-16 | കലാകേരളത്തിന്റെ കഥാനായകൻ | (അനുസ്മരണം) |
| 17 | പ്രതീക്ഷ | (കവിത) |
| 18 | Still I Need You | (കവിത) |
| 19 | മഹാഗണി തണലിൽ | (ഓർമ്മക്കുറിപ്പ്) |
| 20 | Mathematical Love Letters | (നർമ്മം) |
| 21 | വീണ്ടും നിള | (കവിത) |
| 22-23 | മുഖംമൂടി | (കഥ) |
| 24 | ഞാൻ കണ്ട പുഴ | (കവിത) |
| 25-27 | ശാസ്ത്രവർഷം | (ലേഖനം) |
| 28 | A Great Loss | (കവിത) |
| 29 | ഹൃദയരാഗം | (കവിത) |
| 30-31 | A Decision Can Change Your Life | (നർമ്മം) |
| 32-35 | നിന്നിലേക്ക് | (കവിത) |
| 36 | സ്വപ്നങ്ങൾ | (കവിത) |
| 37 | My Lovely Friend | (കവിത) |
| 38 | കൈത്തിരി | (കവിത) |
| 39-41 | A Pilgrimage to Sree Krishna's Birth Place | (യാത്രാ വിവരണം) |
| 42 | പ്രണയം | (കവിത) |


| | | |
|---|---|---|
| (യാത്രാ വിവരണം) | ഹോങ്കോങ്ങിൽ ചില ദിനങ്ങൾ | 43-46 |
| (ഫീച്ചർ) | ഇടങ്ങൾ തേടി | 47-48 |
| (കഥ) | ജീവന്റെ സ്പന്ദനങ്ങൾ | 49-50 |
| (നിരൂപണം) | ശരീരങ്ങൾ പറയുന്നത് | 51-52 |
| (നിരൂപണം) | Film Review | 53-54 |
| (കഥ) | സമതലം | 55 |
| (കവിത) | Tree | 56 |
| (കവിത) | നിന്റെ ഓർമ്മയ്ക്ക് | 57 |
| (കവിത) | വിദേശി | 59 |
| (കഥ) | വഴിത്തിരിവ് | 60-61 |
| (ഓർമ്മക്കുറിപ്പ്) | Priceless Treassure | 62 |
| (ലേഖനം) | Truth & Love | 65 |
| (കവിത) | ആത്മനൊമ്പരങ്ങൾ | 67 |
| (കവിത) | സ്നേഹവിപഞ്ചിക | 68 |
| (അഭിമുഖം) | പ്രൊഫ. രാജൻ ഗുരുക്കൾ | 69-71 |
| (കവിത) | The Girl | 72 |
| (കവിത) | पेड की धटकन | 73 |
| | Principl's Report | 79-84 |
| | Union Report | 85-93 |
| | Media Club Report | 94-96 |
| | NSS Report | 97-100 |
| | NCC Report | 101-103 |
| | Sports Report | 105-106 |




മയിൽപ്പീലി
വിടർത്തുമ്പോൾ...

# Editorial Board

## staff advisor



Dr. Sibu M. Eapen

## sub editors



Vishnu



Prafulla



Sinto Paul

## committe members



Vaishag M.V.



Rijas




Lakshmi Haridas



Basil



Sony Antony



Arun




Mansu Fransis




Sandeep



Samin



Sharan



Rahul R. Das

ഇന്നലകളിൽ......

അനേകം കാല്പാടുകൾ

പതിഞ്ഞ ഈ വഴിത്താരയിലൂടെ

നാം നടന്നു....

ഇന്ന്.......

ഈ കലാലയത്തിന്റെ പ്രഭയിൽ

ഒരു തിരിനാളമായി നമ്മളും......

ഇവിടെ.........

മഷിപുരണ്ട താളുകളിലൂടെ

കലാലയത്തിന്റെ അകത്തളങ്ങളിലേക്ക്

ഒരു യാത്ര.............!!




ആദരാഞ്ജലികൾ.....



**മുഹമ്മദ് അസ്‌ലഫ്**

വിടരും മുൻപെ കൊഴിഞ്ഞ
സ്നേഹപുഷ്പമേ....
മധുരിക്കുന്ന ഓർമ്മകൾക്കു മുൻപിൽ
ഒരായിരം പനിനീർപ്പൂക്കൾ........

സനിൽകുമാർ എം.എസ്.
III B.A. Malayalam



# തുടർച്ചയ്ക്കുവേണ്ടി

മഹാഗണിത്തണൽ,

വെയിലിൽ പുഴുക്കളരിക്കുന്നു
ജരാനരകൾ വീണ ഇലകൾ
കാറ്റിൽ പുതിയ ഇടംതേടുന്നു
നീലിമയിൽ കറുത്ത വടുക്കൾ
സൃഷ്ടിച്ച ചില്ലകളിലൊന്നിൽ
തളർന്നിരുന്ന ഏകാകിയാം
ദേശാടനക്കിളിയും പറന്നുപോയി
മരവിച്ച നിശ്ശബ്ദതയിൽ കാറ്റ്
വിറച്ചും വീണും കടന്നുപോയപ്പോൾ
തളർന്ന പുൽനാമ്പൊടിഞ്ഞു-
വീഴുന്ന ശബ്ദം ഉയർന്നപ്പോൾ
ചൂടാറാത്ത കനൽ കൂമ്പാരത്തിലേക്ക്
പ്രണയതീർത്ഥക്കുടം വലിച്ചെറിഞ്ഞ്
ഇത്തിരി നേരത്തെ തണുപ്പിൽ
ഇഴഞ്ഞൊരു പൊത്തിൽ ഒളിക്കുമ്പോൾ
പിറകിൽ കനലിലെരിയുന്ന
ഹൃദയത്തെ ഓർത്ത് ഞാൻ ചിരിച്ചു.

ഓർമ്മ കെ.പി.
II B.A. Economics






# എന്റെ പ്രിയതോഴൻ

ആർത്തിരമ്പുന്ന കടൽ
വിജനമായ കടൽത്തീരം
അതിന്റെയൊരു കോണിൽ ഏകയായി ഞാനും,
നടന്നു ഞാൻ ഏകയായി
ഇളം തണുപ്പുള്ള കടൽക്കാറ്റേറ്റ്
ആ കാറ്റ് എന്റെ കവിളിൽ
ചുംബിക്കുന്നതായ് എനിക്കു തോന്നി
എന്റെ പ്രിയനെൻ കവിളിൽ
തലോടുന്നതായ് എനിക്കു തോന്നി
അവനെൻ അടുത്തുള്ളതായ്
എനിക്ക് അനുഭവപ്പെട്ടു
അവന്റെ സാന്നിധ്യം ഞാനറിഞ്ഞു
അവന്റെ ഹൃദയസ്പന്ദനം ഞാൻ കേട്ടു
അവന്റെ നിശ്വാസവായുവിൻ
ചൂട് ഞാനറിഞ്ഞു
അതെ, ഒരു ഹൃദയമിടിപ്പിന്റെ
ദൂരത്ത് അവനുണ്ട്,
എന്നും, എക്കാലവും.........


ഷഹർസാദ പി.
II. B.A. English



# വീണ്ടും.... സൂചിപ്പാറ

സൂചിപ്പാറ
വാചാലതയെ ബന്ധിയാക്കി
അപ്സരസായ് പുഞ്ചിരിച്ചും
(അട്ടഹസിച്ചും)
നിഗൂഢമായ് സംഘർഷിച്ചും
കെട്ടിപ്പിണഞ്ഞും മറിഞ്ഞും
തലതല്ലി താഴേയ്ക്കു കുതിച്ചും
കാലത്തെ മറികടന്നും
മൗനമരണത്തെ ചുംബിച്ചും
പുനർജനിച്ചും
ജീവിതത്തെ തഴുകിയും
കൈവെടിഞ്ഞും
ആളിക്കത്തിയും മന്ദീഭവിച്ചും
പിന്തുടരുന്ന കാല്പാടുമായ്,
സംഗീതം പൊഴിക്കാത്ത ഗസലായ്-
ഓർമ്മിച്ചും മറന്നും;
വാക്കുകൾ കിട്ടാതെ വ്രണപ്പെട്ടും-
സ്നേഹിച്ചും വെറുത്തും;
അവസാനിച്ചും ആവർത്തിച്ചും
മറഞ്ഞും തെളിഞ്ഞും
മഞ്ഞുപോൽ,
ഈറനണിഞ്ഞും, ഘനീഭവിച്ചും;-
വീണ്ടും.....
സൂചിപ്പാറയിൽ ചെന്നാൽ-
ഒരിക്കൽ കൂടി മരിക്കാമായിരുന്നു
മറ്റൊരു മൗനമരണത്തെകൂടി
ചുംബിച്ച് ഉറങ്ങാമായിരുന്നു !


സജു മാത്യു
മലയാള വിഭാഗം



# ഹിന്ദ് സ്വരാജിന് നൂറു വയസ്സ്

ഭാരതത്തിന്റെ ആത്മാവിനെ അറിഞ്ഞ മഹാത്മാഗാന്ധിയുടെ ശ്രദ്ധേയമായ ഒരു ലഘുഗ്രന്ഥമാണ് 'ഹിന്ദ് സ്വരാജ്' സ്വന്തം കർമ്മവും ജീവിതവും കൊണ്ട് ഗാന്ധി ആവിഷ്കരിച്ച മൗലിക ദർശനങ്ങളാണ് അതിന്റെ ഉള്ളടക്കം. പാശ്ചാത്യ സംസ്കാരത്തിന്റെ വിനാശകരമായ കടന്നുകയറ്റത്തിൽ ഭാരതീയരുടെ ആത്മബോധം ദുർബലമായ ഒരു ചരിത്രസന്ധിയിലാണ് ഈ കൃതി എഴുതപ്പെട്ടത്. ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി തന്റെ ജീവതം സമർപ്പിക്കുന്നതായി ഗാന്ധി പ്രഖ്യാപിച്ചത് ഈ പുസ്തകത്തിലൂടെയാണ്. വെറുപ്പിന്റെ സ്ഥാനത്ത് സ്നേഹത്തെ പ്രതിഷ്ഠിക്കുന്ന സുവിശേഷമാണിതെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. ഏതൊരു രാജ്യത്തിന്റെയും സ്വാതന്ത്ര്യം എന്നത് വ്യക്തികളുടെ ആത്മസംയമനത്തെയും ആത്മവികാസത്തെയും ആശ്രയിക്കുന്നുവെന്ന തത്വമാണ് ഈ കൃതിയുടെ അടിത്തറ. സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ പുതിയ ഒരു സാമൂഹികക്രമത്തെയാണ് ഗാന്ധിജി ഇതിലൂടെ സ്വപ്നം കണ്ടത്.

ഗാന്ധിദർശനത്തിന്റെ മൂലഗ്രന്ഥമെന്ന് പറയാവുന്ന ഹിന്ദ് സ്വരാജിന്റെ പുനർവായന ഭാരതം ഇന്ന് അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങൾക്കുള്ള പരിഹാര ക്രിയ കൂടി ആണ്. ബ്രിട്ടീഷ് ഭരണത്തിന് എതിരെ ഇന്ത്യൻ യുവത്വം സായുധകലാപത്തിന്റെ സാധ്യതകൾ അന്വേഷിച്ചു തുടങ്ങിയ ഒരു ഘട്ടത്തിലാണ് ഗാന്ധി ഹിന്ദ് സ്വരാജിന്റെ രചനയെക്കുറിച്ച് ചിന്തിച്ചു തുടങ്ങുന്നത്. ദക്ഷിണാഫ്രിക്കയിൽ ആരംഭിച്ച സത്യാഗ്രഹപ്രസ്ഥാനത്തിൽ അദ്ദേഹത്തിന് ഉറച്ച വിശ്വാസം ഉണ്ടായിരുന്നു. അഹിംസ സമരമാർഗ്ഗങ്ങളിലൂടെ ബ്രിട്ടീഷുകാർക്ക് എതിരെ വിജയം കൈവരിക്കാൻ കഴിയുമെന്ന ആത്മബോധമാണ് ഈ കൃതിയുടെ പിന്നിലുള്ള പ്രേരകശക്തി. തീവ്രവാദവും വർഗ്ഗീയതയും വർദ്ധിച്ചുവരുന്ന നവലോകക്രമത്തിലും ശാന്തിയിലും സമാധാനത്തിലും അടിയുറച്ച ഹിന്ദ് സ്വരാജിന്റെ ആശയങ്ങൾക്ക് പ്രസക്തി ഏറുന്നു.



മഹാത്മാഗാന്ധി എഴുതിയതിൽ വച്ച് ഏറ്റവും ചെറിയ പുസ്തക മാണ് 'ഹിന്ദ് സ്വരാജ്' 1909-ൽ ആണ് ഈ പുസ്തകം എഴുതിയത്. ലണ്ടൻ സന്ദർശിച്ചശേഷം ഗാന്ധി ദക്ഷിണാഫ്രിക്കയിലേക്കുള്ള മടക്കയാത്രയിൽ 'കിൻഡോനൻ കാസിൽ' എന്ന കപ്പലിൽ വച്ചാണ് ഈ പുസ്തകത്തിന്റെ രചന നടത്തിയത്. ദക്ഷിണാഫ്രിക്കയിൽ ഗാന്ധി ആദ്യമായി ആരംഭിച്ച ഇന്ത്യൻ ഓപ്പീനിയനിൽ രണ്ടു ലക്കങ്ങളിലായി ഇതു പ്രസിദ്ധീകരിച്ചു. ഗുജറാത്തി ഭാഷയിലാണ് ഈ പുസ്തകം എഴുതിയത്. പുസ്തകം പ്രസിദ്ധീകരിച്ചപ്പോൾ തന്നെ ബോംബെ സർക്കാർ അതു നിരോധിച്ചു. ഗാന്ധി തെല്ലും നിരാശനായില്ല. ഇംഗ്ലീഷിൽ ഈ പുസ്തകം വീണ്ടും പ്രസിദ്ധീകരിച്ചു. മഹാത്മജി നേരിട്ട് ഇംഗ്ലീഷിൽ എഴുതിയ ഒരേ ഒരു പുസ്തകവും ഇതു തന്നെ. പത്രാധിപരും വായനക്കാരും തമ്മിലുള്ള ആശയവിനിമയത്തിലൂടെ രൂപപ്പെടുത്തിയതാണിത്. ഗാന്ധിജിയിലെ പക്വത വന്ന പത്രപ്രവർത്തകനെ ഈ പുസ്തകത്തിൽ കാണാം. വിവിധ ഭാഷകളിൽ ഈ കൃതിയുടെ നിരവധി പതിപ്പുകൾ പുറത്തു വന്നിട്ടുണ്ട്.

ഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഒരു ബ്ലൂപ്രിന്റാണ് ഹിന്ദ് സ്വരാജിൽ അവതരിപ്പിച്ചിരിക്കുന്നത്. 1909-ൽ ഈ പുസ്തകത്തിൽ ആവിഷ്കരിച്ച സ്വരാജിന്റെ പൂർണ്ണരൂപം 1919 മുതൽ ഭാരത സ്വാതന്ത്ര്യസമരത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ അതിശക്തമായ ഒരു പ്രസ്ഥാനമായി വികസിച്ചു. ദാദാഭായി നവറോജിയാണ് ആദ്യം സ്വരാജ് എന്ന വാക്ക് ഉപയോഗിച്ചതെന്ന് ഗാന്ധി അനുസ്മരിക്കുന്നുണ്ട്. പിന്നീട് ആ പദത്തിന് പൊതുജനമധ്യത്തിൽ പ്രതിഷ്ഠയുണ്ടാക്കിയത് ലോകമാന്യബാലഗംഗാധരതിലകനായിരുന്നു. സ്വരാജ് എന്റെ ജന്മാവകാശമാണ് എന്ന അദ്ദേഹത്തിന്റെ പ്രഖ്യാപനം ജനലക്ഷങ്ങളെ ഉത്ബുദ്ധരാക്കി. ബ്രിട്ടീഷുകാരുടെ ഭൗതിക സാന്നിദ്ധ്യമല്ല, മറിച്ച് അതുവഴി നടക്കുന്ന പാശ്ചാത്യ സംസ്കാരത്തിന്റെ അധിനിവേശമാണ് ഇന്ത്യ നേരിടുന്ന ശക്തമായ ഭീഷണിയെന്ന് ഭാരതീയരെ ബോധ്യപ്പെടുത്തേണ്ടത് തന്റെ കടമയാണെന്ന് ഗാന്ധി വിശ്വസിച്ചു. അതിനുവേണ്ടിയാണ് 'ഹിന്ദ് സ്വരാജ്' അദ്ദേഹം രചിച്ചത്. 'ഹിന്ദ് സ്വരാജി'ൽ സ്വരാജ്യസങ്കൽപ്പത്തെ സുന്ദരമായ ഒരു ചതുഷ്കോണമായി ചിത്രീകരിക്കുന്നു. ഈ ചതുഷ്കോണത്തിന്റെ ആദ്യത്തെ രണ്ടു കോണുകൾ രാഷ്ട്രീയമായാലും സാമ്പത്തികമായുമുള്ള സ്വാതന്ത്ര്യത്തെ പ്രതിനിധീകരിക്കുന്നു. മറ്റേ രണ്ടു കോണുകളിൽ ഒന്ന് സദാചാര-ധാർമ്മിക തലത്തേയും മറ്റേത് ആത്മീയതലത്തേയുമാണ് ഉൾക്കൊള്ളുന്നത്. ആത്മീയതലം എല്ലാ മതങ്ങളേയും അവയുടെ പരമോന്നത ഭാവങ്ങളിൽ പ്രതിനിധീകരിക്കുന്നു. ഈ ചതുഷ്കോണത്തിന്റെ ഓരോ അംശത്തേയും പിന്നീട് ഗാന്ധി വികസിപ്പിക്കുകയും ഒരു സർവ്വോദയ വ്യവസ്ഥക്ക് അടിത്തറ പാകുകയും ചെയ്തു.

ഗാന്ധിയൻ ദർശനങ്ങളുടെ മാനിഫെസ്റ്റോ ആയ 'ഹിന്ദ് സ്വരാജ്' മാനവരാശി നേരിടുന്ന ബഹുമുഖപ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ അടങ്ങുന്ന മഹത്തായ ഒരു രചനയാണ്. ഗാന്ധിയുടെ ധാർമ്മികസംഘർഷം ഏതു കാലഘട്ടത്തിലും പ്രസക്തമാണെന്ന് ഈ ഗ്രന്ഥം തെളിയിക്കുന്നു. ഗാന്ധിജിയെ പുതിയ കാലത്തിൽ വീണ്ടെടുക്കേണ്ടതിന്റെ അനിവാര്യതയിലേക്ക് ഹിന്ദ് സ്വരാജിന്റെ പുനർവായന നമ്മെ നയിക്കുന്നു.


നിത്യ നായർ
1st CME



# പ്രണയം


എന്താണ് പ്രണയം ?
വെറുപ്പിന്റെ കനലുകൾ
മൂടിക്കിടക്കുന്ന
സ്വാർത്ഥമോഹത്തിൻ ചാരം
കണക്കേ,
ചീഞ്ഞളിഞ്ഞ് ദുർഗന്ധം
വമിക്കുന്ന,
ചേതസ്സറ്റൊരു ജഡം
കണക്കേ,
അന്ധകാരം ഭരിക്കുമീ
മനസ്സിന്റെ
കടിഞ്ഞാണറ്റ ചിന്ത തൻ
ഭ്രമമോ ?
സത്യമോ മിഥ്യയോ അടുക്കാൻ
കൊതിക്കാത്ത
യാഥാർത്ഥ്യമെന്നൊന്ന് തൊട്ട്
തീണ്ടാത്ത
മൂന്നക്ഷരത്തിൻ വൈരൂപ്യം
"പ്രണയം"!





ഹരിശങ്കർ ആർ.
II B.Sc.Chemistry

# കലാകേരളത്തിന്റെ കഥാനായകൻ



നെഞ്ഞത്താത്ത വിഭൂതി, ഭൂതിയണിയും കാവ്യങ്ങളും
കൈമലർ-
ത്തുമ്പിൽ ചെമ്പട ചെമ്പയും, ചിത്രമെഴും
പഞ്ചാരി മേളങ്ങളും
ചുണ്ടിൽ സ്രഗ്ദ്ധര, മാലിനീ മധുരവും കൊണ്ടാ
കലാമണ്ഡല-
ത്തുമ്പിൽ തഞ്ചിനകേശവന്റെ ചടുലച്ചുണ്ട
നമിക്കുന്നു ഞാൻ

കലയുടെ നാനാവതാരങ്ങൾ ഒരാളിൽ ദർശിക്കുവാൻ സാധിക്കുക എന്നത് അനന്യസാധാരണമാണ്. കേരളത്തിലെ കഥകളിമേള വിദഗ്ധരിൽ പ്രഥമഗണനീയൻ, കളരിയാശാൻ, ആട്ടക്കഥാകൃത്ത്, തായമ്പകക്കാരൻ, കവി, കഥാകാരൻ, അക്ഷരശ്ലോക പണ്ഡിതൻ, ബാലസാഹിത്യ രചയിതാവ്, ഉപന്യാസകാരൻ, സിനിമാ-സീരിയൽ അഭിനേതാവ്, പ്രാസംഗികൻ, ഗായകൻ തുടങ്ങി കലയുടെ സമസ്ത മേഖലകളിലും സ്വന്തം കൈയൊപ്പുള്ള വ്യക്തി പ്രഭാവമായിരുന്നു കലാമണ്ഡലം കേശവൻ. നൈസർഗ്ഗികമായ വാസനാവിശേഷത്തെ സ്വന്തം കർമ്മശേഷികൊണ്ട് സഫലീകരിച്ച മഹാനായ ആ വ്യക്തിയുടെ പ്രതിഭ കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ അനശ്വരമായി നിലനിൽക്കുമെന്നതിൽ സംശയമില്ല.

കേരളത്തിലെ എണ്ണം പറഞ്ഞ കഥകളിമേളക്കാരിൽ പ്രഥമസ്ഥാനീയനായിരുന്നു കേശവേട്ടൻ. ആട്ടക്കഥകളിലുള്ള അവഗാഹം മറ്റുള്ള മേളക്കാരിൽ നിന്ന് അദ്ദേഹത്തെ വ്യത്യസ്ഥനാക്കി. കഥയറിഞ്ഞുള്ള ആ മേളക്കൊഴുപ്പിന്റെ മുഴക്കവും സൗന്ദര്യവും, കേരളം വിട്ട് ആംഗല ദേശങ്ങളിലും അലയൊലിച്ചു. അന്തിമ നാളുകളിലും ശിഷ്യർക്ക് മേളത്തിന്റെ പാഠങ്ങൾ പകർന്നു നൽകുന്നതിൽ വ്യാപൃതനായിരുന്നുവെന്നത് കലയോടുള്ള അദ്ദേഹത്തിന്റെ അഭിനിവേശത്തിന്റെയും, ആത്മാർത്ഥതയുടേയും നിദർശനമാണ്.

സാഹിത്യ രചനയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിത്വമാണ് ശ്രീ കലാമണ്ഡലം കേശവന്റേത്. ശാകുന്തളം, രഘുവിജയം തുടങ്ങിയ 12 ആട്ടക്കഥകൾ, ഇരുപതോളം നൃത്ത ഗീതികൾ, കാർക്കോടകൻ, മേളം, ഇടയ്ക്കയുടെ ദുഃഖം തുടങ്ങിയ കവിതാ സമാഹാരങ്ങൾ എന്നിങ്ങനെമുപ്പതോളം ഗ്രന്ഥങ്ങൾ കാവ്യരചനയിലെ പൊൻതൂവലുകളാണ്. ഭാഷയുടെയും, ഭാവനയുടെയും എല്ലാ സാധ്യതകളേയും കോർത്തിണക്കിയ ഉദാത്തസൃഷ്ടികളാണ് ഇവയെല്ലാം. കഥകളിയുടെ സമസ്ത മേഖലകളേയും തൊട്ടറിഞ്ഞ അദ്ദേഹത്തിന് ഭാഷയും, താളവും, ഈണവും, 'കരതലാമലകം' പോലെയാണ്.

കേരളത്തിന്റെ പാരമ്പര്യകലയായ 'അക്ഷരശ്ലോകത്തിന്' അദ്ദേഹം നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. 'പീലിക്കണ്ണുകൾ' എന്ന ഒറ്റ ഗ്രന്ഥം മതി അക്ഷരശ്ലോക കുതുകികൾക്ക് അദ്ദേഹത്തോട് കടപ്പെടുവാൻ. സ്രഗ്ദ്ധര, ശാർദ്ദൂല വിക്രീഡിതം, പഞ്ചാമരം, കുസുമമഞ്ജരി, വസന്തതിലകം തുടങ്ങിയ സംസ്കൃത വൃത്തങ്ങളിലുള്ള ധാരാളം ശ്ലോകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ചെണ്ടക്കോലു പോലെ, പേനത്തണ്ടും തന്റെ കൈയിൽ ഇണങ്ങി നിൽക്കും എന്നദ്ദേഹം തെളിയിച്ചു.

പാരമ്പര്യ കലകളിൽ മാത്രമല്ല, ദൃശ്യമാധ്യമരംഗങ്ങളിലും, ആ പ്രതിഭയുടെ സ്പർശം ദൃശ്യമായിരുന്നു. ഈടുറ്റതും ജനഹൃദയങ്ങളിൽ മായാതെ നിൽക്കുന്നതുമായ ഒരുപിടി സിനിമാ-സീരിയലുകൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. 'കഥാനായകൻ' എന്ന സിനിമയിലെ പയ്യാരത്ത് പത്മനാഭൻനായർ എന്ന കഥാപാത്രം ഇരുത്തം വന്ന ഒരു അഭിനേതാവിന്റെ മികവോടുകൂടിയാണ് അദ്ദേഹം കാഴ്ച വെച്ചത്. തുടർന്ന് വാനപ്രസ്ഥം, മാറാട്ടം, സാഫല്യം തുടങ്ങി നിരവധി സിനിമകളിലും, സീരിയലുകളിലും, ആ അഭിനയത്തികവ് നമുക്ക് കാണുവാൻ സാധിച്ചിട്ടുണ്ട്. ഒരാചാര്യൻ, കവി, അഭിനേതാവ്, എന്നതിലുപരി സരസനും, സഹൃദയനും, സമാരാധ്യനും, വിനയാന്വിതനുമായ ഒരു മഹാവ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം.

ശ്രീ കലാമണ്ഡലം കേശവൻ 1936 മെയ് 18-ാം തീയതി പാലക്കാട് ജില്ലയിലെ പെരിങ്ങോട് ഗ്രാമത്തിൽ കുറുങ്കാട്ടു മനയ്ക്കൽ വാമനൻ നമ്പൂതിരിയുടെയും, നീട്ടിയത്തു ജാനകിയമ്മയുടെയും പുത്രനായി ജനിച്ചു. 9-ാം വയസ്സു മുതൽ അമ്മാവനായ നീട്ടിയത്തു ഗോവിന്ദൻ നായരുടെ കീഴിൽ തായമ്പക മേളം അഭ്യസിച്ചു. മൂത്തമനകേശവൻ നമ്പൂതിരി, കലാമണ്ഡലം കൃഷ്ണൻ കുട്ടി പൊതുവാൾ, അച്ചുണ്ണി പൊതുവാൾ എന്നിവരുടെ കീഴിലാണ് കഥകളിമേളം അഭ്യസിച്ചത്. ചുനങ്ങാട് കലാസദനം. തൃപ്പൂണിത്തുറ ആർ.എൽ.വി. സ്കൂൾ എന്നിവിടങ്ങളിൽ മാറി മാറി ജോലി ചെയ്ത അദ്ദേഹം അദ്ധ്യാപകവൃത്തിയിലും തന്റെ കഴിവ് തെളിയിച്ചു. 1963 മുതൽ 1994 വരെ എഫ്.എ.സി.ടി. കഥകളി സ്കൂളിൽ സ്ഥിരമായി അദ്ധ്യാപകവൃത്തിയിലേർപ്പെട്ടു. നിലയങ്ങോട്ട് പാർവ്വതിയാണ് അദ്ദേഹത്തിന്റെ സഹധർമ്മിണി. സാംസ്കാരിക കേരളത്തിന് സമരാധ്യനായ കലാമണ്ഡലം കേശവൻ എന്ന സൂര്യതേജസ്സ് 2009 ഏപ്രിൽ 25 ന് കലാരംഗത്തെയാകെ കണ്ണീരിലാഴ്ത്തിക്കൊണ്ട് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

കേരളത്തിലെ വിവിധ സാംസ്കാരിക സംഘടനകളിൽ നിന്ന് അനേകം പുരസ്കാരങ്ങൾ അദ്ദേഹത്തെത്തേടിയെത്തിയിട്ടുണ്ട്. കേരള സംഗീത നാടക അക്കാദമി, കേരള സാഹിത്യ അക്കാദമി തുടങ്ങി കേരളത്തിലെ അനേകം സംഘടനകൾ അദ്ദേഹത്തിന് അവാർഡുകൾ നൽകി ആദരിച്ചിട്ടുണ്ട്. കൂടുതൽ അവാർഡുകൾ രേഖപ്പെടുത്താൻ വിസ്തരഭയം കൊണ്ട് ഞാൻ മുതിരുന്നില്ല.


തൊട്ടതെല്ലാം പൊന്നാക്കിയ ഈ ബഹുമുഖ പ്രതിഭയെ രാജ്യത്തിന്റെ അംഗീകാരങ്ങളായ പത്മശ്രീ, പത്മഭൂഷൺ മുതലായ പുരസ്കാരങ്ങൾ നൽകി അംഗീകരിച്ചില്ല എന്ന ദുഃഖജനകമായ വസ്തുത ഇപ്പോഴുമവശേഷിക്കുന്നു എന്നിരുന്നാൽതന്നെയും കലാ-കൈരളിയുടെ സ്മൃതിപഥങ്ങളിൽ ശുഭ്രതാരകമായി അദ്ദേഹം ചിരകാലം വിളങ്ങുകതന്നെ ചെയ്യും. കാലയവനികയ്ക്കുള്ളിൽ അന്തർധാനം ചെയ്ത അദ്ദേഹത്തിന്റെ പാദാരവിന്ദങ്ങളിൽ നമുക്ക് വിനീതമായ പ്രണാമങ്ങൾ അർപ്പിയ്ക്കാം.

ആതിര മുരളീധരൻ
I B.Sc. Botany



# പ്രതീക്ഷ

മുറ്റത്തെ തൈമാവിൻ ചോട്ടിലായ് നിന്നാരോ
നീട്ടി വിളിക്കുന്നു കനിവിനായി
ഓടിച്ചെന്നു ഞാൻ ഉമ്മറത്തണയവേ
പ്രതീക്ഷയോടെന്നെയവൾ നോക്കിടുന്നു.
ഉമ്മറപ്പടിചാരി നിൽക്കുമെൻ കൈകളിൽ
സ്നേഹമല്ലാതൊന്നുമില്ല നൽകാൻ
കണ്ടാലെന്നുടെ പ്രായം വരുന്നവൾ,ക്കെങ്ങനെ
ഈ ഗതി വന്നു കൂടി ?
കീറിത്തുടങ്ങിയ കുഞ്ഞുടുപ്പും പാറിപ്പറന്ന
തലമുടിയും, കണ്ണീർക്കിനിയുന്ന കൺകളു
മായവൾ നീട്ടുന്നു കരങ്ങളെന്റെ നേർക്ക്
അമ്മതൻ കൈയ്യാലേകിയ ചോറവൾ
വാരി വലിച്ചു തിന്നാർത്തിയോടെ
എൻ കുഞ്ഞുടുപ്പുകളവൾക്കായി നീട്ടുമ്പോൾ
ഓർത്തതു ഞാനെന്റെ ബാല്യകാലം
നന്ദിയോടെന്നെ നോക്കുന്നൊരാ കൺകൾ,
നീരുറവ തന്നിലെ നെയ്യാമ്പലോ ?
ഒരുവാക്കുപോലും ഉരിയാടാനാവാതെ
പകച്ചുകൊണ്ടന്നുഞാൻ നിന്നീടവേ
ശിരസ്സിൽ തലോടിക്കടന്നുപോം കാറ്റിലെൻ
ദേവസാന്നിദ്ധ്യം അറിയുന്നു ഞാൻ
പടിപ്പുരവരെയവൾതൻ കൂടെ നടക്കേ
ഓർത്തു ഞാൻ "നാളെയിവൾ തൻ ഭാവിയെന്ത്" ?
കുഞ്ഞുവയറിന്നു ഭോജനം കിട്ടാതെയാ
പൂമേനി വാടിത്തളർന്നിടുമോ, അതോ
മാംസത്തിനായികടിപിടികൂടുന്ന ചെന്നായ്ക്കൾക്കിരയായി
തീർന്നീടുമോ ?



*ഒരു ചാൺ വയറിനായ്*
*ഇരുട്ടിന്റെ മറവിൽ അഭയം*
*തേടുന്ന തെരുവിലെ*
*സഹോദരങ്ങൾക്ക്*

Arathi K.P.
II. B.Sc Botany




# Still I Need You

I know I must have hurt you
Caused you pain;
More I know that I have lost your trust.
I wish I had that moment back again
To pulverize my carelessness and lust
Sometimes we have to lose what we most cherish
To understand how much we are in need
We play with life until we nearly perish
And dare the darkness, though with a need.

I need you as the morning sky who awaits the sun
To reflect its empty radiance and glory
Or as a river that needs an ocean
To lose herself into and to stay together as one.
In know my need for you more than before
Thus for my trespass you may trust me more

# മഹാഗണി തണലിൽ

അഷ്റഫ് വി.കെ.
III B.Sc. Chemistry



100 വർഷത്തോളം പഴക്കമുള്ള മഹാഗണി മുത്തശ്ശിമാരുടെ തലോടൽ കൊണ്ടോ, പരിപാലനം കൊണ്ടോ, തുടിപ്പ് കൊണ്ടോ വിദ്യവിളയുന്ന ഈ അങ്കണം മഹാഗണി മുത്തശ്ശിമാരുടെ വിരിമാറായിട്ടാണ് അറിയപ്പെടുന്നത്. (യൂസിയൻ മഹാഗണി തോട്ടം)

യൂസിയൻ മഹാഗണി തണലിൽ ഇരിക്കുമ്പോൾ ഇവിടെയിരുന്ന് കൂട്ട് കൂടുമ്പോൾ, കുസൃതികൾ കാണിക്കുമ്പോൾ, ചിരിക്കുമ്പോൾ, വേദനകൾ പങ്കിടുമ്പോൾ, നാം ഓർമ്മിക്കുന്നുണ്ടോ ഈ തണൽ ഒരിക്കൽ നമുക്ക് മുമ്പിൽ മറ്റാർക്കോ വേണ്ടി വഴിമാറുമെന്ന്. അല്ല, നാം മറ്റാർക്കോ വേണ്ടി വഴിമാറികൊടുക്കേണ്ടിവരുമെന്ന്. നാം ഒരിക്കലും ഓർക്കാൻ ആഗ്രഹിക്കാത്ത ഒന്ന്.

പല പല മഹാൻമാരുടെയും, മഹതികളുടെയും ആത്മാക്കൾ അന്തിയുറങ്ങുന്ന ലൈബ്രറി അമ്മ എന്നെ നോക്കി വിഷാദഭാവത്തിൽ എന്നോടു പറയുന്നതു പോലെ എനിക്കു തോന്നുന്നു. ഒരു പിടി നല്ല ഓർമ്മകൾ സമ്മാനിച്ച്, നല്ല കൂട്ടുകാരെ സംഭാവനചെയ്ത് നീയും ഈ അമ്മയോട് വിടവാങ്ങുകയാണോ ? എന്റെ കണ്ണുകൾ നിറയുന്നു. തൊണ്ട ഇടറുന്നു. പിന്നെ പിന്നെ എന്തൊക്കെയോ.......

നല്ല നല്ല കലാകാരന്മാരെ സൃഷ്ടിച്ച വി.എം.എച്ച്. ഇന്ന് എനിക്ക് തീരാനഷ്ട സങ്കടം പോലെ നിലകൊള്ളുന്നു. എന്റെ എഫ്.സി, എച്ച്.സി. ഇവയെല്ലാം എന്നിൽ നിന്നും അകന്നു പോവുകയാണോ, അതോ അവർ എന്നെ അകറ്റുകയാണോ.....

കെമിസ്ട്രി ലാബിൽ ആസിഡ് ബെയ്സിനോടും, ബെയ്സ് ആസിഡിനോടും റിയാക്ട് ചെയ്യുമ്പോഴും, മറ്റ് സൊല്യൂഷനുകൾ റീയേജന്റുമായി പ്രവർത്തിക്കുമ്പോഴും എന്റെ മനസ്സ് ഞാൻ ഒരിക്കലും ആഗ്രഹിക്കാത്ത ഒന്നിനോട് മല്ലടിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ കെമിസ്ട്രി ലാബ്, ഞാൻ പഠിച്ച ഒ.സി.എൽ, പിന്നെ ഈ കോളേജിൽ ഉള്ള എല്ലാ ജീവജാലങ്ങളോടും വിടവാങ്ങാൻ ഞാൻ ഇന്ന് നിർബന്ധിതനാകുന്നു. ഇനി ഒരിക്കലും ഉദിച്ചുയരാൻ കഴിയാത്ത നമ്മുടെ ഈ സൗഹൃദം...,.....,

പിന്നെ ഈ കോളേജ് ക്യാംപസ് ജീവിതത്തിൽ പൂർത്തീകരിക്കാതെ പോയ എന്റെ പ്രണയം.......

ഇതെല്ലാം എനിക്ക് തീരാനഷ്ടംപോലെ, നല്ല ഓർമ്മകൾ എന്നിൽ അസ്തമിക്കുമ്പോഴും ഞാൻ സ്നേഹിക്കുന്നു എന്റെ സുഹൃത്തുക്കളെ, എന്റെ യു.സി.യെ......

വിങ്ങലോടെ തേങ്ങലോടെ വിടപറയുകയാണ്, ഏതോ ഒരു മായാലോകത്തു നിന്നും പടിയിറങ്ങുന്നു....

"ഓർമ്മകൾ കൂട്ടുകൂടിയ
മനസ്സിന്റെ തളിർച്ചില്ലയിൽ
നിറമുള്ള ഒരായിരം-

ഓർമ്മകൾ സമ്മാനിച്ച എന്റെ പ്രിയ കലാലയത്തിന്, മഹാഗണി തണലിന്, എന്റെ കണ്ണീരിൽ ചാലിച്ച നന്ദി, നന്ദി,.....

Hima Chandran
D2 Physics



# A MATHEMATICAL Love Letter

*A Mathematician's love letter,*
*D- Morgan's law, Binomial Avenue,*
*United States of Matrices*

My dear love,

Yesterday, I was passing by your rectangular house when I saw you circular face, conical eyes, standing in your triangular garden. Before seeing you, my heart was a null set, but when a vector of magnitude from your eyes at a deviation of the taradians made a tangent to my heart, it differentiated. My love for you is a quadratic equation with real roots; which only you can solve by making a good binary relation with me. The cosine of my love to you extends to infinity. I promise that I should not resolve you into partial functions but if I do so, you can integrate me by applying the limits from zero to infinity.


You are as essential to me as an element to a set. The geometry of my life revolves around your acute personality. My love, if you do not meet me at Parabola Restaurant on date 10 at sunset; when the sun is making an angle of 100 degree's my heart would be like a solved polynomial of degree 10 with love from your higher derivative of maxima and minima of an unknown function.

Yours ever loving
Hima Chandran

ഫർസാന പി.
II B.A. Psychology

# വീണ്ടും നിളേ....

എന്റെ പകലിരവുകൾക്കിടയിലെ
നിത്യകാഴ്ചയാണു നീ
മുറിഞ്ഞ വാക്കുകൾക്കിടയിൽ,
ഓർമ്മിക്കപ്പെടാത്ത മുഖങ്ങൾക്കിടയിൽ,
ഓരോ ട്രെയിൻ യാത്രകളിലും
ഞാൻ തേടുന്ന പുറംകാഴ്ചകളിൽ
നിത്യവും നീയാണ്
വരണ്ടുണങ്ങി നീർച്ചാലായ നീ.....
നിശ്ശബ്ദമായ ഓളങ്ങൾക്കിന്ന്
പൊഴിക്കാൻ പുഞ്ചിരിയില്ല
ചിത്രം വരയ്ക്കാൻ നിന്നരികിൽ
മണൽത്തരികളില്ല....
തോഴിമാരായ് നിന്നെ ചൂടാൻ
പച്ചപ്പുമില്ല.....
അന്നു നീ,
കൊലുസണിഞ്ഞ് നൃത്തമാടിയതും
നൃത്തച്ചുവടുകൾ കവിതകളായതും
ഒളിഞ്ഞിരിക്കുന്ന സൂര്യനുമായി
നിന്റെ കാമുകനിൽ
നീ പതഞ്ഞലിഞ്ഞതും
എന്നാൽ,
ഇന്നെല്ലാം നിശ്ശബ്ദം
ഞെട്ടിയുണർന്നപ്പോൾ മുറിഞ്ഞ
സ്വപ്നം പോലെ വീണ്ടും
മൗനമായ് നീ ഒഴുകുന്നു
നിന്നിൽ നിറയുന്നു
ഒടുവിൽ പതയുന്നു
നുരയുന്നു വീണ്ടും
ഒരോർമ്മയായി.......





രഞ്ജിനി ടി.ജി.
II B.A. Economics



# മുഖംമൂടി

നിന്റെ മുഖത്തിന് ചന്തമില്ല!

രാത്രിയുടെ നിശ്ശബ്ദതയെ കീറിമുറിച്ചുകൊണ്ട് നീരജയുടെ ശബ്ദം ആർത്തലയ്ക്കുന്നു. ക്രൂരമായ മുറിപ്പെടുത്തൽ നൂറ് വാട്ട് ബൾബിന്റെ വെളിച്ചത്തിൽ കണ്ണാടിയിൽ നോക്കിക്കൊണ്ടിരുന്ന നന്ദന് തന്റെ മുഖത്ത് വിള്ളൽ വീണിരിക്കുന്നതായിതോന്നി.

രണ്ടുവർഷമായി മനസ്സിൽ സ്വരുക്കൂട്ടിയ സ്നേഹം ചൂടുപോകാതെ കാത്ത്, നീരജയ്ക്കു മുന്നിൽ ഹൃദയം തുറന്നപ്പോൾ, അവൾ തനിക്ക് ഭംഗി പോരെന്ന് പറഞ്ഞൊഴിഞ്ഞു. വിണ്ടു കീറിയ മുഖത്ത് പൊടിഞ്ഞ ചോര മുറിവുകളിൽ പറ്റി മുഖത്തിന് വികൃതരൂപം നൽകുന്നു.

ഈ മുഖമിപ്പോൾ തെയ്യക്കോലങ്ങളുടേതു പോലെയാണോ ? അതോ കഴിഞ്ഞയാഴ്ച കണ്ട ഹോളിവുഡ് സിനിമയിലെ ഗോസ്റ്റിന്റേതുപോലെയോ?

മുഖവും ഹൃദയവും വല്ലാത്തൊരു നീറ്റലാൽ പുളയുന്നു. നന്ദൻ കണ്ണാടിയിൽ നിന്നും തിരിഞ്ഞുനിന്നു.

ഞാനീ മുഖമിനിയെന്തു ചെയ്യും. നന്ദൻ ഉച്ചത്തിൽ വിലപിച്ചു. ചുവരുകളിൽ തലകൊണ്ടടിച്ചു. പിന്നെ മുഖമമർത്തി കരഞ്ഞു. കരഞ്ഞു തളർന്നിരുന്ന നന്ദന് ഒരാശയം തോന്നി. ഒരു...ഒരു മുഖം മൂടി അണിഞ്ഞാലെന്താണ്. മുഖംമൂടി.....അത് നല്ലതാണ്. പക്ഷേ ഒരെണ്ണം പോര. കുറേ വേണം. ഫുട്ബോൾ മൈതാനത്ത് ഒന്ന്, ക്രിക്കറ്റ് കളിക്കുമ്പോൾ മറ്റൊന്ന്, ഫിസിക്സ് ക്ലാസ്സിൽ ഒന്ന്, മലയാളം ക്ലാസ്സിൽ മറ്റൊന്ന്. അങ്ങനെകുറേ മുഖംമൂടികൾ നീരജയുടെ മുന്നിൽ മുഖംമൂടിയണിഞ്ഞ് ചെല്ലുന്നത് അവൻ സങ്കല്പിച്ചുനോക്കി. അവൾക്ക് തന്നെ തീർച്ചയായും ഇഷ്ടമാകും. അവൻ പുഞ്ചിരിച്ചു പിന്നെപ്പിന്നെ അതു പൊട്ടിച്ചിരിയായി.

പിറ്റേന്ന് ഫുട്ബോൾ കളിക്കുന്ന തന്റെ കൂട്ടുകാരുടെ അടുത്ത് പെലെയുടെ മുഖം മൂടി അണിഞ്ഞ് അയാൾ ചെന്നു. അർജന്റീനയുടെ ജേഴ്സിയിട്ട കൂട്ടുകാർ അവനെനോക്കി. അവർ തമ്മിൽ എന്തൊക്കെയോ പറഞ്ഞു. പിന്നീട് കളിക്കാൻ തുടങ്ങി. നന്ദന് അത്ഭുതം തോന്നി. ഫുട്ബോൾ കളിക്കുന്ന ഇവർ പെലെയെ അല്ല....നന്ദനിലെ പെലെയെക്കണ്ടിട്ട് തന്നെ ആശ്ലേഷിക്കാത്തതെന്താണ്. നന്ദൻ ഒരന്തവും കുന്തവുമില്ലാതെ നിൽക്കുമ്പോൾ ഒരുവൻ വലിയൊരു പോസ്റ്ററുമായി വന്നു. കളിക്കാരെല്ലാം വന്നവനെവളഞ്ഞു. ഓരോരുത്തരും ചിത്രം സ്വന്തമാക്കാൻ തിരക്കുകൂട്ടി. നന്ദൻ ആൾക്കൂട്ടത്തിലേക്കെത്തിനോക്കി. ആളെ മനസ്സിലായില്ല. ചുവന്ന് തക്കാളിപോലെ വീർത്ത മുഖം, ചുരുണ്ടമുടി, ഒറ്റക്കാതിൽ കമ്മൽ. ജേഴ്സി തന്റെ കൂട്ടുകാരുടേതുപോലെ തന്നെ നന്ദൻ പേരു വായിച്ചു. "മറഡോണ"

ആൾക്കൂട്ടത്തിൽ നിന്ന് നിഖിൽ പോസ്റ്ററുമായി സന്തോഷത്തോടെ നടന്നകന്നു.

ആൾക്കൂട്ടം പിരിഞ്ഞപ്പോഴുണ്ടായ തിരക്കിൽ പെലെയുടെ മുഖത്ത് ഒരു കിഴുക്കും കാലിൽ ഒരു ചവിട്ടും കിട്ടി. ഗ്രൗണ്ടിൽ നിന്ന് എല്ലാവരും ഒഴിഞ്ഞു. പെലെയുടെ മുന്നിൽ ആളൊഴിഞ്ഞ ഗോൾപോസ്റ്റ് വായ പൊളിച്ചു നിന്നു. പക്ഷേ അടിക്കാൻ പന്തുണ്ടായിരുന്നില്ല.

ഗ്രൗണ്ടിൽ നിന്ന് നന്ദൻ ഫിസിക്സ് ക്ലാസ്സിലേക്ക് നടന്നു. നരച്ചതാടിയും മുടിയും, കുഴിഞ്ഞു തിളങ്ങുന്ന ഐൻസ്റ്റീന്റെ കണ്ണുകളുമായി ക്ലാസ്സിൽ കയറാൻ തുനിഞ്ഞപ്പോൾ അദ്ധ്യാപകൻ തടഞ്ഞു. അദ്ദേഹം ആജ്ഞാപിച്ചു. പോകൂ.... നിങ്ങൾക്കീ ക്ലാസ്സ്മുറികൾ ആവശ്യമില്ല. പുതിയതെന്തെങ്കിലും കണ്ടു പിടിക്കൂ. പുസ്തകങ്ങൾ എഴുതൂ. ഞാനവയെല്ലാം പഠിപ്പിക്കാം. 'ഇയാൾക്ക് വേറെ പണിയൊന്നുമില്ലേ.'

കുട്ടികൾ പിറുപിറുത്തു

നന്ദൻ തിരിഞ്ഞുനടന്നപ്പോൾ അദ്ധ്യാപകൻ രജിസ്റ്റർ നോക്കി നന്ദന്റെ പേരു വിളിച്ചു. പ്രതികരണമില്ലാതായപ്പോൾ ആബ്സന്റാണെന്ന് വിധിച്ച് ഒപ്പുവച്ചു.

മലയാളം ക്ലാസ്സിലേക്ക് നടക്കാനൊരുങ്ങിയപ്പോഴാണ് താൻ ഐൻസ്റ്റീന്റെ മുഖംമൂടി മാറ്റിയിട്ടില്ലല്ലോ എന്ന് നന്ദനോർത്തത്. അവൻ ബാഗിൽ തിരയാൻ തുടങ്ങി. ഇവിടെയിനി ആരുടെ മുഖംമൂടിയണിയും ? അവൻ സംശയത്തിലായി.

നന്ദൻ മുഖംമൂടികൾ മാറി മാറി അണിഞ്ഞു. മാധവിക്കുട്ടിയാകണോ ? എം.ടി., വിജയൻ, ആനന്ദ്, ആരാകണം. നന്ദന്റെ ചുറ്റും മുഖം മൂടികൾ നിറഞ്ഞു. അപ്പോഴൊന്നും ആരും ആ വഴി പോകാത്തതുകൊണ്ട് ഈ മുഖംമൂടികളികൾ വാർത്തയായില്ല. ആരെങ്കിലും വന്നാൽത്തന്നെ, തന്നെയാരാണ് മനസ്സിലാക്കുക. താൻ നിൽക്കുന്ന ഈ മൂലയിൽ നിറയെ ഇരുട്ടാണ്. ആർക്കും ഇവിടെയൊന്നും കണ്ടെത്താൻ കഴിയില്ല. മുറ്റത്തെ പരന്നു തെളിഞ്ഞ വെയിലിലും ഇരുണ്ട കനത്ത കറുത്ത പുക, കുമിഞ്ഞുകൂടിയതുപോലെ ഇരുട്ട്, വായു കടക്കാത്ത, ശബ്ദമില്ലാത്ത, തണുപ്പോ ചൂടോ ഒന്നുമില്ലാത്ത ചടുല നിശ്വാസങ്ങൾ നിറഞ്ഞ ഇരുട്ട്. ഇവിടെ തന്റെ മുഖം ആരു കാണാനാണ് ?

തിരഞ്ഞു തിരഞ്ഞ് ഇനി തിരയാനൊന്നുമില്ലാതെ ബാഗ് ഒഴിഞ്ഞിരുന്നു. മുഖം മൂടി വയ്ക്കാതെ ക്ലാസ്സിൽ പോകാൻ വയ്യ.

വേണ്ട.....ഒന്നും വേണ്ട എല്ലാം തുലയട്ടെ.

പ്രാകിക്കൊണ്ട് നന്ദൻ തറയിലിരുന്നു. അയാളുടെ ചുറ്റിലും മുഖംമൂടികൾ ചിതറിക്കിടന്നു. അവ കൺകുഴികളിലൂടെ പരസ്പരം നോക്കി. കാഴ്ചയില്ലാത്ത വെറും നോട്ടം. പിന്നെ ഇല്ലാത്ത പല്ലുകളുപയോഗിച്ച് ഇളിച്ചു.

കുറേ നേരമായി അനങ്ങാതിരുന്ന നന്ദന് നീരജയെ കാണണമെന്ന് തോന്നി. ഇനിയേതു മുഖംമൂടി അണിയും ?

അവളുടെ ഇഷ്ടസിനിമാതാരങ്ങളുടെ മുഖംമൂടികൾ അയാൾ തിരഞ്ഞു. പക്ഷേ അയാളെ സംശയത്തിന്റെ നിഴൽ വീണ്ടും വളഞ്ഞു.

ഹോളിവുഡ്, ബോളിവുഡ്, കോളിവുഡ്, വോളിവുഡ് ഏതാണ് വേണ്ടത്. നന്ദന്റെ സംശയങ്ങൾ ഒരിക്കലും തീരുന്നില്ല. അപ്പോഴാണ് നീരജ ആ വഴി വന്നത്.

നീരജേ.....

നന്ദൻ ഇരുട്ടിലിരുന്ന് വിളിച്ചു.

അവൾ കേട്ടില്ല. പെട്ടെന്ന് നിഖിലിന്റെ കരിസ്മ ബൈക്ക് അവളുടെ മുന്നിൽ വന്നു നിന്നു.

നന്ദൻ ഒളിഞ്ഞു നോക്കുമ്പോഴേയ്ക്കും നീരജ ബൈക്കിലിരുന്നു കഴിഞ്ഞിരുന്നു.

ബൈക്ക് പറന്നുപോയി.

നന്ദന്റെ ഒരു ദിവസം കൂടി അങ്ങനെ കഴിഞ്ഞുപോയിരിക്കുന്നു. ആരവങ്ങളില്ലാതെ തിരിച്ചുപിടിക്കാൻ കഴിയാതെ അവൻ മുഖംമൂടികൾ പെറുക്കിക്കൂട്ടി ബാഗിലിട്ടു. പുറത്തെ ഭാരം കാരണം അവന് വേഗത്തിൽ നടക്കാൻ കഴിഞ്ഞില്ല. താനൊരു ഉഴവുകാളയാണെന്ന് അവന് തോന്നി. അവൻ വേച്ചുവേച്ച് നടന്നു.

വീട്ടിലെത്തിയ നന്ദൻ ബാഗ് നിലത്തിട്ടു. എന്നിട്ടും നിവർന്നുനിൽക്കാൻ അവന് കഴിഞ്ഞില്ല. കൈവെള്ളയിൽ നിറയെ വെള്ളമെടുത്ത് മുഖത്തൊഴിച്ചപ്പോൾ ഇന്നലത്തേതു പോലെ നീറാത്തതിൽ അവന് അത്ഭുതം തോന്നി. കണ്ണാടിയിൽ നോക്കിയപ്പോൾ അവൻ പകച്ചുപോയി.

നന്ദന്റെ മുഖം.... അത്...ആ ചുണ്ടും കണ്ണും മൂക്കും പുരികക്കൊടികളും എല്ലാം മാഞ്ഞു പോയിരിക്കുന്നു. കൺകുഴിയിൽ കൃഷ്ണമണി മാത്രം.

ഭ്രാന്തു പിടിച്ചവനെപ്പോലെ അവൻ ബാഗെടുത്ത് കട്ടിലിൽവെച്ച് തന്റെ തന്നെ മുഖംമൂടി തിരഞ്ഞ് തുടങ്ങി.

അറിയാതെയെങ്ങാനും താൻ അത് ബാഗിലിട്ടോ ? മുഖം മൂടികൾ നാലുപാടും ചിതറിവീണു. ബാഗ് ശൂന്യമായി, കറുത്ത് ഇരുട്ടുമാത്രമായി അവശേഷിച്ചു.




ദിവ്യ കെ.വി.
IIB.Sc. ഫിസിക്സ്


# ഞാൻ കണ്ട പുഴ

ഇന്നലെ......
ഞാനൊരു പുഴയെ കണ്ടു
അവൾ ചിരിക്കുകയായിരുന്നു.
അവളെന്നോടു കുശലം പറഞ്ഞു
കാറ്റലകൾ അവളെ ഇക്കിളിയാക്കി
സൂര്യൻ തന്റെ കിരണമലരമ്പുകൾ
അവളിലേക്ക് തൊടുത്തുവിട്ടു.
അവൾ വെള്ളി അലുക്കുകളിട്ട്,
തരിവളക്കൊഞ്ചൽ പോൽ ഓടി നടന്നു.
മാദകപ്പൂക്കൾ അവളിൽ ഒഴുകി നടന്നു.
അവൾ അവയെ മടിത്തട്ടിൽ താലോലിച്ചു.
അവൾ കളകളം പാടി പൊട്ടിച്ചിരിച്ചു.
അവളെ നോക്കി ഞാനും ചിരിച്ചു.
ഇന്ന്.......
ഞാനാ പുഴയെ കണ്ടു
അവൾ കരയുകയായിരുന്നു
കാറ്റലകൾ അവളെ തൊടാൻ മടിച്ചു.
സൂര്യൻ അവൾക്കു നേരെ മുഖം തിരിച്ചു.
അവൾ കറുത്തുപോയിരുന്നു.
അവളുടെ വെള്ളി അലുക്കുകളും
കൈവളകളും കളഞ്ഞുപോയോ ?
അവൾക്കു മീതെ ശവങ്ങൾ പൊന്തി നടന്നു
അവളിൽ നിന്ന് ദുർഗന്ധം വമിച്ചു.
അവളെ ആരും തിരിഞ്ഞുനോക്കിയില്ല.
അവളെ നോക്കി അവർ മൂക്കുപൊത്തി.
അവളുടെ സ്നേഹം അവർ നിരസിച്ചു.
ഓളങ്ങൾ തടയപ്പെട്ടു.
അവളുടെ കാന്തി നിലച്ചിരുന്നു.
അവളുടെ ചിരി നഷ്ടപ്പെടുത്തിയതാര് ?
ഞാനോ ? നീയോ ? അതോ?.......
ഞാനും അവളെ നോക്കി തേങ്ങലടിച്ചു.
ഞാനറിയുന്നു നിൻ ദുഃഖം
എൻ മരതകപ്പച്ചതൻ നീർപ്രവാഹമേ....
നിനക്കു രക്ഷ നൽകാനാകാതെ ഞാൻ
ഈ പുഴയോരത്തിൽ അലയുന്നു.
പാപഭാരങ്ങൾ നിറഞ്ഞ്
വ്രണപ്പെടുന്നതിലും ഭേദം
നിനക്കു മരിക്കരുതോ ?.....

ഡോ. കെ.പി. ഉണ്ണികൃഷ്ണൻ
രസതന്ത്ര വിഭാഗം

# 2009 ശാസ്ത്രവർഷം



2009 ശാസ്ത്രവർഷമായി ലോകമെമ്പാടും ആചരിക്കുകയാണ്. അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽ സയൻസ്സസ് ആണ് ഈ ആഘോഷങ്ങൾക്കു ആഹ്വാനം ചെയ്തിട്ടുള്ളത്. ഇതുസംബന്ധമായുള്ള പ്രവർത്തനങ്ങൾക്ക് പ്രചരണം കൊടുക്കുന്നതിന്റെ ചുമതല കോഅലിഷൻ ഫോർ ദ പബ്ലിക് അണ്ടർസ്റ്റാന്റിംഗ് ഓഫ് സയൻസ് (coalition for the public understanding of science -COPUS) എന്ന സംഘടനയ്ക്കാണ്. ഈ ആഘോഷത്തിന്റെ മുദ്രാവാക്യം "ശാസ്ത്രത്തിന്റെയും അതിനു സമൂഹത്തിലുള്ള പങ്കിന്റേയും ഒരു സംവത്സരാഘോഷം" എന്നത്രേ. സെമിനാറുകൾ, പ്രഭാഷണങ്ങൾ, വിദ്യാർത്ഥികൾക്കായുള്ള മത്സരങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന പരിപാടികൾ ഇതിന്റെ വെബ്സൈറ്റിൽ ചേർത്തിട്ടുണ്ട്.





**എന്തുകൊണ്ട് 2009 ?**


2009-ാംമാണ്ട് തന്നെ ശാസ്ത്രവർഷമായി ആചരിക്കുവാൻ പല കാരണങ്ങളുണ്ട്. ഇതിൽ ഏറ്റവും പ്രസക്തമായത് യുഗപ്രഭാവനായ ചാൾസ് ഡാർവിന്റെ 200-ാം ജന്മവാർഷികം എന്നതുതന്നെ. 1809 ഫെബ്രുവരി 12നായിരുന്നു ചാൾസ് ഡാർവിന്റെ ജനനം. അതേ ദിനം തന്നെയാണ്, അമേരിക്കയിലെ നാഷണൽ അക്കാദമി ഓഫ് സയൻസസ്, ലാൻഡ് ഗ്രാൻഡ് കോളേജുകൾ എന്നിവ സ്ഥാപിച്ച എബ്രഹാം ലിങ്കന്റെ ജന്മദിനവും എന്നുള്ളത് ഈ ആഘോഷങ്ങൾക്ക് മാറ്റുകൂട്ടുന്നു. 1859 ൽ, അതായത് ഡാർവിന്റെ അമ്പതാംവയസ്സിലാണ് സമൂഹത്തെ ഏറ്റവും അധികം സ്വാധീനിച്ച ഗ്രന്ഥങ്ങളിലൊന്നായ 'Origin of species' അദ്ദേഹം പ്രസിദ്ധീകരിച്ചത്. ഈ ഉൽപ്പത്തി പുസ്തകത്തിന്റെ 150-ാം വർഷം കൂടിയാണ് 2009. പരിണാമ സിദ്ധാന്തത്തിന് ഇതുവരെ നേരിടേണ്ടിവന്ന വെല്ലുവിളികൾ മാത്രമല്ല, ആ സിദ്ധാന്തത്തിനു തന്നെയും സംഭവിച്ചിട്ടുള്ള പരിണാമങ്ങളും ചർച്ചചെയ്യപ്പെടുന്നത് സ്വാഭാവികം മാത്രം.



1609 ലായിരുന്നു ഗലീലിയോ തന്റെ ടെലസ്കോപ്പ് ആകാശത്തേക്ക് തിരിച്ചുപിടിച്ചുകൊണ്ട് അന്നത്തെ പ്രപഞ്ചസങ്കൽപ്പത്തെ തന്നെ വെല്ലുവിളിച്ചത്. അദ്ദേഹത്തിന്റെ ഗ്രന്ഥമായ 'ദി സൈഡറിയസ് നൺസിയസ്' (നക്ഷത്രങ്ങളിൽ നിന്നുള്ള സന്ദേശവാഹകർ) എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചത് 1610ലായിരുന്നു. എങ്കിലും, ഇതിനാധാരമായ നിരീക്ഷണങ്ങൾ 1609 ൽ തന്നെയാണ് നടന്നത് എന്നുള്ളത് 2009 ന് മഹത്തായ ഒരു ചരിത്രസംഭവത്തിന്റെ 400-ാം വാർഷികം എന്ന മുദ്ര ചാർത്തിക്കിട്ടുന്നു! ഇത്തരം ജൂബിലികൾ ചില കാര്യങ്ങൾ ഓർക്കാനും ചില കാര്യങ്ങൾ പൂർവ്വാധികം ശക്തമായി മുന്നോട്ട് കൊണ്ടുപോകാനുമുള്ള പ്രചോദനം നല്കുമെന്നതിൽ തർക്കമില്ല. ആധുനിക പ്രപഞ്ചവീക്ഷണത്തിനും ശാസ്ത്രീയസമീപനത്തിനും ഏറ്റവുമധികം

സംഭാവനചെയ്ത ഈ രണ്ടു മഹാപ്രതിഭകളുടെ -ചാൾസ് ഡാർവിൻ, ഗലീലിയോ-ജൂബിലി, ശാസ്ത്ര സമീപനം നാം നേരിടുന്ന വെല്ലുവിളികൾ തിരിച്ചറിയാനും ചെറുക്കാനുമുള്ള പ്രതിജ്ഞയെടുക്കാനുള്ള അവസരമായി നമുക്ക് വിനിയോഗിക്കാം. ഇതിനായി ഒത്തുചേരാൻ പുതുതലമുറയിലെ പ്രതിഭാസമ്പന്നരായ വിദ്യാർത്ഥികൾക്ക് വന്നുചേർന്നിരിക്കുന്ന അസുലഭ സന്ദർഭമാണിത്.

## എന്താണ് ശാസ്ത്രം



ശാസ്ത്രം എന്ന പദം കൊണ്ടുദ്ദേശിക്കുന്നത് ആധുനിക സയൻസിനെയാണ്. ഇന്ത്യൻ ഭാഷാപ്രയോഗത്തിൽ നിയമവൽക്കരിക്കപ്പെട്ട ചിന്താപദ്ധതികളെ ഒക്കെയും ശാസ്ത്രമെന്നു വിളിക്കാറുണ്ട്. ഗൗളിശാസ്ത്രവും, പക്ഷിശാസ്ത്രവും എല്ലാം 'ശാസ്ത്ര'മായതിങ്ങനെയാണ്. ആധുനിക ശാസ്ത്രം മാനവചരിത്രത്തിന്റെ ഭാഗമായത് ഏതാണ്ട് അഞ്ഞൂറു വർഷങ്ങൾക്കു മുമ്പ് മാത്രമാണ്. ഇതിനുമുമ്പും പ്രകൃതിയേയും പ്രപഞ്ചത്തേയും കുറിച്ച് മനുഷ്യൻ അറിവ് നേടിയിരുന്നു. ഇന്ത്യയിലും, ചീനയിലും, ഈജിപ്തിലും എല്ലാം ആവിർഭവിച്ച പ്രാചീനശാസ്ത്രം ആധുനിക ശാസ്ത്രത്തിന്റെ മുന്നോടിയായിരുന്നുവെങ്കിലും പലപ്പോഴും, അന്ധവിശ്വാസങ്ങളുമായി കെട്ടുപിണഞ്ഞുകിടക്കുകയായിരുന്നു അവ. അതുകൊണ്ടുതന്നെ ഇന്നു നാം ഇരുണ്ട യുഗം (Dark Age) എന്നുവിളിക്കുന്ന മദ്ധ്യകാലഘട്ടത്തിൽ (AD500-1500) ഇത്തരം ചിന്താപദ്ധതികൾക്ക് സ്വാഭാവിക വളർച്ചയുണ്ടായില്ല. മദ്ധ്യകാലഘട്ടത്തെ മഹാമാരികളാകാം സ്വതന്ത്രചിന്തക്കും നവോത്ഥാനത്തിനും വഴി തെളിച്ചത്. ഗാലന്റെ ചിന്തകളും പ്രാർത്ഥനകളും മഹാമാരികളായ വസൂരിയേയും പ്ലേഗിനേയും നേരിടാൻ പര്യാപ്തമല്ലെന്ന തിരിച്ചറിവാണ് മാമൂലുകൾക്കപ്പുറവും ചിന്തിക്കാൻ മനുഷ്യനെ പ്രേരിപ്പിച്ചത്. തുടർന്നാണ് കോപ്പർനിക്കസ്,, ഗലീലിയോ, ന്യൂട്ടൺ എന്നീ പ്രഗത്ഭൻമാർ അരങ്ങുവാണ കാലഘട്ടവും അതേ തുടർന്ന് ആധുനിക സയൻസും ജന്മമെടുത്തത്.

സയൻസിന്റെ പ്രധാനലക്ഷണമായി സുപ്രസിദ്ധശാസ്ത്ര തത്വചിന്തകനായ ഫ്രാൻസിസ് ബേക്കൺ കാണുന്നത് അനുഭവങ്ങളിലൂടെ വിജ്ഞാനം നേടുന്ന പ്രക്രിയയെ ആണ്. അനുഭവസിദ്ധാന്തം (Empiricism) എന്നാണ് അദ്ദേഹം ഇതിനെ വിശേഷിപ്പിച്ചിരിക്കുന്നത്. നിരീക്ഷണങ്ങളിൽ നിന്ന് അനുമാനിച്ചെടുക്കുന്ന പ്രാരംഭ നിഗമനങ്ങൾ (hypothesis) വെറും താൽക്കാലിക വിശദീകരണമാണ്. ഇവ ശരിയോ, തെറ്റോ എന്ന് വീണ്ടും പരിശോധനക്കു വിധേയമാക്കുന്നു. പുത്തൻ നിരീക്ഷണങ്ങൾ, പരീക്ഷണങ്ങൾ എന്നിവ വഴി മെച്ചപ്പെടുത്തിയെടുക്കുമ്പോൾ ഇവ ശാസ്ത്രസിദ്ധാന്തങ്ങളായി മാറുന്നു. (Scientific theory) ഈ ശാസ്ത്ര സിദ്ധാന്തങ്ങളും ശാശ്വതസത്യങ്ങളാകണമെന്നില്ല. വീണ്ടും പുതിയ നിരീക്ഷണ പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഇവയ്ക്ക് ഭേദഗതി വന്നുകൂടായ്കയില്ല.

അനുഭവസിദ്ധാന്തമനുസരിച്ചു മാത്രമല്ല എല്ലായ്പ്പോഴും ശാസ്ത്രജ്ഞർ പ്രവർത്തിക്കുന്നത്. ഭൗതികശാസ്ത്രത്തിന്റെ ചില മേഖലകളിൽ ഗണിതവും ഉപയോഗിക്കപ്പെടുന്നു. ഐൻസ്റ്റീൻ ഒരു സൈദ്ധാന്തിക ഭൗതിക ശാസ്ത്രജ്ഞനായിരുന്നു. അദ്ദേഹം ഗണിതത്തേയും ഒരു തരം ഡിറ്റക്ടീവ് യുക്തിയേയും കൂട്ടുപിടിച്ചാണ് ആപേക്ഷിക സിദ്ധാന്തത്തിനു രൂപം നൽകിയത്. ഇതുപ്രകാരം അതിവേഗതയുള്ള വസ്തുക്കളുടെ കാര്യത്തിൽ ന്യൂട്ടൻ ചലനനിയമങ്ങളും, വലിയ തോതിൽ ഗുരുത്വാകർഷണമുള്ളിടത്ത് ന്യൂട്ടന്റെ ഗുരുത്വാകർഷണ സിദ്ധാന്തവും പ്രയോജനകരമല്ലെന്നും കണ്ടു. സൂര്യന്റെ ഗുരുത്വാകർഷണ ശക്തി പ്രകാശരശ്മികളെ ചെറിയ തോതിൽ വളയ്ക്കുമെന്നതായിരുന്നു ആപേക്ഷിക സിദ്ധാന്തത്തിന്റെ ഒരു പ്രവചനം. 1919ൽ പൂർണ്ണ സൂര്യഗ്രഹണ സമയത്ത് ഇത് അളക്കപ്പെടുകയും (Arthur Edington), ഈ പ്രവചനം ശരിയാണെന്നു തെളിയിക്കുകയും ചെയ്തു.



ആധുനിക സയൻസ് പരസ്പരബന്ധിതമായ ഒരു പറ്റം സിദ്ധാന്തങ്ങളുടെ കൂട്ടായ്മ തന്നെയാണ്. കാലം ചെല്ലുന്തോറും സിദ്ധാന്തങ്ങളെ അസത്യവൽക്കരിക്കാനുള്ള പരീക്ഷണങ്ങളും നടക്കുന്നുണ്ടെങ്കിലും, അവ പരാജയമേറ്റു വാങ്ങുന്നതോടെ സിദ്ധാന്തങ്ങളുടെ വിശ്വാസ്യത ഉയരുകയും ചെയ്യുന്നു. ഡാർവിന്റെ Evolution by natural selection എന്ന സിദ്ധാന്തം, ജനിതകം മുതൽ മോളിക്യൂലർ ബയോളജി വരെയുള്ള ശാസ്ത്രശാഖകളാൽ പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുവരെ തെറ്റെന്നു തെളിയാത്ത അവസ്ഥ ഡാർവിൻ യുക്തിയെ കെട്ടുറപ്പുള്ളതാക്കുന്നു. ആധുനിക സയൻസിന്റെ മറ്റൊരു പ്രത്യേകത അതിന്റെ ആവർത്തനഭദ്രതയാണ്. ശാസ്ത്രപരീക്ഷണങ്ങൾ ആര് എവിടെ നടത്തി



യാലും ഒരേ ഫലം തന്നെ ഉളവാകണം എന്നതാണത്.

### ചാൾസ് ഡാർവിൻ

ലണ്ടൻ നഗരത്തിനടുത്തുള്ള ഷ്റുസ്ബറിയിലെ പ്രതാപവും സമ്പത്തും നിറഞ്ഞ ഗ്രാമീണ കുടുംബത്തിൽ 1809 ഫെബ്രുവരി 12 ന് ചാൾസ് ജനിച്ചു. ചാൾസ് റോബർട്ട് ഡാർവിൻ എന്നാണദ്ദേഹത്തിന്റെ പൂർണ്ണനാമം. പ്രശസ്ത ഡോക്ടറായിരുന്ന ഇറാസ്മസ് ഡാർവിന്റെ പുത്രൻ റോബർട്ട് വാറിംഗ് ഡാർവിൻ ആണ് അദ്ദേഹത്തിന്റെ പിതാവ്. റോബർട്ട്-സൂസന്ന ദമ്പതികളുടെ ആറുമക്കളിൽ അഞ്ചാമനായിരുന്നു ചാൾസ്. തന്റെ എട്ടാമത്തെ വയസ്സിൽ മാതാവിനെനഷ്ടപ്പെട്ട ഡാർവിൻ, മൂത്തസഹോദരങ്ങളുടെ സ്നേഹലാളനമേറ്റാണ് വളർന്നത്. ബോബി എന്ന ചെല്ലപ്പേരിൽ അറിയപ്പെട്ടിരുന്ന ചാൾസ് ചെറുപ്പത്തിലേ പല കാര്യങ്ങളും മനസ്സിലാക്കിയത് സഹോദരി കരോളിനിൽ നിന്നായിരുന്നു. പഠനത്തിൽ ഉദാസീനനായി വേട്ടയാടിയും സസ്യജാലങ്ങളെയും ജീവികളേയും ശേഖരിച്ചും കഴിഞ്ഞ ചാൾസിന് പരമ്പരാഗത തൊഴിലായ വൈദ്യവൃത്തിയിൽ തീരെ താൽപ്പര്യമുണ്ടായിരുന്നില്ല. പൗരോഹിത്യവൃത്തിക്കായി ആവശ്യമായ ബിരുദമെടുക്കുന്നതിനായി ചാൾസിനെ കേംബ്രിഡ്ജ് സർവ്വകലാശാലയുടെ കീഴിലുള്ള ക്രൈസ്റ്റ് കോളേജിൽ ചേർത്തുവെങ്കിലും പ്രകൃതിപഠനം, ഭൂഗർഭശാസ്ത്രം എന്നിവയിലായിരുന്നു ചാൾസിന്റെ മനസ്സ്. 1831 ൽ ബിരുദമെടുത്ത് പൗരോഹിത്യവൃത്തിക്ക് തയ്യാറെടുക്കുമ്പോഴാണ്, കേംബ്രിഡ്ജ് അദ്ധ്യാപകനായ ജോർജ്ജ് പീക്കോക്കിൽ നിന്നും ഒരു കത്ത് ചാൾസിനു ലഭിക്കുന്നത്. ബ്രിട്ടീഷ് നാവികസേനയുടെ നേതൃത്വത്തിൽ നടക്കുന്ന ഭൂഗർഭശാസ്ത്രപര്യവേഷണ സംഘത്തിൽ പങ്കെടുക്കുവാനുള്ള നിർദ്ദേശമടങ്ങുന്നതായിരുന്നു ആ കത്ത്. തന്റെ അഭിരുചിക്കനുസരണമായ ഈ ദൗത്യത്തിൽ പങ്കെടുക്കുവാൻ ചാൾസ് സമ്മതിക്കുകയും, 23 വയസ്സ് തികയാൻ ദിവസങ്ങൾ മാത്രം അവശേഷിക്കുമ്പോൾ, 1831 ഡിസംബർ 27 ന് ചാൾസ് HMS ബീഗിൾ എന്ന പര്യവേഷണ കപ്പലിൽ കാനറിദ്വീപസമൂഹങ്ങളെ ലക്ഷ്യമാക്കി യാത്ര തിരിച്ചു. അടച്ചുകെട്ടിയ പഠനമുറികളിൽ നിന്നും സർവ്വവിജ്ഞാനത്തിന്റേയും ഉറവിടമായ വിശാലപ്രകൃതിയിലേക്ക് അറിവും അനുഭവവും തേടിയുള്ള ചാൾസിന്റെ യാത്ര പിന്നീട് ലോകം അത്ഭുതത്തോടെ അറിഞ്ഞ പരിണാമസിദ്ധാന്തത്തിന് വഴിതെളിയിച്ചു. ബീഗിൾ യാത്രപൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തിയ ശേഷം തുടർന്നുള്ള പതിനഞ്ചുവർഷം അദ്ദേഹം എഴുതിയ പ്രബന്ധങ്ങൾ എല്ലാം തന്നെ ഭൂഗർഭശാസ്ത്രം സംബന്ധിച്ചുള്ളവയായിരുന്നു. 1859 ൽ തന്റെ അമ്പതാം വയസ്സിലാണ് ഡാർവിൻ തന്റെ കണ്ടെത്തലുകൾ 'Origin of species' എന്ന മഹത്ഗ്രന്ഥമായി പ്രസിദ്ധീകരിച്ചത്.

### 2008

ശാസ്ത്രസാങ്കേതിക രംഗത്ത് അവിസ്മരണീയമായ നേട്ടങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് 2008 കടന്നുപോയത്. സൂക്ഷ്മതലത്തിൽ കൃത്രിമ ജീവന്റെ നിർമ്മാണം മുതൽ ബാഹ്യപ്രപഞ്ചത്തിന്റെ മഹാരഹസ്യങ്ങൾ തേടുന്ന പരീക്ഷണങ്ങൾക്കായി ഒരുക്കിയ Large Hadron Collider വരെ അതീവ വിസ്തൃതമാണത്. ഒപ്പം നിത്യജീവിതത്തിലേക്ക് സഹായഹസ്തവുമായെത്തുന്ന കൊച്ചു കൊച്ചുകാര്യങ്ങൾ വേറെയും.

ഇന്ന് വിപണിയിൽ ആധിപത്യമുള്ള സിലിക്കോൺ സോളാർപാനലുകളിൽ നിന്നും വ്യത്യസ്തമായി, തീരെ കനംകുറഞ്ഞവയും നിർമ്മാണത്തിന് ചിലവുകുറഞ്ഞതുമായ നാനോ സോളാർ പാനലുകൾ തയ്യാറായിക്കൊണ്ടിരിക്കുന്നു. ലോകം നേരിടുന്ന ഊർജ്ജപ്രതിസന്ധിക്ക് ഒരളവുവരെ ഇതുപരിഹാരമായേക്കും. അടുത്ത വർഷം ഏപ്രിലിൽ വിക്ഷേപണത്തിനൊരുങ്ങുന്ന ലൂണാർ റെക്കണൈസൻസ് ഓർബിറ്ററിന്റെ നിർമ്മാണം ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. ചന്ദ്രപര്യവേഷണമാണ് ഓർബിറ്ററിന്റെ മുഖ്യ ദൗത്യം. ബഹിരാകാശത്തുനിന്ന് ഒരു സന്ദേശം ഇ-മെയിലായി ഭൂമിയിലേക്ക് അയക്കുവാൻ പാകത്തിനുള്ള പ്രോട്ടോക്കോൾ തയ്യാറായിക്കഴിഞ്ഞു. കഴിഞ്ഞ സെപ്റ്റംബറിൽ ഒരു ഉപഗ്രഹത്തിൽ നിന്ന് ഇത് വിജയകരമായി പരീക്ഷിക്കുകയും ചെയ്തു. കൂടാതെ ഇന്ത്യൻ ബഹിരാകാശ ശാസ്ത്രമേഖലയുടെ തിലകക്കുറിയായി മാറിയ 'ചാന്ദ്രയാൻ' ദൗത്യത്തിനും 2008 സാക്ഷ്യം വഹിച്ചു. ജീൻ ടെസ്റ്റിംഗ് വഴി (ജ്യോതിഷികൾ പറയുമ്പോലെ നമ്മെ പറ്റിയുള്ള വിവരങ്ങൾ അറിയുന്നതിന് ഒരു തുള്ളി ഉമിനീർ മാത്രം മതിയാകും. ഉമിനീരിൽ നിന്ന് വേർതിരിക്കപ്പെട്ട ആറുലക്ഷം ജനറ്റിൽ മാർക്കറുകൾ നിങ്ങളുടെ ജീവിതത്തിന്റെ 'ഡിജിറ്റൽ വെളിപ്പെടുത്തൽ' ആണെന്ന് ശാസ്ത്രജ്ഞർ അവകാശപ്പെടുന്നു. അൾട്രാസോണിക് സാങ്കേതിക വിദ്യയിലൂടെ നിർമ്മിച്ചെടുത്ത നീന്തൽക്കുപ്പായങ്ങൾ വിപണിയിൽ എത്തിക്കഴിഞ്ഞു. ഇങ്ങനെവ്യത്യസ്ത മേഖലകളിൽ 2008 ഉണ്ടാക്കിയ ശാസ്ത്രനേട്ടങ്ങൾ പലതാണ്. അങ്ങനെയൊരു വർഷത്തിനു ശേഷം വരുന്ന 2009 എന്തുകൊണ്ടും ശാസ്ത്രവർഷമായി കൊണ്ടാടാൻ അനുയോജ്യം തന്നെ.

Bhavya V. Nair
III[rd] B.Sc. Mathematics



# A Great Loss

One of life's precious gifts
Was my childhood itself
But I don't know
Who gave it to me-
God or my parents.
Perhaps both are the same.

I know time will flow
But not as fast as now
I know something is missing
Perhaps the innocence of my childhood days.
Love like a flood
Covered me all around.

Day by day, sound by sound.
I feel something missing
I feel the greatest loss of all
The loss of my childhood days,
So important?
But I don't know when I lost it

Perhaps when I began to think,
I lost it
Or when years passed by,
I lost it-
Like ice-cream, it melted
Like water it flowed.

I found beauty in little things
I lost that beauty too
My innocence was ever approved.
I lost that innocence too
I had freedom in all that I did
I lost that liberty too.

There is nothing beside me
Except the memories of my childhood days
I was much cared for,
I had many people around me.
Blessed am I
To have had such a beautiful childhood.

ശ്രീക്കുട്ടി എസ്.പി.
II B.A. Psychology



# ഹൃദയരാഗം

ആയിരം ഗോപികൾ ചുറ്റും കരം നീട്ടി-
യാരവത്തോടവർ യാത്രയാക്കീടവേ
ഞാനറിഞ്ഞെന്നെയാണോ നീല നേത്രങ്ങ-
ളായിരം വട്ടം തിരഞ്ഞതെന്നപ്പൊഴും

നാദം മറന്ന പൊൻ തന്ത്രികൾ ലാളിച്ചു
മാണിക്യവീണയിൽ തൻമുഖം ചായിച്ചു
ഞാനിങ്ങിരുട്ടിന്റെ തോഴി, യന്തഃപ്പുര-
കോണിലെങ്ങോ തപിച്ചേകയായ്, മൂകയായ്

യമുനാവാരിയിൽ നീങ്ങുന്ന വഞ്ചിയിൽ
യാദവാ നാമന്നുപോയതോർക്കുന്നു ഞാൻ
കൂടെയുണ്ടെങ്കിലും വേറെയും തോഴികൾ
കൂടെ ഞാൻ ചേർന്നിരിപ്പാൻ മൊഴിഞ്ഞതും

നീലകടമ്പിന്റെ ചോട്ടിൽ നിലാവിന്റെ
നീലത്തുകിൽ ചുറ്റിയങ്ങയേ തേടവേ
ചാരത്തു മൂളിയ രാക്കിളിപ്പാട്ടുനിൻ
കോലക്കുഴൽ വിളിയെന്നു ശങ്കിച്ചതും

പാലിൻ കുടങ്ങളിൽ കല്ലുകൾ പായിച്ചു
പാവം ചമഞ്ഞു നീ പിന്നാലെ വന്നതും
തൂവും നറുപാലു തോൽക്കുന്ന പുഞ്ചിരി
തൂമിഴി കോണിലൊളിപ്പിച്ചു നിന്നതും

ഇന്നലത്തെ പോലെ ഓർക്കുന്നു, ദൂരത്ത്
വൃന്ദാവനത്തിലെ വാസന്ത ലീലകൾ
രാവിന്നിരുൾ ചെപ്പിലമ്പിളിത്തൂമുത്ത്
രാഗം വിതയ്ക്കവേയെന്നിനിക്കണ്ടിടും ?

തൂവെണ്ണയുണ്ടിട്ടു പാതിയന്നെന്തിനു
തൂവൽക്കരങ്ങളാലെൻ നേർക്കു നീട്ടി
ഗോപികയ്ക്കായെന്നു ചൊല്ലിയന്നെന്തിനു
വേണുവെൻ ചുണ്ടോടടുപ്പിച്ചു തന്നു നീ ?

ഗോപാങ്കണങ്ങളെ, ഗോക്കളെ, വറ്റാത്ത
ഗോപികാരാഗം നനച്ച പൂന്തോപ്പിനെ
ചിക്കെന്നു വിസ്മരിച്ചന്യദേശം തേടി-
യൊക്കുമോ പോയിടാനങ്ങേയ്ക്കു കേശവാ

നോവുന്ന ഹൃത്തിലെ ജീവന്റെ ദാഹമായ്
നീ വന്നടുക്കുന്ന പാദ താളങ്ങളെ
നാളെയും വീശുന്ന കാറ്റിൽ തിരഞ്ഞേക്കു-
മോളം തുടിക്കും മനസ്സുമായ് മാധവാ......

ഷാരോൺ വർഗ്ഗീസ്
I B.Sc. Computer Science

# A decision Can Change your Life



ആ സർവകലാശാലയിലെ ഒരേയൊരു സുന്ദരനും, ഗ്ലാമറുള്ള (ബൈക്ക് അല്ല) ഒരേ ഒരു വ്യക്തിയും ഞാനായിരുന്നു. അങ്ങനെഞാൻ ഒരു സുപ്രഭാതത്തിൽ (ഒരു പൂവാലന്റെൻ ദിനത്തിൽ) ആ കോളേജിലെ സുന്ദരിയല്ലാത്ത ഒരു പെൺകുട്ടിക്ക് ഒരു പൂ കൊടുക്കാൻ തീരുമാനിച്ചു. (ഓ. ഞാൻ ഒരു പുലിതന്നെ).

മുടി മാത്രം ചീകാൻ കണ്ണാടി സന്ദർശിക്കാറുള്ള ഞാൻ അധികസമയം കണ്ണാടിയുടെ മുന്നിൽ നിന്നുള്ള ഒരുക്കങ്ങൾ (ചില കോപ്രായങ്ങൾ) കാണിക്കുന്നത് ആരൊക്കെയോ ശ്രദ്ധിക്കുന്നുണ്ടെന്ന് മനസ്സിലായപ്പോൾ എല്ലാം മതിയാക്കി. കാക്ക പൗഡറിട്ടാൽ കൊക്കാകില്ല എന്നൊരു കമന്റും എന്റെ ചെവിയിലേക്കെത്തി. ഞാനായതുകൊണ്ട് ക്ഷമിച്ചു. ഇത് ആ കാക്ക കേട്ടാലുള്ള ഒരവസ്ഥ....!

കോളേജിലെത്തി നെഞ്ചിടികൂടിയോന്നൊരു സംശയം. കൂടെ നിൽക്കുന്നവന്റെ നെഞ്ചത്തേക്കിടിച്ച് അത് ഞാൻ അഡ്ജസ്റ്റ് ചെയ്തു. പക്ഷേ കാല് വിറക്കുന്നതിനെന്താവഴി.....? അപ്പോഴേക്കും അവളെത്തി. ഒരു പേപ്പട്ടി എന്നെ ഓടിച്ചിടുന്ന വേഗത്തിൽ ഞാൻ അവളുടെ അടുത്തേക്കോടി (പതിയെ ചെന്നിട്ടു വേണം കാല് വിറക്കുന്നത് അവൾക്ക് മനസിലാവാൻ ! ഞാനാരാമോൻ) 99 റൺസ് എടുത്ത് നിൽക്കുന്ന സച്ചിൻ 100 അടിക്കുമോ അതോ ഔട്ടാകുമോ എന്ന് ടി.വി.യിലേയ്ക്ക് നഖവും കടിച്ച് നോക്കിയിരിക്കുന്ന ഇന്ത്യാക്കാരെപ്പോലെ (വേറെ പണിയില്ലല്ലോ) കോളേജിലെ ചിലബുജി (ബുദ്ധിജീവി)കൾ അവളുടെ കൈകളേയും എന്റെ മുഖത്തേയും മാറി മാറി നോക്കിക്കൊണ്ടിരുന്നു. 1..........അടികിട്ടി. അടികിട്ടിയോ ? കിട്ടി. അവളല്ല . പിന്നാര് ? വീണ്ടും. അതെന്തിനാ വീണ്ടും. ദേ പിന്നേം ഒന്നൂടെ കിട്ടി. ഹമ്മേ....എന്ന ശബ്ദത്തിൽ ഞാൻ ക്ലൈമാക്സെന്തന്നറിയാതെ ആ സ്ഥാപനത്തിന്റെ എപ്പിസോഡിൽ നിന്നും എണീറ്റു.

നോക്കിയപ്പോൾ അമ്മ ഒരു വടിയും ആയി നിൽക്കുന്നു. ആയുധധാരിയായ ബുഷിന്റെ മുൻപിൽ നിരായുധനായ ബിൻലാദൻ നിൽക്കുന്നതുപോലെ ആ കട്ടിലിൽ ഞാൻ ഉറക്കം തൂങ്ങിയിരുന്നു. വീണ്ടും ആ വടി എന്നെ ചുംബിക്കും മുമ്പ് (അങ്ങനെ ഫ്രീയായിട്ട് ഒരു വടി എന്നെ ഉമ്മ വയ്ക്കണ്ട) ഞാൻ കട്ടിലിൽ നിന്നെണീറ്റോടി. ഞാൻ നോക്കിയപ്പോൾ എന്റെ അരുമ സഹോദരി, പുള്ളിക്കാരി തീറ് പഠിത്തം. ഇടക്കെപ്പോഴോ എന്നെ നോക്കി നിനക്ക് ഇതു കിട്ടിയാപോരാ എന്ന രീതിയിൽ ഒരു നോട്ടം. അതും ഞാൻ ക്ഷമിച്ചു. (എന്നെ സമ്മതിക്കണം. എന്റെയൊരു ക്ഷമയേ!)

പ്രഭാതകൃത്യങ്ങൾക്ക്ശേഷം ഞാൻ ഒരു ചായക്ക് ഓർഡർ കൊടുത്തു. വേണങ്കിൽവന്നെടുത്തു കുടിക്കടൊന്ന് ആക്രോശം. ഇത്തവണയും ഞാൻ ക്ഷമിച്ചു (ഇല്ലാതെ വഴിയില്ലാശാനെ! ചായകിട്ടില്ല). കോഴി ചിക്കുന്നതു പോലെ പഠിക്കാനുള്ള ഭാഗങ്ങളെല്ലാം ഞാൻ നോക്കി. എല്ലാം പഠിച്ചില്ല എന്ന നിർവൃതിയോടെ ഞാൻ കോളേജിലേക്ക് യാത്രയായി. തിരിച്ചെത്തിയത് കത്തിജ്വലിച്ചാണ് (വയറല്ല). ചെറിയൊരു ചായക്ക് (രണ്ടരക്കുറ്റി പുട്ട്, 2 ഏത്തപ്പഴം, 2 കപ്പ് ചായ) ശേഷം ആ തീരുമാനം ഞാൻ എടുത്തു. ഇന്നും നാളെയും ഇരുന്നു പഠിച്ചിട്ടുതന്നെ കാര്യം (ക്ലാസ്സിലെ ചില കത്തികളുടെ കത്തിയും മിസ്സുമാരുടെ ഉപദേശവും ആകാം ഈ കടുത്ത തീരുമാനത്തിന്റെ ഉത്തരവാദികൾ)

ശരി. വൈകണ്ട. ഇപ്പോൾ തന്നെ തുടങ്ങിക്കളയാം. ഏതു നല്ല കാര്യം തുടങ്ങുമ്പോഴും ഒരു ടൈംടേബിൾ ഉണ്ടാക്കുന്നത് നല്ലതാണെന്ന് ഏതോ ഒരു മിസ്സ് പറഞ്ഞതായിട്ടോർക്കുന്നു. സോറി ഏതായാലും വിശദീകരിച്ച് ഒരു ടൈംടേബിൾ ഉണ്ടാക്കി. നാളെ അവധിയായതുകൊണ്ട് പുലർച്ചേ 2 മണി വരെ ഇരുന്ന് പഠിക്കാൻ തീരുമാനിച്ചു. (നടന്നതു തന്നെ) ഇതൊക്കെ കേട്ടുനിന്ന അമ്മ പുറത്തേക്കോടി. തിരിച്ചു വന്നേച്ച് പറഞ്ഞു, കാക്കകളൊന്നും മലന്ന് പറക്കുന്നില്ല

ല്ലോടെയ്? അതെന്നെ കളിയാക്കിയതാണെന്ന് മനസ്സിലാക്കാൻ അധികം ബുദ്ധിയൊന്നും വേണ്ടായിരുന്നു. (ഭാഗ്യം ഇല്ലങ്കിൽ അതും മനസ്സിലാവില്ലായിരുന്നു.) അമ്മേ.... ക്ലാസ്സിലെല്ലാർക്കും പഠിക്കാങ്കിൽ എനിക്കെന്താ ആയിക്കൂടാത്തെ ! എന്നെ ഒന്ന് പ്രോത്സാഹിപ്പിക്കമ്മേ.

ആന വാപൊളിക്കുന്നതു കണ്ട് അണ്ണാറക്കണ്ണൻ വാപൊളിച്ചിട്ട് വല്ല ഫലവും ഉണ്ടോ ? പിന്നിൽ നിന്നുള്ള കമന്റ് (അധികം താമസിക്കാതെ ഈ കമന്റുകളുടെ ഉപജ്ഞാതാവിനെ ഞാൻ കണ്ടുപിടിച്ചു.) ഇത് ഞാൻ ക്ഷമിക്കില്ല. അമ്മയും അനിയത്തിയും ആണെങ്കിലും രണ്ട് സ്ത്രീകൾ ചേർന്ന് ഒരു പുരുഷനായ എന്നെ, ഭാവിയിൽ പലതും ആയിത്തീരാനുള്ള ഒരു വ്യക്തിയെ (എന്റമ്മോ !) അവർ പുച്ഛിക്കുന്നു. അപമാനിക്കുന്നു. കളിയാക്കുന്നു. ഒരു പേനയെടുത്ത് അവൾക്കിട്ട് ഉന്നം വച്ചു. അവൾ ഒച്ചയുണ്ടാക്കിയാൽ പലതും സംഭവിക്കാം. ചീത്ത, അടി, ഭക്ഷണം കിട്ടില്ല. (അയ്യോ). ഭക്ഷണം, അത് ഞാൻ സഹിക്കില്ല. മറ്റെന്തനുഭവിച്ചാലും ഇത് സഹിക്കില്ല. എന്നാപ്പിന്നെ വേണ്ട, അല്ലങ്കിലും ആൺകുട്ടികൾ ചീളുപെൺപിള്ളേരെയൊന്നും ഉപദ്രവിക്കാറില്ലന്നേ (അല്ലാതെ പേടിച്ചിട്ടൊന്നും അല്ല)

ഏതായാലും ഭക്ഷണം കഴിച്ചിട്ടു പഠിക്കാം. കലാപരിപാടികൾ ആരംഭിച്ചു. വളരെ വിനയത്തോടെ ഭക്ഷണത്തോടുള്ള എന്റെ സമീപനം കണ്ട അമ്മ... "ഈ ആർത്തി പഠിക്കുവാൻ കാണിച്ചിരുന്നെങ്കിൽ എന്റെ മാതാവേ" ഭക്ഷണം കഴിക്കുമ്പോൾ ഞാൻ മറ്റൊന്നും ശ്രദ്ധിക്കാത്തതു കൊണ്ട് ഞാൻ ഒന്നും തിരിച്ചു പറഞ്ഞില്ല. ഭക്ഷണം കുറച്ച് കൂടിയോന്നൊരു സംശയം. ഏതായാലും പഠിച്ചു തുടങ്ങാം. ടൈംടേബിൾ നോക്കി. മാത്തമാറ്റിക്സ്. അത് ആദ്യം പഠിക്കാം രണ്ട് പ്രോബ്ലം ചെയ്തു. അപ്പോൾ എന്റെ മനസ് എന്തൊക്കെയോ കണ്ടെത്താനുണ്ട് എന്ന രീതിയിൽ എങ്ങോട്ടൊക്കെയോ പോയി. (ഞാൻ പിന്നെ വിളിക്കാനും പോയില്ല. എന്തെങ്കിലും കണ്ട് പിടിച്ച് വല്ല നോബൽ സമ്മാനോം കിട്ട്യാലോ) 10 മിനിറ്റ് കഴിഞ്ഞപ്പോൾ തെണ്ടിയിട്ട് ഒന്നും കിട്ടാത്ത ഭിക്ഷക്കാരനെപ്പോലെ മനസ് തിരിച്ചുവന്നു. ഞാൻ ഞെട്ടിയുണർന്നു. മനസ്സിന്റെ ഈ തെണ്ടൽ 1 മണിക്കൂർ ആവർത്തിച്ചു. എന്തു ചെയ്യും....

ഒരു ഐഡിയാ. ഇപ്പോൾ ഉറങ്ങാം. കാലത്ത് ഒരു 3 മണിക്കെങ്ങ് എണീക്കാം. ഓകെ. മൊബൈലിൽ അലാറം വച്ചു. ഇപ്പോൾ പഠിക്കേണ്ടത് സുപ്രഭാതത്തിലിരുന്നു പഠിക്കാം (എന്റെയൊരു മുടിഞ്ഞ ഐഡിയാ. വെറുതെയല്ല ദൈവം എന്റെ തലേല് പുതിയ ഐഡിയ ഒന്നും തോന്നിപ്പിക്കാ ത്തത് നാട്ടുകാര് എന്തൊക്കെ അനുഭവിക്കേണ്ടി വന്നേനേ?) സമയം മൂന്ന് മണി. മൊബൈ ലിലെ വൃത്തികെട്ട അലാറ ത്തിന്റെ ശബ്ദം, പ്രഭാതരശ്മി ഭൂമിയെ വിളിച്ചുണർത്താൻ വന്നെത്തും വേഗത്തിൽ എന്റെ കാതുകളിലേക്ക് തുളച്ച്കയറി. പക്ഷേ ഞാൻ ഞെട്ടിയെണീറ്റില്ല. പകരം snooz option കൊടുത്ത് വീണ്ടും കിടന്നു. ഇത് ഒരു 15 തവണയെങ്കിലും ആവർത്തി ച്ചിട്ടുണ്ടാകും (ഒന്നുറപ്പ്, മിക്കവാറും നാട്ടുകാരെല്ലാം ഉണർന്ന് കാണണം) be serious പഠിക്കണം. എണീക്കാം. സമയം നോക്കി 3.45. അതൊന്ന് റൗണ്ട് ചെയ്ത് ഉറപ്പായും 4 മണിക്ക് എണീക്കാം വീണ്ടും ഉറങ്ങുന്നി ല്ലാത്തതു കാരണം snooz option off ചെയ്തു. എന്നിട്ട് ചുമ്മാ കണ്ണ് തുറന്ന് ചുമ്മാ ആ കട്ടിലിൽ കിടന്നു. 4 മണിയാ യോന്ന് നോക്കാൻ ചുമ്മാ കണ്ണ് തുറന്ന് ക്ലോക്ക് നോക്കി 9 മണി. എന്റെ ഈശ്വരൻമാരെ.... സമയത്തിനൊക്കെ എന്തൊരു വേഗത.

മൊട്ടയടിച്ചവന്റെ തലയിൽ കരിങ്കല്ല് വാരിയിട്ട അവസ്ഥയായി എന്റെത്. എന്നാ ഇനിയെങ്കിലും പഠിക്കാം എന്നു വിചാരിച്ച്...... ശേഷം പഠിക്കാനിരുന്നു. അരമണിക്കൂർ പോലും ഇരുന്നില്ല. എന്തൊക്കെയോ മണം വരുന്നു. എന്നെയല്ല (കാരണം ഞാൻ കുളിച്ചതാ) ഇതൊരു മസാലയിടാത്ത കറീടെ മണമാണല്ലോ? അടുക്കളേന്ന്. പിന്നെ താമസിച്ചില്ല അമ്മയ്ക്ക് മസാലയെകുറിച്ച് ഒരു ക്ലാസ് എടുത്തു. തിരിച്ചെത്തിയപ്പോഴേയ്ക്കും അനിയത്തി പൊരിഞ്ഞ പഠിത്തം. എന്നാ ഞാനും ഇന്ന് പഠിച്ചിട്ട് തന്നെ കാര്യം എന്ന് തീരുമാനിച്ച് രണ്ട് പേജ് മറിച്ചു. അപ്പോഴേയ്ക്കും ദാ വരുന്നു ഞാൻ ആഗ്രഹിച്ചിട്ടെന്നപോലെ എവിടെ നിന്നോ എന്റെ ഫ്രണ്ട്സ്. പെൺകുട്ടികളെയും ഫ്രണ്ട്സിനെയും വിഷമിപ്പിക്കാൻ പാടില്ലാത്തതു കൊണ്ട് അവരുടെ നിർബന്ധം മൂലം ഞങ്ങൾ ചുറ്റാൻ പോയി. തിരിച്ചെത്തിയപ്പോഴേയ്ക്കും ആറ്റുനോറ്റ്കിട്ടിയ ആ അവധി ദിവസത്തിന്റെ അന്ത്യകൂദാശ കഴിഞ്ഞിരുന്നു.

അപ്പോൾ അടുത്ത മാസത്തെ പരീക്ഷക്കെന്തു ചെയ്യും? ആ, ഇനിയും ദിവസം ഉണ്ടല്ലോ. അല്ലങ്കിതന്നെ കൊക്കെത്ര കുളം കണ്ടേക്കുന്നു. അതുകൊണ്ട് തന്നെ ഞാൻ വീണ്ടും ഒരു തീരുമാനമങ്ങെടുത്തു (ഇങ്ങനെയൊരു വാക്കൊള്ള കാരണം എപ്പോഴും എടുക്കാലോ?) ഇനിയൊരു അവധിദിവസം കിട്ടിയാൽ ദൈവമാണെ അന്നുമൊത്തം ഞാൻ ഇരുന്ന് മറിക്കും. I will study full time on next holiday.

അന്നാണ് ഞാൻ ശരിക്കും പുലിയാകാൻ പോകുന്നേ .

അപ്പോ ഇപ്പോ ഞാൻ........

വെറും കഴുതപ്പുലി !

ഉപദേശം : പറയുകയോ എഴുതുകയോ ചെയ്യുന്നതിലല്ല പ്രായോഗികം ആയി കാര്യങ്ങൾ നടത്തുന്നതിലാണ് പ്രാധാന്യം.

"ഏട്ടിലെ പശു പുല്ലു തിന്നുകയില്ല"

(കഷ്ടം !)

വാൽക്കഷ്ണം : ഇതിന് മറ്റാരുടെയെങ്കിലും അനുഭവം ആയി സാദൃശ്യം ഉണ്ടെങ്കിൽ അത് തികച്ചും യാദൃശ്ചികം ആണ്. (ഇനി ചുമ്മാ അതും ഇതും പറഞ്ഞ് വന്നേക്കരുത്)

സിമിത കെ.എസ്.
II M.A. മലയാളം



# നിന്നിലേക്ക് .......

പേരറിയാത്ത മരത്തോടൊപ്പം ആത്മാവിൽ പൂത്തു തളിർത്ത യൂസിയൻ ക്യാമ്പസ്.......ആത്മാവിനുള്ളിലെ മഹാഗണിയ്ക്കു മേൽ തറയ്ക്കുന്ന ആണികളിൽ നിന്ന് തെറിച്ചത് ഹൃദയരക്തമായിരുന്നു. നിറഞ്ഞ പച്ചപ്പിൽ മനസ്സിനെതടഞ്ഞിട്ട ഹൃദയത്തിലെ മഴത്തണൽ.......



## സി.സി.

എവിടെയോ മുറിഞ്ഞു പോയ
പ്രണയത്തെ പോലെ
മുറിഞ്ഞ് മുറിഞ്ഞ്
പിടഞ്ഞു മാറി
ഓർമ്മകളിലേക്ക്
പെയ്തിറങ്ങുന്ന മഴക്കാഴ്ച........
കനത്ത കരിമ്പടത്തെപോലെ
ആകെയൊന്ന് മൂടി പൊള്ളിച്ച്
തണുപ്പൊന്ന് മാറ്റിയെങ്കിലും
വിയർപ്പിന്റെ വെറുപ്പിലേക്ക്
പതുക്കെ നടന്നടുക്കുന്ന
വെയിൽ ചില്ലുകൾ..........



## ലൈബ്രറി

അറിവുകളെയെല്ലാം ചുമന്ന്
ഒന്നുമറിയാതെ പോയ
ഒരു പാവം മുറി....
പൊടിപിടിച്ച് വീർപ്പുമുട്ടി
തിരിച്ചറിയലുകളും നെടുവീർപ്പുകളും
ഏറ്റുവാങ്ങി.....
ഇവരെല്ലാം എന്നിൽ തിരയുന്നതെന്ത്
എന്ന ചോദ്യവുമായി......
ഉറക്കച്ചടവുമായി വെറുതെ
ഒന്നു ചിരിക്കുന്ന
ഒരു പാവം മുറി.......

## ലാബ്

തിരിച്ചറിയാത്ത ഗന്ധങ്ങളിൽ
പിടഞ്ഞ്......
പേരറിയാത്ത ആസിഡിൽ
മുഖം പൊള്ളി
എക്സ്പിരിമെന്റുകൾക്കിടയിൽ
വീർപ്പുമുട്ടി.......
രക്ഷപ്പെടാൻ വഴിതിരയുന്ന
ഒരു വികൃതിയായ് കുട്ടി......

## കാന്റീൻ......

വിരസമായ ക്ലാസ്മുറികൾക്ക് പകരം
ഉറക്കച്ചടവു മാറ്റുന്ന ഇടം....
പറയാൻ ഒന്നുമില്ലെന്നു തോന്നും........
എരിയുന്ന അടുപ്പിൽ
പൊള്ളിപ്പോയതാവാം.
ഒരു ചായ.....
പരിപ്പുവട...
പഴംപൊരി.....
ലൈം.....
സിപ് അപ്.........
അല്ല.....
ഓർമകളിലേക്ക് സൂക്ഷിക്കാനാണോ
പുറകിലൊരു മഞ്ചാടിമരം
നിഴൽ തണൽ പൂക്കുന്ന വഴി
ഒടുവിൽ ചാക്കോസ്......
കാന്റീനിനും വിശപ്പിനേക്കാളേറെ
മറ്റെന്തൊക്കെയോ......

## പ്രണയം

ഇഷ്ടക്കേടുകളിലൂടെ വളർന്ന്
ഇഷ്ടങ്ങളായി നിറഞ്ഞ്
പിന്നെ കുതറിമാറാൻ ശ്രമിച്ച്
തലയിട്ടപ്പോൾ വളരെ വലുതും
ഊരാൻ ശ്രമിച്ചപ്പോൾ
ഇടുങ്ങിപ്പോയതുമായ വഴിയിൽ
ഇനിയെന്ത് എന്ന പകപ്പുമായി
പിന്നെ പതുക്കെ ആ വഴി
എന്റേതെന്ന് വിശ്വസിക്കുന്ന
മനം മടുപ്പിക്കാത്ത യാത്ര.....



## ക്യാമ്പസ് ....

എപ്പോഴും വിളിച്ചുകൊണ്ടിരിക്കും
നിന്നെയാണാവശ്യം എന്നു പറയും
വല്ലാതെ ഒന്നു കൊതിച്ച്
കിട്ടിയതിൽ മതിമറന്ന്
ആഘോഷങ്ങളിൽ പൊട്ടിച്ചിരികളിൽ
വെറുതെ വീണ്ടും നോക്കുമ്പോൾ
നോട്ടങ്ങൾ പുതിയവ....
വിളി പഴയതു തന്നെ
പക്ഷെ നിന്നെയല്ല നിന്റെ പിറകിലുള്ളവനെ....
പടിയിറങ്ങി കണ്ണു നനയുമ്പോൾ
ഇവിടെ പഴയ അതേ ആഘോഷം....
കണ്ണുനിറഞ്ഞത് കൊതിച്ച് കയറിയവന്റെ മാത്രം...
മഹാഗണിമരങ്ങൾ തളിർത്തുകൊണ്ടേയിരിക്കുന്നു
ഇലകൾ പുതിയവ മരം പഴയതു തന്നെ........


## ചാപ്പൽ

മൗനത്തിൽ മുങ്ങി
ഒന്നും പറയാതെ....
പക്ഷേ പ്രാർത്ഥനകൾ
പുത്തുലഞ്ഞത് മുന്നിലെ മൂകസാക്ഷിയിൽ
അതുകൊണ്ടായിരിക്കാം
മനസ്സുകൾ ഏറെ കീഴടക്കിയത്
പ്രാർത്ഥനയുടെ കുഞ്ഞുങ്ങൾ
പ്രാവുകളായിരുന്നു.......
നീ എനിക്കു തന്നത്
ആരോ സൂക്ഷിക്കാനേൽപ്പിച്ച
മൗനമാണ്......

## ബി.ബി.സി.

പടികളിറങ്ങിയാൽ
പൂക്കുന്നത് പ്രണയമാണ്.....
പടികളിലിരുന്നാൽ
നിറയുന്നത് സൗഹൃദമാണ്....
ഓർമകളിൽ താഴെ ആ
മൂലയിൽ ഒരു രഹസ്യം മൊഴിഞ്ഞ മരം......
നീ എനിക്കാരാണ് ?





പ്രണയമോ ?
സൗഹൃദമോ ?
എങ്കിലും ഒരു വാക്ക്
ചിതറിയുടയുന്ന നിന്നിലെ
പ്രണയങ്ങൾക്ക് ആയുസ്സില്ലാത്തത്
എന്തുകൊണ്ടാണ് ?
മൂക പ്രണയങ്ങൾ ഏറ്റുവാങ്ങിയ
നിന്റെ പ്രണയം ആരോടാണ് ?

## വെറുപ്പ്

വേണ്ട എന്നതിനെ
വേണം എന്നാക്കാൻ ശ്രമിക്കുമ്പോൾ
ചെയ്യരുത് എന്ന ധ്വനിയിൽ
ചെയ്തോളൂ എന്ന് സ്വയം തോന്നുമ്പോൾ
കൊഴിഞ്ഞു വീഴുന്ന മഹാഗണിയിലപ്പോലെ
മനസ്സിൽ നിന്നു കൊഴിഞ്ഞു വീഴുന്ന
ഒരു തരം ഭ്രാന്തമായ ചിന്ത......

## ഒടുവിൽ....

യാത്രകൾക്കൊടുവിൽ
ഞാനെന്റെ ഓർമ്മപുസ്തകത്തിൽ
അറിവായും പ്രണയമായും
പൊള്ളിപ്പിടിച്ച, വേദനയറിയിച്ച
സൗഹൃദങ്ങളായും
നിന്നെയറിയുമ്പോൾ.....
കൊഴിഞ്ഞു പോയ
ഈ മഹാഗണിയിലയുടെ പച്ചപ്പ്
നിന്റെയകം കുളിർപ്പിക്കുമോ ?
ഒടുവിൽ ഒരു മഹാഗണിമരമായി
ഞാൻ ജനിച്ചാൽ നിന്റെ
ഹൃദയത്തിലിത്തിരിയിടം എനിക്കും.....

(ഞാനേറെ സ്നേഹിക്കുന്ന എന്റെ
യൂസിയൻ സൗഹൃദങ്ങൾക്ക്........
ഞാനും അതാണ് ഒരു യൂസിയൻ
ആത്മാവ്.....)

ഐനിസ്റ്റ് എം.ജെ
I B.A. ഇംഗ്ലീഷ്



# സ്വപ്നങ്ങൾ

നല്ല സ്വപ്നങ്ങൾ നശിച്ചെന്നു തോന്നുന്നു
കണ്ട കാലം ഞാൻ മറന്നു.....
ക്ഷുദ്രസ്വപ്നങ്ങൾ തൻ മുൾക്കാടു ചുറ്റി ഞാൻ
നിദ്രയിൽ നിലവിളിക്കുന്നു
പത്തിവിടർത്തിത്തുടിക്കുന്ന പാമ്പുകൾ
കട്ടിലിൻ കാലിളക്കുന്നു
അസ്ത്രങ്ങൾ ഭിത്തിതുളയ്ക്കുന്നു, രാക്ഷസ-
വസ്ത്രങ്ങൾ നീക്കിനോക്കുന്നു.
കപ്പൽ പിളർന്നു താഴുന്നു, കടൽക്കാള
ക്രുദ്ധനായ് കൊമ്പിളക്കുന്നു
മഞ്ഞമേഘങ്ങൾ മദിച്ചാർത്തു മൃത്യുവിൻ
സന്ദേശമെയ്തിറങ്ങുന്നു.
സ്വപ്നങ്ങൾ പൊള്ളിച്ച നിദ്രയിൽ നിന്നു ഞാൻ
ഞെട്ടിത്തെറിച്ചു വീഴുമ്പോൾ
പൊട്ടിച്ചിരിക്കുന്നതാരാണരൂപിയായ്
തൊട്ടുനോവിക്കുന്നതാര് ??
കുപ്പിവിളക്കു കെടുത്തിയതാരാണ് ?
ചിത്രങ്ങൾ ചീന്തിയതാര് ?
തോളത്തു തട്ടിയതാര് ? തിരിഞ്ഞപ്പോൾ
മാറത്ത് കൊത്തിയതാര് ?
നെറ്റിയിൽ കൈവച്ചു ബോധക്ഷയത്തിന്റെ
മുദ്രകൾ കോറുന്നതാര് ?
അർധബോധത്തിൻ സമസ്യയിൽപ്പെട്ടു ഞാൻ
പക്ഷിതൻ പാട്ടു കേൾക്കുന്നു.
പൂവിനെസ്നേഹിച്ചു മുള്ളു സമ്പാദിച്ച
പാവം മനുഷ്യക്കുരുന്നേ
സ്നേഹിച്ചതിൻ ശിക്ഷയാണീക്കിനാവുകൾ
ദ്രോഹിച്ചതെപ്പോഴും നിന്നെ
വാതിൽ തുറന്നു പുറത്തേക്കു പോകുന്ന-
താരാണ് കാറ്റിനോടൊപ്പം
ആളെത്തിരിച്ചറിഞ്ഞില്ല ഞാൻ പിന്നെയും
ആകെ വിയർത്തു വീഴുമ്പോൾ
വേറൊരു പേക്കിനാവെത്തി കൈപ്പിടി-
ച്ചായുസ്സെടുത്തു പോകുന്നു
രണ്ടു സ്വപ്നങ്ങൾക്കിടക്കുള്ള മോഹത്തിൻ
ചുംബനം ക്രൂരമാകുന്നു.....
ചുംബനം ക്രൂരമാകുന്നു.....

Seetha Lakshmi A.N.
1st B.Sc. Botany



# My Lovely Friend

My Heart, liked him at first sight
He was very charming
And he was so calm
Dreams of him come to me at night
I don't know what makes him so bright
Because, always his eyes make me feel so warm
His presence is my strength
And after all he is my light.






ധന്യ രാജൻ
II B.A. Economics

# കൈത്തിരി...



ചെറുനീർത്തുള്ളിയാണിന്നു നിങ്ങൾ
നാളേയ്ക്ക് കളകളമായ് ഒഴുകും ചോലയായ്
പുഴയായ് കയമായ് കടലായ്
അലിഞ്ഞുചേരേണ്ടവർ നിങ്ങൾ.....
ഒരു പുൽക്കൊടിയാണിന്നു നിങ്ങൾ
നാളേയ്ക്ക് തളിരിടും നറുനാമ്പായ്
ചെടിയായ് മരമായ് വടുവൃക്ഷമായ് തണലായ് മാറേണ്ടവർ നിങ്ങൾ..
അക്ഷരമാണിന്നു നിങ്ങൾ
നാളേയ്ക്ക് വാക്കായ് വരിയായ്
ഇതിഹാസകാവ്യമായ് ഒടുവിൽ
കാലത്തിന് സാക്ഷിയാകേണ്ടവർ നിങ്ങൾ
കൈത്തിരിയാണിന്നു നിങ്ങൾ
നാളേയ്ക്ക് പൊന്നൊളി തൂകും വിളക്കായ്
വെളിച്ചമായ് ദിവ്യചേതസ്സായ്
ഉയർന്നുപൊങ്ങേണ്ടവർ നിങ്ങൾ

Mithun Surendran
III B.A. English



# A Pilgrimage to Sree Krishna's Birth Place

Journeys shape an important part of everyone's life. They may not give a sudden twist to our lives but they will surely influence us in one way or the other. Different people, their cultures, different places etc. all that we come across during a journey, will remain glittering in the inner recesses of our hearts.

While preparing to undertake a tour to New Delhi with my family a remarkable trip to Mathura in UP, believed to be the birth place of Lord Sree Krishna was actually on my mind. My long cherished childhood dream materialized during the Delhi visit thanks to the blessings of Lord Krishna.

Speeding down the roads through the towns and villages- the crowds moving in different directions, vast stretches of wheat and maize fields, cattle grazing, birds flying back to their nests before sunset and steep hills flashed behind us. Our minds were filled with mixed emotions.........

The journey was slowly coming to a halt. Day gradually gave way to night, with the moon and stars sparkling up above. We reached Mathura-birth place of Lord Krishna, after many hours of travel from New Delhi. During the journey when our bus stopped at a railway-cross a tourist guide entered our bus. He began to introduce himself to us. His name was Iswar, a Jodhpuri Brahmin youth. He was dressed in blue jeans and yellow T-shirt-the new face of Indian Braminhood. We were easily influenced by his calm and pleasant behavior. Even though he tried to put an artificial smile on his face, there were a lot of sad emotions writ large on his face. It was clear that some unfortunate circumstances had brought him to this profession at last. He gave us instructions in Hindi and occasionally in English also.

Iswar led us to the sacred land of Mathura. The road was a narrow tarred one with pot-holes hither and thither. We began to walk across those narrow ways filled with numerous tricky street vendors busily involved in their jobs. My father and mother, who were tired of the tedious journey from Delhi to Mathura, became more energetic and pleasant while walking through the sacred land. With vibrant

energetic steps, our eyes concentrating on those sights in the street and the unending flow of worshippers, my sister and I walked in front.

Now we were at the exact premises of the Mathura temple. Iswar's description about the myths related to that place and also about Mathura's specialitics was not very easy to comprehend within a brief span. But in our inner hearts, beliefs (those beliefs related to Lord Krishna's life and that he once lived there) were getting more and more consolidated. On seeing that old prison house where Krishna was born and also the attractive murals on the walls (depicting various phases of Krishna's life) one of them depicting Vasudeva's courageous journey across the river Yamuna, carrying over his head the little Krishna in a basket, I understood that those stories told by my Grandmother were not mere fairy tales but realities. The statues portraying Lord Hanuman worshipping his beloved Lord Ram and Sita could be seen there.

When we reached the hall, at the centre were bright and radiant decorated idols of Krishna and Radha standing together, both wearing golden crowns. We noticed that devotees had already occupied their places to relax and pray, in front of their beloved gods. It was so arranged that, Krishna and Radha were dancing and the "Sudharsana Chakra" which was believed to be possessed by Lord Krishna, was rotating behind his head. However we managed to get some space to sit among those devotees. While resting there, we could hear sacred chants praising Krishna accompanied by drum beats. With devotion welling up in our hearts, we also joined the devotees chanting "Hare Krishna".

When we came out of the hall, Iswar was waiting for all of us. He began to narrate the age old story that, once Mughal Emperor Aurangzeb and his warriors succeeded in demolishing one part of the temple and constructed a mosque there. Considering the huge crowds coming there everyday, chances of a terrorist attack prevailed there fearing a breakout of communal riot there, tight security hadbeen arranged by the government. Nowadays communal riots as well as terrorist attacks are ripping apart our national fabric. The white painted minaret looking up to the sky with green coloured outlining of the mosque built by the Mughal Emperor, on one side of the temple might have many stories to tell....

I felt some mystic power pulling me back, while stepping out of the temple. It was a kind of feeling can't be described in words. The atmosphere was filled with songs praising Krishna. Once again, we were moving behind Iswar to that busy street. Something special was there in Mathura's evening, an evening promising every human soul a good tomorrow. The rush of devotees coming there and going out of the temple was increasing. In the street, we saw many poverty stricken and miserable innocent faces. My mind became more and more desperate. If this was the condition of people living in the Land of Lord Sree Krishna, there is no need for me to detail the condition of people living in the remote areas of our nation.

While walking through the narrow street we accidentally saw a young beautiful girl running a tea-shop. Her face seemed to be indifferent to everyone around her. It was like the indifference towards the world itself.

But that indifference was only a mask covering her fear. She might have had the idea that only by masking her fear could she survive in this heartless, imperfect world. We decided to drink a cup of tea from her shop. Only one very old man was seen there to help her. After drinking the tea, we started walking behind our guide towards our bus.

When we were just one step away from the bus, a young lady with child in her arms came begging towards my father and fell down before his feet, pulling him back. The really miserable condition of the mother and child could be seen in them. Lots of responsibilities awaiting her, with a child in her young age and no one to look after them... At first my father felt shocked at her action but he managed to move away from her with the help of our guide. Iswar told us that many young windows from a number of places including West Bengal came there and were forced to beg and also work as prostitutes. He guided us towards the bus, which we all entered into the.

In our minds we were bidding thanks to the sacred land and its people. Iswar requested all the travelers in the bus to offer whatever they could as "Dakshina" (offering) of him. All the travelers were so pleased with his behavior that everyone contributed as much as they could. After bidding adieu to all and assuring us of meeting some other time in future, he stepped outside the bus when it came to a halt before the railway-cross. He went ahead crossing the railway track and entered another bus which was lying opposite our bus. The picture of a Jodhpuri Brahmin youth who had to take up the job as a tourist guide to earn his daily bread, the one thing for which every human being is sweating around.....

Lord Sree Krishna might have been teaching us the basic and universal fact that life is to be fought with life itself; in whatever manner it comes. The bus slowly moved ahead from

സുമിയ്യ വിഎസ്
II M.A. മലയാളം





# പ്രണയം

ഒരു വസന്തം

എന്നിൽ നിന്നും

പടിയിറങ്ങി


മനസ്സൊന്നു വിങ്ങി

പിടഞ്ഞു......

അത്രമാത്രം



ഡോ. എം.ഐ. പുന്നൂസ്
മലയാള വിഭാഗം



# ഹോങ്കോങ്ങിൽ ചില ദിനങ്ങൾ



2008 ജൂൺ 6 മുതൽ ജൂലൈ 19 വരെ ഹോങ്കോങ്ങിൽ വെച്ചു നടന്ന IASACT (Institute for Advanced Study in Asian Cultures and Theologies) സെമിനാറിൽ പങ്കെടുക്കാൻ കഴിഞ്ഞത് സവിശേഷമായ പഠനാനുഭവങ്ങളാണ് നൽകിയത്. 'യുണൈറ്റഡ് ബോർഡ് ഫോർ ക്രിസ്ത്യൻ ഹയർ എഡ്യുക്കേഷൻ ഇൻ ഏഷ്യ' (UBCHEA) എന്ന രാജ്യാന്തര സംഘടനയുടെ സ്കോളർഷിപ്പ് ലഭിച്ചതാണ് ഒന്നര മാസം നീണ്ട ഈ പഠനയാത്രയ്ക്ക് നിമിത്തമായത്. മാനവിക വിഷയത്തിൽ ഗവേഷണം നടത്തുന്ന ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള പതിനഞ്ചു പേർക്കാണ് ഓരോ വർഷവും ഈ സ്കോളർഷിപ്പ് നൽകുന്നത്. തിരുവല്ല മർത്തോമ്മ കോളേജിലെ ചരിത്ര വിഭാഗം മേധാവി ഡോ. അലക്സ് മാത്യു സാറും IASACT 2008 ലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

ഹോങ്കോങ്ങിലെ ഏറ്റവും പ്രശസ്തമായ ചൈനീസ് യൂണിവേഴ്സിറ്റിയിലെ 'ചുങ്-ചി' കോളേജിലാണ് ഞങ്ങളുടെ താമസം ക്രമീകരിച്ചിരുന്നത്. നാലു കോളേജുകളാണ് സർവ്വകലാശാലാ ക്യാമ്പസിൽ പ്രവർത്തിക്കുന്നത്. നൂറ്റി മുപ്പത് ഹെക്ടറിലായി വ്യാപിച്ചുകിടക്കുന്ന കാമ്പസിൽ പന്തീരായിരത്തോളം വിദ്യാർത്ഥികളാണ് പഠിക്കുന്നത്. കലയും സംഗീതവും മുതൽ മെഡിക്കൽ, എഞ്ചിനീയറിംഗ്, നിയമം, ഐ.ടി., ബി.ടി. തുടങ്ങിയ ബഹുവിഷയങ്ങൾ ക്യാമ്പസിലെ നാലു കോളേജുകളിലായി പഠിപ്പിക്കുന്നുണ്ട്.

സർവ്വകലാശാലക്ക് ഏപ്രിൽ മുതൽ ജൂലൈ വരെ നാലുമാസക്കാലം അവധിയായിരുന്നതിനാൽ ഇവിടത്തെ അധ്യയനരീതിയുടെ വിശദാംശങ്ങൾ കൃത്യമായി മനസ്സിലാക്കാൻ കഴിഞ്ഞില്ല. നാലുമാസത്തെ അവധിക്കാലം പ്രത്യേക ഉദ്ദേശ്യത്തോടെയാണ് നിശ്ചയിച്ചിട്ടുള്ളത്. ഈ കാലയളവിൽ വിദ്യാർത്ഥികൾ പല മേഖലകളിൽ ജോലി ചെയ്യുന്നു. അങ്ങനെ സമ്പാദിക്കുന്ന പണം കൊണ്ട് പഠിക്കുന്നവരും വിദേശ രാജ്യങ്ങളിൽ വിനോദസഞ്ചാരം നടത്തുന്നവരുമുണ്ട്. അവധിക്കാലമായിരുന്നതിനാൽ കിളികളൊഴിഞ്ഞ കൂടുപോലെ ക്യാമ്പസ് നിർവ്വികാരമായി കിടന്നു. തിയോളജി ബിൽഡിംഗിലെ മൂന്നാം നിലയിലുള്ള എന്റെ മുറിയുടെ ബാൽക്കണിയിലിരുന്നാൽ ഹോങ്കോങ് മലഞ്ചെരിവുകളുടെ ഹരിതസൗന്ദര്യം നന്നായി ആസ്വദിക്കാനാവുമായിരുന്നു. മലഞ്ചെരിവുകളുടെ ഭൂമിശാസ്ത്രപരമായ കിടപ്പിനനുസരിച്ച് തന്നെയാണ് കെട്ടിടങ്ങൾ പടുത്തുയർത്തിയിരുന്നത്. മലകളിടിച്ച് നിരപ്പാക്കി കെട്ടിടം പണിയുന്ന നമ്മുടെ സംസ്കാരത്തിന്റെ ബദൽ മാതൃകയാണിത്. മുറിയിലിരുന്നാൽ പിൻവശത്ത് മലഞ്ചെരിവുകളിലൂടെ ഒഴുകിയിറങ്ങുന്ന നീർച്ചോലകളുടെ ആരവം എപ്പോഴും കേൾക്കാമായിരുന്നു. മലനിരകളിൽ

മഴ അല്പം കടുത്താലുടൻ അരുവികളുടെ കുതിപ്പിന് ഉന്മാദം കൂടും. നീർച്ചോലകളുടെ സംഗീതവും മലഞ്ചെരിവുകളിലൂടെ വളഞ്ഞു പുളഞ്ഞ് കിടക്കുന്ന വനപാതകളും ക്യാമ്പസിന്റെ ഹരിതസൗന്ദര്യത്തിന് മാറ്റു കൂട്ടിയിരുന്നു.



സർവ്വകലാശാലാ ക്യാമ്പസിൽ യൂണിവേഴ്സിറ്റിയുടെ ബസ്സുകൾ സദാസമയവും ചുറ്റിക്കൊണ്ടിരിക്കും. ഒരു ഡിപ്പാർട്ട്മെന്റിൽ നിന്ന് മറ്റൊരിടത്തേക്കോ കളിസ്ഥലങ്ങളിലേക്കോ ഓഫീസിലേക്കോ ഒക്കെ പോകേണ്ടിവരുമ്പോൾ വിദ്യാർത്ഥികൾ ഈ ബസ്സുകളിൽ യാത്ര ചെയ്യുന്നു. ബസ് യാത്ര വേണ്ടാത്തവർക്ക് കുത്തു കയറ്റമുള്ള നൂറുകണക്കിന് പടികളിലൂടെ മലകൾ കയറിയിറങ്ങിയും യാത്ര ചെയ്യാം. മികച്ച സാങ്കേതിക സംവിധാനമുള്ള ലൈബ്രറികളും സിന്തറ്റിക് ട്രാക്കുകളും ആധുനിക സൗകര്യങ്ങളുള്ള ജിംനേഷ്യവും ടെന്നീസ് കോർട്ടുകളും നീന്തൽകുളങ്ങളും അടക്കം മികവാർന്ന ഭൗതിക സൗകര്യങ്ങൾ ഓരോ കോളേജിനും ഇവിടെ സ്വന്തമായുണ്ട്. അതിഥികളായെത്തുന്നവർക്കും ഈ സൗകര്യങ്ങളൊക്കെ പ്രയോജനപ്പെടുത്താമായിരുന്നുവെന്നത് എന്റെ ആറാഴ്ച്ചക്കാലത്തെ ഹോങ്കോങ് ജീവിതത്തെ കൂടുതൽ സന്തോഷപൂർണ്ണമാക്കുകയുണ്ടായി.

### ഹോങ്കോങ് : കുടിയേറ്റങ്ങളുടെ നഗരം

ചൈനാ വൻകരയോട് ചേർന്നു കിടക്കുന്ന ഹോങ്കോങ് ദ്വീപുസമൂഹം എക്കാലത്തും ഒരു കുടിയേറ്റ പ്രദേശമായിരുന്നു. മത്സ്യബന്ധനത്തിനും മറ്റുമായി കുടിയേറിയ ചൈനാക്കാരാണ് ഇവിടത്തെ ആദിമനിവാസികൾ. പിന്നീട് ഏറെക്കാലം പോർച്ചുഗീസ് അധീനതയിലായിരുന്നു. അതിനു ശേഷം 1842 മുതൽ 1981 വരെ ബ്രിട്ടന്റെ കോളനിരാജ്യമായിരുന്നു ഹോങ്കോങ്. 1981 ൽ കോളനി വാഴ്ച അവസാനിച്ചെങ്കിലും പിന്നെയും വർഷങ്ങളോളം ഇത് ബ്രിട്ടന്റെ സ്വതന്ത്രഭരണപ്രദേശമായി തുടർന്നു. 1997 ലാണ് ശക്തമായ രാഷ്ട്രീയ, സൈനിക സന്നാഹങ്ങളിലൂടെ ചൈന ഹോങ്കോങ്ങിനെ തങ്ങളുടെ പരമാധികാരത്തിൻ കീഴിലാക്കുന്നത്.



ഹോങ്കോങ്ങിലിപ്പോൾ കുടിയേറ്റങ്ങളൊക്കെ കർശനമായി നിരോധിച്ചിരിക്കുകയാണ്. കരാറടിസ്ഥാനത്തിലുള്ള താല്ക്കാലിക കുടിയേറ്റങ്ങൾ മാത്രമാണിപ്പോൾ നടക്കുന്നത്. വീട്ടുജോലിക്കാരും അലക്കു തൊഴിലാളികളും പൂന്തോട്ട നിർമ്മാണക്കാരുമൊക്കെയായ ഫിലിപ്പിനോകളാണ് ഇത്തരം കുടിയേറ്റക്കാരിലേറെയും. വിദേശ തൊഴിൽ ഭ്രമത്തിന്റെ കാര്യത്തിൽ കേരളം പോലെ തന്നെയാണ് ഫിലിപ്പ്യയൻസും ദിനംപ്രതി 3000 ഫിലിപ്പിനോകളാണ് ലോകത്തിന്റെ ഭിന്നഭാഗങ്ങളിലേക്ക് തൊഴിൽ തേടി പുറപ്പെടുന്നത്. കുടിയേറ്റക്കാരായ ഫിലിപ്പിനോകളിവിടെ ദുരിതപൂർണ്ണമായ തൊഴിൽസാഹചര്യങ്ങളിലാണ് കഴിയുന്നത്. ഇത്തരക്കാരുടെ തൊഴിൽ പ്രശ്നങ്ങളാണ് സഹഗവേഷകയായിരുന്ന പ്രൊഫ. ലോലിതാ ലോമി ബാവോയുടെ ഗവേഷണ വിഷയം. ഫിലിപ്പിയൻസ്കാരിയായ ലോലിതയുമൊത്ത് കുടിയേറ്റക്കാരുടെ തൊഴിലിടങ്ങളിൽ നടത്തിയ സന്ദർശനയാത്രകൾ ഹോങ്കോങ് പ്രതാപങ്ങളുടെ മറ്റൊരു മുഖം മനസ്സിലാക്കാൻ സഹായകമായി.

കോളനി രാഷ്ട്രമായിരുന്നതിന്റെ എല്ലാചിട്ടവട്ടങ്ങളും ഹോങ്കോങ്ങിൽ പ്രകടമാണ്. ഭൂതകാല പ്രതാപമുണർത്തുന്ന ചരിത്ര ചത്വരങ്ങളും പുരാതനദേവാലയങ്ങളും മറ്റും അധിനിവേശകാലത്തിന്റെ ഗതകാല സ്മൃതികളുയർത്തി നിലകൊള്ളുന്നുണ്ട്. വെടിപ്പും വൃത്തിയുമുള്ള തെരുവുകളും പൊതുസ്ഥലങ്ങളും ആരിലും മതിപ്പുളവാക്കുന്ന നഗരരൂപകല്പനയുടെ വിശിഷ്ട മാതൃകകളാണ്. ഇവിടത്തെ കൃത്യതയാർന്ന ഗതാഗതസംവിധാനം യൂറോപ്യൻമാരെപ്പോലും അത്ഭുതപ്പെടുത്തുന്ന തരത്തിലുള്ളതാണ്.



നഗരസൗന്ദര്യവത്കരണത്തിലും മാലിന്യനിർമ്മാർജ്ജനത്തിലും ഭരണകൂടം പ്രകടമാക്കുന്ന കർക്കശമായ ജാഗ്രത നമുക്കും മാതൃകയാക്കാവുന്നതാണ്. ഏറെ ജനസാന്ദ്രതയുള്ള ഹോങ്കോങ്ങിൽ സ്ഥലദൗർലഭ്യം ഒരു പരിമിതിയാണ്. എങ്കിലും നിരത്തുകളും പൊതുസ്ഥലങ്ങളും മാലിന്യമുക്തമായി സൂക്ഷിക്കേണ്ടത് ഭരണകൂടത്തിന്റെ മാത്രം ഉത്തരവാദിത്തമായി ഇവിടെയാരും കരുതുന്നില്ലെന്നതാണ് ഹോങ്കോങ്ങിനെ നമ്മുടെ നാട്ടിൽ നിന്നും വ്യത്യസ്തമാക്കുന്നത്.





പൊതുനിരത്തുകളിൽ ഹോട്ടലവശിഷ്ടങ്ങളും മനുഷ്യാവയവങ്ങൾ ഉൾപ്പെടെയുള്ള ആശുപത്രി മാലിന്യങ്ങളും കുടികിടന്ന് ഈച്ചയും പുഴുവുമാർക്കുന്ന 'ദൈവത്തിന്റെ സ്വന്തം നാടിന്റെ' അവസ്ഥയെക്കുറിച്ചോർത്തപ്പോൾ എനിക്കു വല്ലാത്ത ദുഃഖം തോന്നി. എന്നാൽ പുറംനാടുകളിൽ സഞ്ചരിക്കുമ്പോൾ മാത്രം സ്വന്തം നഗരങ്ങളെകുറിച്ച് ദുഃഖിച്ചിട്ട് കാര്യമില്ലെന്നും കുറ്റബോധത്തോടെയോർത്തു.

പരിസ്ഥിതി ബോധത്തിന്റെ പ്രാഥമിക പാഠങ്ങൾ വീടുകളിൽ നിന്നു തന്നെ പരിശീലിച്ചു തുടങ്ങണം. സ്വന്തം വീടുപോലെ നാടും നഗരവും സൂക്ഷിക്കാനുള്ള പരിശീലനവും അവബോധവും നാം നല്കേണ്ടതുണ്ട്. അതില്ലാത്തതുകൊണ്ടാണ് മലിനീകരണ നിയന്ത്രണ അറിയിപ്പുകളുടെ ചുവട്ടിൽ തന്നെ മാലിന്യകുമ്പാരം മലപോലെയുയരുന്നത്. പൊതു ഖജനാവിലെ പണമുപയോഗിച്ച് മാസംതോറും വിദേശസന്ദർശനം നടത്തുന്ന നമ്മുടെ നേതാക്കളൊന്നും അവിടത്തെ നല്ല മാതൃകകൾ സ്വന്തം നാട്ടിൽ നടപ്പിലാക്കാൻ ശ്രമിക്കാത്തതെന്താണ് ? അതിന് ഇച്ഛാശക്തിയും ദീർഘവീക്ഷണവും രാജ്യസ്നേഹവുമുള്ള നേതാക്കളുണ്ടാകണം. അനാവശ്യ വിവാദങ്ങളും അഴിമതിയും നടത്തി വാചകകസർത്തും ഹർത്താലും നടത്തിക്കഴിയുന്ന രാഷ്ട്രീയ ഭിക്ഷാംദേഹികളെയല്ല നമുക്കാവശ്യം. അവരെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. ഓരോ ജനതയ്ക്കും അവർ അർഹിക്കുന്ന നേതാക്കളെ മാത്രമേ ലഭിക്കൂവെന്ന ചൊല്ലാണ് ഏറെ പ്രസക്തം.

## ഹക്കാവില്ലേജിലെ പരിസ്ഥിതി ദർശനം


ഹോങ്കോങ്ങിന്റെ ഉൾപ്രദേശങ്ങളിലേക്ക് നടത്തിയിരുന്ന യാത്രകൾ വാരാന്ത്യദിനങ്ങളെ കൂടുതൽ ഉന്മേഷപൂർണ്ണമാക്കിയിരുന്നു. ഒരു വെള്ളിയാഴ്ച ലോങ്വാലി പ്രദേശത്തെ ഹക്കവില്ലേജിലേക്കാണ് ഞങ്ങൾ യാത്ര ചെയ്തത്. ഹോങ്കോങ്ങിലെ ഏറ്റവും വലിയ ശുദ്ധജലകാർഷിക മേഖലയാണിത്. ജൈവവൈവിധ്യമുള്ള കാർഷിക സംസ്കാരമാണിവിടെയുള്ളത്. കാന്റനീസ് എന്ന പാരമ്പര്യഗോത്രനിവാസികളുടെ പിൻമുറക്കാരാണ് ഇതിന്റെ അവകാശികൾ. 250 വർഷത്തിലേറെ പഴക്കമുള്ള പിതൃസ്മരണകളുടെ ശിലാഫലകങ്ങളാണ് ഇവിടെ നമ്മെ വരവേൽക്കുന്നത്. 45

നാനൂറിലേറെ പക്ഷിവർഗ്ഗങ്ങളും 97 ഇനം ശലഭ ജീവികളും ഇവിടെയുണ്ടെന്ന് ഗൈഡായി വന്ന മോനിക്ക വിശദീകരിച്ചു. പക്ഷിമൃഗാദികൾ കടക്കാത്ത സമൃദ്ധമായ കൃഷിസ്ഥലങ്ങൾക്കു സമീപം പക്ഷി മൃഗാദികൾക്കു വേണ്ടി മാത്രം കൃഷി ചെയ്യുന്ന തുറന്ന കൃഷിയിടങ്ങളും മോനിക്ക കാണിച്ചുതന്നു. ഈ കൃഷി സ്ഥലത്തുനിന്നുള്ള വിളവ് മനുഷ്യനെടുക്കുന്നില്ല. അത് പക്ഷിമൃഗാദിജീവജാലങ്ങൾക്കുവേണ്ടി മാത്രം മാറ്റിവെച്ചിട്ടുള്ളതാണ്. പാരിസ്ഥിതിക സൗഹൃദത്തിന്റെ കൗതുകകരമായ ഒരു തിരിച്ചറിവായിരുന്നു അത്. എല്ലാ ജീവജാലങ്ങളും ഭൂമിയുടെ അവകാശികളാണെന്ന ബഷീറിയൻ പരിസ്ഥിതി ദർശനത്തിന്റെ മഹത്വപൂർണ്ണമായ സാക്ഷ്യപ്പെടുത്തലായി ഹക്കാവില്ലേജിലെ പ്രകൃതി ദർശനം അനുഭവപ്പെട്ടു.

## ഹോങ്കോങ്ങിലും നായരുടെ ചായക്കട

ഒരു സായാഹ്നത്തിൽ ഈസ്റ്റ്-ഷിംഷാസുവിലേക്ക് പുറപ്പെടുമ്പോൾ അവിടെയുള്ള ചുങ്കിമാൻഷൻ സെന്ററിലെ ഇൻഡ്യൻ റെസ്റ്റോറന്റിൽ നിന്ന് ഭക്ഷണം കഴിക്കുക മാത്രമായിരുന്നു എന്റെയും സുഹൃത്ത് ഡോ. അലക്സ് മാത്യു സാറിന്റെയും ലക്ഷ്യം. ചൈനീസ് ഭക്ഷണ രീതികൾ അത്രമേൽ മടുത്തു തുടങ്ങിയിരുന്നു. ഇൻഡ്യൻ കറിമസാലകളുടെ വാസനാപ്രലോഭനങ്ങളിൽ ഞങ്ങൾ കറങ്ങിത്തിരിഞ്ഞ് ചുങ്കിമാൻഷനിലെത്തിയപ്പോൾ അതൊരു ഇന്ത്യൻ നിരത്തുപോലെ തോന്നിത്തുടങ്ങി. അത്രയേറെ ഇന്ത്യക്കാർ ഈ പ്രദേശത്തുണ്ട്. ഏറെയും പഞ്ചാബികളാണ്. ഉത്തരേന്ത്യൻ ഭക്ഷണവിഭവങ്ങൾ കിട്ടുന്ന നിരവധി റെസ്റ്റോറന്റുകൾ ഇവിടെയുണ്ട്.

ദക്ഷിണേന്ത്യൻ വിഭവങ്ങൾ കിട്ടുന്ന ഒരു ചെറിയ കട ഞങ്ങൾ കണ്ടുപിടിച്ചു. നല്ല മസാലദോശയുടെയും ഇഡ്ഡലിയുടെയും ചിത്രമൊക്കെ മുന്നിൽ പ്രദർശിപ്പിച്ചിരുന്നു. കഷ്ടിച്ച് എട്ടുപേർക്കിരിക്കാവുന്ന ചെറിയൊരു ടീഷോപ്പ് മെനുവും വിലയുമൊക്കെ ഞങ്ങൾ ഇംഗ്ലീഷിൽ അന്വേഷിച്ചു തുടങ്ങിയപ്പോൾ അകത്തുനിന്നൊരാൾ. നിങ്ങൾക്ക് എന്താണോ വേണ്ടത് അതൊക്കെ ഇവി



ടെയുണ്ടെന്ന് പച്ച മലയാളത്തിൽ പറയുന്നു. ഞങ്ങൾ ശരിക്കത്ഭുതപ്പെട്ടുപോയി. പാല
ക്കാട്ടുകാരൻ നാരായണൻ നടത്തുന്ന കടയാണത്. ഇദ്ദേഹം 20 വർഷമായി ഹോങ്കോങ്ങി
ലെത്തിയിട്ട്. ഭക്ഷണം ഉണ്ടാക്കുന്നതും വിളമ്പുന്നതും ഒക്കെ നാരായണൻ തന്നെ. സഹാ
യത്തിന് ഒരു ഉത്തരേന്ത്യൻ ജോലിക്കാരനുമുണ്ട്. ചന്ദ്രനിൽ ചെന്നാൽ അവിടെയുമൊരു
നായരുടെ ചായക്കട കാണുമെന്ന ചൊല്ല് വളരെ അന്വർത്ഥമാണെന്ന് ഞങ്ങൾക്ക്
ബോധ്യപ്പെട്ടു. പിന്നീട് ഹോങ്കോങ്ങിൽ നിന്നു മടങ്ങുന്നതു വരെ ഞങ്ങൾ നാരായണന്റെ
ഉറ്റസുഹൃത്തുക്കളും നാരായണ കഫേയിലെ നിത്യസന്ദർശകരുമായി മാറി.

**മക്കാവു വിശേഷങ്ങൾ**

ഹോങ്കോങ്ങ് സന്ദർശിക്കുന്നവർ കാണാൻ ഇഷ്ടപ്പെടുന്ന ഒരു വിനോദ കേന്ദ്രമാണ്
മക്കാവു ദ്വീപ് (MACAU) ഹോങ്കോങ്ങിൽ നിന്നു പോലും അങ്ങോട്ടു പോകണമെങ്കിൽ
പ്രത്യേക വിസ, ഇമിഗ്രേഷൻ ക്ലിയറൻസ് തുടങ്ങിയവ ആവശ്യമാണ്. സൂചിക 8 രേഖപ്പെ
ടുത്തിയ 'ടൈഫൂൺ' പ്രകൃതിക്ഷോഭവും പേമാരിയും തുടങ്ങിയിരുന്നതിനാൽ
കടൽയാത്ര നടത്തുന്നതിൽ പലർക്കും ഉൾഭയം ഉണ്ടായിരുന്നുവെന്നതാണ് സത്യം.
എങ്കിലും മക്കാവു സന്ദർശിക്കാൻ കിട്ടിയ അവസരം പ്രയോജനപ്പെടുത്തണമെന്നു തന്നെ
ഞങ്ങൾ തീർച്ചയാക്കി.

ദക്ഷിണ ചൈനകടലിലൂടെ 2 മണിക്കൂർ കപ്പൽ യാത്ര നടത്തിവേണം മക്കാവുവിലെ
ത്താൻ. കേവലം മുപ്പത്തിരണ്ട് ചതുരശ്രകിലോമീറ്റർ മാത്രം വിസ്തൃതി വരുന്ന ചെറുദ്വീ
പാണ് മക്കാവു. അഞ്ചരലക്ഷത്തോളമാണ് ജനസംഖ്യ. ഇത്ര ചെറിയ ദ്വീപാണെങ്കിലും
ഇവിടെ പ്രത്യേക നിയമവാഴ്ചയും കറൻസിയുമൊക്കെയാണുള്ളത്. ദീർഘകാല
ത്തോളം പോർട്ടുഗീസ് അധീനപ്രദേശമായിരുന്നിത്. പോർട്ടുഗീസുകാരുടെ കേരള പ്രവേ
ശനകാലത്തുതന്നെയാണ് മക്കാവുവിലും അവർ ആധിപത്യമുറപ്പിക്കുന്നത്. അധിനിവേ
ശത്തിന്റെ ചരിത്രശേഷിപ്പുകൾ കൊച്ചി പ്രദേശത്തുള്ളതുപോലെ മക്കാവുവിലും
എമ്പാടും ചിതറിക്കിടപ്പുണ്ട്. പൊളിഞ്ഞ മതിൽക്കെട്ടുകളായും പുരാതനനഗരാവശിഷ്ട
ങ്ങളായും പൗരാണിക ദേവാലയങ്ങളുടെ പ്രതാപഗരിമകളായുമൊക്കെ പോർട്ടുഗീസ്
ചരിത്രമുദ്രകൾ മക്കാവുവിലെമ്പാടും കാണാനുണ്ട്.

പാശ്ചാത്യ നാഗരികതയുടെ ചൈനയിലേക്കുള്ള വാതായനമായിട്ടാണ് മക്കാവു
ദ്വീപിനെ ചരിത്രകാരൻമാർ വിശേഷിപ്പിക്കുന്നത്. നൂറ്റാണ്ടുകൾ പഴക്കമുള്ള
പ്രാചീനക്രൈസ്തവ ദേവാലയങ്ങളാണ് ഇവിടത്തെ പ്രധാനആകർഷണം. ഇക്കൂട്ടത്തിൽ
എടുത്തുപറയേണ്ട ഒന്നാണ് സെന്റ് പോൾസ് ദേവാലയം. 1602 ൽ പണിതുടങ്ങി
നാല്പതു വർഷം കൊണ്ട് പൂർത്തീകരിച്ച ദേവാലയം 1835 ൽ ഉണ്ടായ തീപ്പിടുത്തത്തിൽ
കത്തി നശിക്കുകയായിരുന്നു. ഗോഥിക്ക് ശൈലിയിലുള്ള മുഖവാരം മാത്രമേ ഇന്നവശേ
ഷിക്കുന്നുള്ളൂ. മേൽക്കൂരയില്ലാത്ത ഒരു തുറന്ന ദേവാലയമായി അതങ്ങനെതന്നെ നില
നിർത്തിയിരിക്കുകയാണ്. ലോകപൈതൃക ഭൂപടത്തിൽ സ്ഥാനംപിടിച്ച ഈ ദേവാലയം
പോർച്ചുഗീസ് കാലത്തെ സപ്താത്ഭുതങ്ങളിൽ ഒന്നായി അടുത്തകാലത്ത് തെരഞ്ഞെടു
ത്തിട്ടുണ്ട്.

യാത്രാക്ഷീണം മറക്കാൻ ഞങ്ങളൊരു കാസിനോ സന്ദർശിച്ചു. ആഗോള ശൃംഖലയി
ലുൾപ്പെട്ട വൻഹോട്ടൽ സമുച്ചയമാണ് കാസിനോകൾ. പാശ്ചാത്യനാഗരികതയുടെ കണ്ണ
ഞ്ചിപ്പിക്കുന്ന ആഢംബരലോകത്തിലേക്കുള്ള പ്രവേശനമായിരുന്നത്. മക്കാവുവിലെ
രാത്രിജീവിതത്തിന്റെ ആഘോഷപ്പൊലിമകൾക്ക് നിറംകൂട്ടുന്നതിൽ കാസിനോകൾക്ക്
വലിയ പങ്കുണ്ട്. ബാറുകളുടെയും നൃത്തശാലകളുടെയും ചൂതാട്ടുകേന്ദ്രങ്ങളുടെയും
മുന്തിയ ഭക്ഷണശാലകളുടെയും വിസ്മയിപ്പിക്കുന്ന മായികലോകമാണ് കാസിനോ
കാഴ്ചകൾ നമുക്ക് നൽകുന്നത്. കാസിനോയിൽ നിന്നിറങ്ങി അവസാനത്തെ കടത്തു
കപ്പലിൽ ഹോങ്കോങ്ങിലേക്ക് മടങ്ങുമ്പോൾ പൗരാണികതനിമകളും പാശ്ചാത്യനാഗ
രികതയും സമന്വയിക്കുന്ന അത്ഭുതദ്വീപായി മക്കാവു മനസ്സിൽ നിറഞ്ഞു നിന്നു.
അംബരചുംബികളായ ഫ്ളാറ്റ്സമുച്ചയങ്ങൾ നിറഞ്ഞ ഹോങ്കോങ്ങ് എന്ന മഹാന
ഗരത്തോട് യാത്ര പറഞ്ഞു മടങ്ങുമ്പോഴും ഏഷ്യൻ-യൂറോപ്യൻ സാംസ്കാരിക
സമന്വയത്തിന്റെ നാനാർത്ഥപാഠങ്ങളാണ് മനസ്സിൽ തെളിഞ്ഞു നിന്നത്.

# ഇടങ്ങൾ തേടി

## The denizens of uncertainty



സംസ്ഥാനസർക്കാരിന്റെ പെരിയാർ ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്ടിന്റെ കീഴിൽ നിർമ്മിച്ചിരിക്കുന്നതാണ് പെരിയാർ റിവർ വാലി ഇറിഗേഷൻ കനാൽ. യു.സി. കോളേജിനു സമീപം ആലുവ കടുങ്ങല്ലൂർ റോഡിന്റെ വശങ്ങളിൽ വ്യാപിച്ചുകിടക്കുന്ന കനാലിന്റെ ഇരുവശങ്ങളിലുമുള്ള അനധികൃത ഭൂമിയിൽ പത്തോളം കുടുംബങ്ങളാണ് കുടിയേറി താമസിക്കുന്നത്. ഇവരുടെ പാർപ്പിട പ്രശ്നത്തിന്റെയും അനധികൃത ഭൂമിയിലെ ഇടുങ്ങിയ ചുറ്റുപാടുകളിലുള്ള ജീവിതസാഹചര്യങ്ങളേയും കുറിച്ചുള്ള അന്വേഷണങ്ങൾ ഒട്ടേറെ വസ്തുതകളും തിരിച്ചറിവുകളും അവയുടെ വിശകലനങ്ങളുമാണ് പുറത്ത് കൊണ്ടുവരുന്നത്.

സർക്കാർതലത്തിൽ നിന്നുള്ള പുനരധിവാസ ശ്രമങ്ങളും പരിഹാരങ്ങളും പരാജയപ്പെടുന്നിടത്തോളം പുറമ്പോക്കല്ലാതെ മറ്റൊരു വഴി ഇവർക്കു മുന്നിലില്ല. പക്ഷെ ഈ പുറമ്പോക്ക് ഭൂമി പോലും വിലക്കെടുത്ത് വാങ്ങേണ്ടി വരുന്നവരുടെ വെളിപ്പെടുത്തലുകൾ ഞെട്ടിക്കുന്നതായിരുന്നു. ഈ പുറമ്പോക്ക് ഭൂമിയോട് ചേർന്നു താമസിക്കുന്ന 46 വർഷത്തെ സ്ഥലപരിചയമുള്ള മമ്മദ് എന്ന വ്യക്തി തന്നെ. താൻ വളച്ചുകെട്ടി കച്ചവടം ചെയ്തതാണ് ഈ ഭൂമി എന്ന് വെളിപ്പെടുത്തുമ്പോൾ "പാർപ്പിട പ്രശ്നം" എന്ന വിഷയത്തെക്കാൾ പ്രസക്തവുമാവുകയാണ് നിയമലംഘനങ്ങളുടെ അപകടകരമായ നിസ്സാരവത്കരണം; ഇത്തരമൊരു പ്രശ്നത്തിന് കാരണമാവുന്നത് കൈയൂക്കിനെക്കാളധികം അജ്ഞതയാണ്. നിയമങ്ങൾ പാലിക്കപ്പെടേണ്ടതാണെന്ന ബോധ്യത്തെക്കാളുപരി നിയമങ്ങളെക്കുറിച്ചുള്ള ഒരു ശരിയായ ധാരണയുടെ അഭാവമാണ് ഇത്തരത്തിലുള്ള നിയമലംഘനങ്ങൾക്കും അവയുടെ നിസ്സാരവത്കരണത്തിനും പിന്നിൽ. മമ്മദ് ഇക്കയുടെ തന്നെ അഭിപ്രായത്തിൽ താൻ വളച്ചുകെട്ടിയ ഭൂമി. സ്ഥലമില്ലാത്തവർക്ക് തുച്ഛമായ വിലയ്ക്ക് നൽകുന്നത് സേവനതുല്യമായ പ്രവൃത്തിയാണ്.

ഇവിടെക്കണ്ട പുറമ്പോക്ക് നിവാസികൾക്കോരോരുത്തർക്കും ഒരുപാട് കഥകൾ പറയാനുണ്ട്. കൈയ്യിലുള്ളതെല്ലാം വിറ്റുപെറുക്കി തെരുവിലായത് മുതൽ ജപ്തിനോട്ടീസിന്റെയും ചതിയുടെയും നിസ്സഹായതയുടെയും ഏറെ പരിചിതമായ കഥകൾ. മറ്റുവഴികളില്ലാത്തത് കൊണ്ട് വിലകൊടുത്തിട്ടാണെങ്കിൽ പോലും അനധികൃതഭൂമിയിൽ വീടു വെച്ചവരാണ് അധികവും.



പുവരുപോലുമില്ലാതെ ചാക്കുകൊണ്ട് കെട്ടിയുണ്ടാക്കിയ വീട്ടിലാണ് അരയ്ക്ക് താഴോട്ട് തളർന്നുകിടക്കുന്ന യൂസഫും ഭാര്യയും രണ്ടുകുട്ടികളും. ഇവർക്ക് ആകെയുള്ള വരുമാനം ഭാര്യയ്ക്ക് ലഭിക്കുന്ന മുപ്പതുരൂപയുടെ ദിവസക്കൂലിയാണ്. ഇതുകൊണ്ട് യൂസഫിന്റെ ചികിത്സയും കുട്ടികളുടെ വിദ്യാഭ്യാസവും മറ്റ് ചെലവുകളും നടത്തുന്നു.

തളർവാതത്തിന് യൂസഫ് സമീപിച്ച ദിവ്യചികിത്സകന്റെ കഥയും അജ്ഞതയുടെ കണക്കുപുസ്തകത്തിലെ ബാക്കിപത്രമാണ്. കൂലിപ്പണിക്കാരാണ് ഈ പുറമ്പോക്കിലെ നിവാസികളിലധികവും. ഭാവിയെക്കുറിച്ച് പ്രതീക്ഷയും വർത്തമാനഅവസ്ഥകളെക്കുറിച്ച് തിരിച്ചറിവും ഉള്ളവരാണിവർ. ഭാരതീയനായി ജനിച്ചുപോയത് കൊണ്ട് ഭാരതത്തിന്റെ മണ്ണിൽ എവിടെയെങ്കിലും തലചായ്ക്കാതെ വയ്യ എന്ന തിരിച്ചറിവ്, ഏതു നിമിഷവും കുടിയൊഴിപ്പിക്കപ്പെട്ടാമെന്ന ഭീഷണിക്കു മുന്നിലും ഇവരെ പിടിച്ചു നിർത്തുന്നു.

കരുമാല്ലൂർ ഗ്രാമപഞ്ചായത്തിനു കീഴിലുള്ള ഈ പുറമ്പോക്കിൽ ഒരു "Semi legalisation" അഥവാ അർദ്ധനിയമവത്കരണ നടപടികൾ തൽക്കാലത്തേക്ക് കൈകൊണ്ടിരിക്കുന്നതായാണ് കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ വാക്കുകളിൽ നിന്ന് വ്യക്തമാകുന്നത്. അഞ്ച് വർഷം മുമ്പ് ശ്രീ. വി.ഡി. സതീശൻ എം.എൽ.എ.യുടെ നേതൃത്വത്തിൽ ഇവർക്ക് പൈപ്പ് ലൈനും വൈദ്യുതിയും ലഭ്യമാക്കുകയും വീടുകൾക്ക് നമ്പർ നൽകി പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പുനരധിവാസ ശ്രമങ്ങൾക്ക് താൽക്കാലികമായെങ്കിലും നിലനിൽക്കുന്ന ബുദ്ധിമുട്ടുകൾ കൊണ്ടുതന്നെയാണ് ഇത്തരത്തിലൊരു നടപടി കൈക്കൊണ്ടിരിക്കുന്നതെന്ന് പഞ്ചായത്ത് പ്രസിഡന്റ് വ്യക്തമാക്കുന്നു.

കുടിയൊഴിപ്പിക്കലിന്റെ ഭീഷണി താൽക്കാലികമായി ഇല്ലെങ്കിൽ പോലും ഇടുങ്ങിയ ഭൂമിയിലെ ജീവിത സാഹചര്യങ്ങൾ ശോചനീയമാണ്. പെരിയാർ റിവർ വാലി കനാലുമായി കഷ്ടിച്ച് ഒരാൾക്ക് മാത്രം നടന്നുപോകാവുന്നത്രഅകലത്തിലാണ് വീടുകൾ സ്ഥിതി ചെയ്യുന്നത്. മഴക്കാലത്ത് കനാലിൽ വെള്ളം നിറയുമ്പോൾ അപകടകരമാണ് ഈ വഴിയിലൂടെയുള്ള നടപ്പ്. പക്ഷെ അതല്ലാതെ പുറമ്പോക്ക് കോളനിക്കകത്ത് മറ്റൊരു വഴിയില്ല. ഇത്തരത്തിലുള്ള മറ്റേതൊരു ഇടുങ്ങിയ ചുറ്റുപാടുകളിലുമെന്നത് പോലെ തന്നെ ഇവരും നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം ശുചിത്വമാണ്. വീടുകളിലെ അഴുക്കുവെള്ളവും മറ്റും ശരിയായി ഒഴുക്കി വിടാൻ സ്ഥലപരിമിതി തടസമാകുന്നു. അതുകൊണ്ട് തന്നെ അഴുക്കുവെള്ളം കനാലിലേക്ക് ഒഴുക്കുകയല്ലാതെ മറ്റൊരു വഴിയില്ല. ഇത്തരത്തിൽ മാലിന്യങ്ങൾ അടിഞ്ഞാൽ കനാലിനോട് ചേർന്നു ജീവിക്കുന്ന ഈ നിവാസികൾ മാരകരോഗങ്ങളുടെ കൂടി ഭീഷണിക്കുള്ളിലാകുമെന്നത് മറ്റൊരു ഖേദകരമായ വസ്തുതയാണ്. മാത്രമല്ല ഇത് അസഹ്യമായ ദുർഗന്ധത്തിനും അനാരോഗ്യത്തിനും കാരണമാകുന്നു. അതുകൊണ്ട് തന്നെ പുനരധിവാസം "Semi legalisation" നെക്കാൾ വലിയ അനിവാര്യതയാകുന്നു.

ആലുവ പ്രദേശത്ത് പള്ളികൾക്കു കീഴിലുള്ള സ്വകാര്യഭൂമിയുടെ കണക്കുകൾ പരിശോധിച്ചാൽ ഞെട്ടിക്കുന്നതാണ്. ഇത്രയും അധികം സ്വകാര്യ ഭൂമി കൈവശം വെച്ചിരിക്കുന്ന മതസ്ഥാപനങ്ങളുടെ ധാർമ്മിക ഉത്തരവാദിത്വവും ഈ വിഷയത്തിൽ ചിന്തനീയമാണ്. നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക എന്ന തത്വചിന്തകൾ അൾത്താരകളിൽ നിന്ന് സമൂഹത്തിലേക്ക് പ്രതിഫലിക്കുന്നില്ല.

സർക്കാരിന്റെ ഭാഗത്ത് നിന്ന് വൈകുന്ന പുനരധിവാസ ശ്രമങ്ങൾക്ക് പല പല കാരണങ്ങൾ നിരത്തപ്പെടുമ്പോഴും ഐടി പ്രൊജക്ടുകൾക്കും മറ്റും അനുവദിച്ചുകൊടുക്കുന്ന സ്ഥലങ്ങളുടെയും അവ പൂർത്തിയാക്കുന്ന നിയമനടപടികളുടെ വേഗതയും ചർച്ചാവിഷയമാണ്. താരതമ്യപ്പെടുത്തലുകളെക്കാളുപരി പുരോഗമനശ്രമങ്ങളും മൗലികാവകാശങ്ങളും തമ്മിലുള്ള സംഘട്ടനവും ഇവയിൽ പരിഗണിക്കപ്പെടുന്നവയുടെ വികാസം ചിലപ്പോഴെങ്കിലും മായി തന്നെ വിലയിരുത്തപ്പെടേണ്ട പ്രാധാന്യവും പ്രസക്തിയുള്ളതാണ്.

ഭാരതീയനായി ജനിക്കുകയും ഭാരതത്തിന്റെ പൗരത്വം ലഭിക്കുകയും ചെയ്തതിന്റെ പേരിൽ ഭാരതത്തിന്റെ മണ്ണിൽ എവിടെയെങ്കിലും ജീവിച്ചേ മതിയാകു എന്ന തിരിച്ചറിവ് അനധികൃത ഭൂമിയിലെ ഈ നിവാസികൾക്കുണ്ട്. പക്ഷെ നിഷേധിക്കപ്പെടുന്ന അവകാശങ്ങൾക്കു വേണ്ടി സംഘടിക്കുവാനുള്ള പണവും ഊർജ്ജവുമില്ല. അനിശ്ചിതത്വങ്ങൾക്കു നടുവിലും ഇവർക്കും ജീവിക്കണം. അടുത്ത തലമുറയിലെങ്കിലും സ്വന്തം ഭൂമിയുടെ നിശ്ചിതത്വങ്ങൾ കൈവരുമെന്ന പ്രതീക്ഷയോടെ ആ പ്രതീക്ഷയാണ് ഇവിടെ കണ്ട ഓരോ കുട്ടികളുടെ കണ്ണുകളിലും സ്ഫുരിക്കുന്നത്.

ഇവരുടെ കാര്യത്തിലുള്ള സർക്കാർ നടപടികൾ അടുത്ത തിരഞ്ഞെടുപ്പ് കാലത്തെങ്കിലും പരിഗണിക്കപ്പെടുമെന്ന് പ്രതീക്ഷിക്കട്ടെ.



ദീപക് ഗോപാലകൃഷ്ണൻ
I[st] B.Sc Physics

# ജീവന്റെ സ്പന്ദനങ്ങൾ

ഡയറിയിൽ കോറിയിടുന്നത് ഇടക്കെങ്കിലും ഒന്നു മറിച്ചുനോക്കുന്ന ശീലം പണ്ടേ ഉണ്ടായിരുന്നു. ഒരു പക്ഷേ അതുകൊണ്ടുമാത്രമാവണം നാളുകൾക്കു ശേഷം ആ മനുഷ്യനെക്കുറിച്ച് വീണ്ടും ഒരുവേള ചിന്തിച്ചതും. പണ്ടെപ്പോഴോ കവി പാടിയിട്ടുണ്ട്, കാലം ജാലവിദ്യക്കാരനാണെന്ന്. ജീവിതവും അത്ഭുതമാണ്, ഓരോ നിമിഷവും പുതുതെന്തെങ്കിലും അത് കരുതിവയ്ക്കുന്നു. ഇതിനിടയിൽ അധികമൊന്നും പഴക്കം ചെന്നിട്ടില്ലാത്ത ഒരു ചെറിയ അനുഭവം പിന്നീട് പലപ്പോഴും ദൈന്യത സൃഷ്ടിക്കാറുണ്ട്. പറയുവാനാണെങ്കിൽ അയാളെക്കുറിച്ച് ആധികാരികമായി ഒരറിവുപോലും കൈയിൽ ഇല്ല. കുറഞ്ഞപക്ഷം പേരുപോലും അല്ലെങ്കിലും പേരിലെന്തിരിക്കുന്നു. വെറും ക്ഷണികമായ ഒരു സ്ഥിതിവിശേഷമല്ല ഒരുവന്റെ പേര്. അതിനപ്പുറം അയാൾ പച്ചയായ ഒരു മനുഷ്യനാണ്.

ഭിത്തിനുപുറത്ത് നല്ല നിലാവുണ്ട്. നിലാവിലൂടെ ഊളിയിട്ടെത്തുന്ന നേർത്ത തണുപ്പ്. കാപ്പിയിൽ അതീവ താൽപ്പര്യമാണ്. പലരും പറഞ്ഞു നല്ലതല്ലെന്ന് എങ്കിലും.... ചില ശീലങ്ങൾ അങ്ങനെയാണ് ബോധപൂർവ്വം ശ്രമിച്ചാലും, ഒഴിവാക്കാൻ പ്രയാസമാണ്. അതെ ഇപ്പോഴും കാപ്പി നുണയുന്ന ഏകാന്തതയുടെ ക്രൂരമായ രസം ഉൾക്കൊള്ളാൻ ദീർഘയാത്രകൾ പതിവായിരുന്നു. അങ്ങനെ നേടിയ പല അനുഭവങ്ങളും ശിഷ്ടജീവിതത്തിൽ പല മാറ്റങ്ങളും വരുത്തിവയ്ക്കാറുണ്ട്. അത്തരത്തിൽ ഒന്നാണിത് എന്ന് എടുത്തു പറയട്ടെ. ഉദ്ദേശം സന്ധ്യയായിരിക്കണം. കടകമ്പോളങ്ങൾ പലതും ഉൾവലിഞ്ഞു തുടങ്ങിയിരിക്കുന്നു. എനിക്കെതിർവശം കൂടി ഒരുവൻ പ്രാഞ്ചി പ്രാഞ്ചി വരുന്നത് ഒരു നിമിഷം ശ്രദ്ധിച്ചു. കുളിച്ചിട്ട് ആഴ്ചകളോ മാസങ്ങളോ ആയിക്കാണണം. തീറ്റയും കുടിയും നിലച്ചമട്ടാണ്. ജഢപിടിച്ച താടിയും മുടിയും ചെമ്പിച്ചിരിക്കുന്നു. അരയിൽചുറ്റിയിരിക്കുന്ന കീറത്തുണി കഷ്ടിച്ച് മുട്ടുവരെയുണ്ട്. സ്വബോധം ഉള്ളതായി തോന്നുന്നില്ല. എല്ലുന്തിയ ദേഹത്ത് അവിടവിടെ വ്രണങ്ങൾ കാണാനായി. കുഴിഞ്ഞ കണ്ണുകൾ എങ്ങും നിലയുറപ്പിക്കുന്നില്ല. അടുത്തെത്തിയപ്പോൾ എന്നെ ദയനീയമായൊന്ന് നോക്കുക മാത്രം ചെയ്തു.

പിറകേ കൂടുമോ എന്ന തോന്നലുകൊണ്ടാവണം, ഞാൻ തിരിഞ്ഞുനടന്നു. പക്ഷേ, മനസ്സിലെവിടെയോ കൊളുത്തിവലിക്കുന്നപോലെ തോന്നി. അയാൾ എന്റെ മേൽ കണ്ണും നട്ട് ഇരിക്കുകയാണ്. ആ കണ്ണിലെ വിശപ്പിന്റെ കാളിമ കണ്ടിട്ടാവണം ഞാൻ അരികിൽ ചെന്ന് ചോദിച്ചു. "എന്തേ......"? അപ്രതീക്ഷിതമായി യാതൊരു ഭാവഭേദവും കൂടാതെ അയാൾ തിരിഞ്ഞു നടന്നു. എങ്കിലും ഞാൻ പണിപ്പെട്ട് ഒരു ഹോട്ടലിലേക്ക് കയറ്റി. നിർഭാഗ്യകരമെന്ന് പറയട്ടെ ഹോട്ടലുടമ അയാളെ അകത്തിരുത്താൻ വിസമ്മതിച്ചു. ഒടുവിൽ ഭക്ഷണപ്പൊതിയുമായി അയാൾ തിണ്ണയിലിരുന്ന് കഴിച്ചുതുടങ്ങി. ഇടയ്ക്കെപ്പോഴോ അയാളുടെ കണ്ണിൽ നിന്ന് ഒരിറ്റു കണ്ണീർ പൊടിയുന്നത് ഞാൻ ശ്രദ്ധിച്ചു. ഭക്ഷണം പകുതിപോലും തീർക്കും മുമ്പ് പൊതി മടക്കി എന്റെ നേർക്കു നോക്കി.

പിന്നീട് കടുത്ത ക്ഷോഭത്തോടെ എന്നോട് ചോദിച്ചു.

"എന്തിനായിരുന്നു...... ഇതൊക്കെ...."

അപ്പോഴേക്കും അയാളുടെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു. എനിക്കാമനുഷ്യനോട് ഇതിനകം തന്നെ തെല്ലൊരു

ടുപ്പം തോന്നിയിരുന്നു. എന്തു കൊണ്ട് എന്നന്വേഷിക്കുന്നതിലെ വ്യർത്ഥതകൊണ്ടാവാം അതിനു തുനിയാഞ്ഞത്.

പിന്നീടയാൾ പറഞ്ഞറിഞ്ഞപ്പോൾ ഒരുവേള ഞാനും കരഞ്ഞുകാണണം. വേണ്ടപ്പെട്ടവരെല്ലാം തന്റെ കൈപ്പിടിയിൽ നിന്ന് അകന്നപ്പോൾ താൻ മാത്രം വഴിപിഴയ്ക്കപ്പെട്ടതിന്റെ കഠിനതീവ്രത അയാളുടെ വാക്കുകളിൽ മുറ്റിനിന്നു.

ഒരു കർഷകനായിരിക്കെ, മലഞ്ചെരുവുകളിൽ ആയുധങ്ങളിറക്കി വിളയിച്ചെടുത്ത തന്റെ വിളകളെ അയാൾ ആനന്ദത്തിന്റെ പരകോടിയിൽ സൂക്ഷിച്ചു. അവ മൂത്തു പഴുത്ത് വീണ്ടും മുളയ്ക്കാറായപ്പോഴേക്കും സമയം അമ്പേ വൈകിയിരുന്നു. എല്ലാം തന്റെ സ്വന്തം തെറ്റായി അയാൾ ഏറ്റുപറയുമ്പോഴും ആ മനസ്സു വെമ്പുന്നതായി ഞാനറിഞ്ഞു. അയാളുടെ ജീവിതത്തിലെ നേർത്ത സ്പന്ദനങ്ങൾ പോലും പലരും കണ്ടില്ലെന്നു നടിച്ചു. ആ മനസ്സ് ഏകാന്തതയുടെ ചൂളയിൽ വെന്തുരുകിയപ്പോൾ അവർ അതുകണ്ടുരസിച്ചു.

ഇതിനിടയിൽ ഞങ്ങൾ ദൂരം കുറേ സഞ്ചരിച്ചിരുന്നു. ഒടുവിൽ ചെന്നെത്തിയത് വിശാലവും വിജനവുമായ തരിശുനിലത്തിലാണ്. അവിടവിടെ പൊന്തക്കാടുകൾ. അവയ്ക്കു ചുറ്റും പതിയിരിക്കുന്ന ശൂന്യത. ചീവിടുകളുടെ സംഗീതം.....

ശേഷം അയാളുടെ നേർത്തവിതുമ്പൽ കേൾക്കായി.... ആ മനുഷ്യനെ ആശ്വസിപ്പിക്കാനുള്ള കരുത്തെനിക്ക് ഉണ്ടായിരുന്നില്ല. ഒരു നീണ്ട തലമുറയുടെ ഭാരത്തോടെ ആ നിലമത്രയും ഒരു പരമ്പര വച്ചു നീട്ടിയപ്പോൾ അയാൾ അത് ഇരുകൈയും നീട്ടി വാങ്ങി. നെല്ലോ ഗോതമ്പോ വിളയേണ്ടിടത്ത് തഴച്ചുവളർന്ന കുറ്റിച്ചെടികൾക്ക് ഇടയിൽ മുളപൊട്ടിയ അയാളുടെ കരിഞ്ഞ സ്വപ്നങ്ങളെ ആരും കണ്ടില്ല. ആ സാധു മനുഷ്യൻ തലമുറയുടെ ഭാരം പേറിയ മണ്ണുമായി നാഥനില്ലാത്ത കളരിയിൽ നടമാടി. ഫലമായി അയാൾ സ്വീകരിച്ചത് ചിത്തഭ്രമവും. നീണ്ട പരമ്പരയുടെ ശാപവാക്കുകൾ ശരവർഷം തീർത്തപ്പോൾ അയാൾ വിങ്ങിപ്പൊട്ടി. ആത്മാവിലേറ്റ ആഴത്തിലെ മുറിവുമായി അയാൾ അനേകം വഴികൾ താണ്ടി.

ഒടുവിൽ ആ മനുഷ്യൻ അവിടെ പ്രജ്ഞയറ്റുവീണു. ആ കണ്ണുനീർ മണ്ണിൽ വീണമർന്നു. ഇരുകൈയും കൊണ്ട് അയാൾ മണ്ണുവാരിയെടുത്ത് നേർത്ത ശബ്ദത്തിൽ വിളിച്ചു....

"മക്കളേ......"

അയാൾ അത് ചെവിയോടടുപ്പിച്ചു. അവയുടെ ഊർദ്ധ്വൻ അയാളുടെ ചെവികളിൽ പ്രതിധ്വനിച്ചു. നായ്ക്കൾ ഓരിയിട്ടതും നരിച്ചീറുകൾ ചിറകടിച്ചു പറന്നു പോയതും അയാൾ അറിഞ്ഞില്ല.

പിന്നീട് കൈയിലെ മണ്ണു മുഴുവൻ വായിലേക്ക് പകർന്നു കൊണ്ട് അയാൾ ഉച്ചത്തിൽ കരഞ്ഞു. അവ്യക്തമായി പറഞ്ഞ വാക്കുകൾ തൊണ്ടയിൽ കുരുങ്ങി. മണ്ണ് രക്തത്തിൽ ചാലിച്ച് മൂക്കിലൂടെ തുപ്പി.

ഒരു പ്രാകൃതമായ സീൽക്കാരത്തോടെ കാറ്റടിച്ചു. വല്ലാതെ ബദ്ധപ്പെട്ട് അയാൾ എഴുന്നേറ്റപ്പോൾ അരയ്ക്കു കീഴെ ഉണ്ടായിരുന്ന കീറത്തുണി അഴിഞ്ഞു വീണിരുന്നു. തന്റെ നഗ്നതയിൽ ഒട്ടും ലജ്ജിക്കാതെ അയാൾ മാറത്തടിച്ചു കരഞ്ഞു. ഒടുവിൽ ആ മനുഷ്യൻ തന്റെ മണ്ണിലേക്ക് ആഴ്ന്നിറങ്ങി. ആവേശത്തോടെ വീശിയ കാറ്റിൽ പറന്നു വന്ന കാട്ടുപൂക്കൾ ആ ദേഹത്തു വീണമർന്നു. അവിടെ വേരുകൾ പടർന്നു... ടിച്ചു. ഇന്നവിടെ കുറ്റൻ സൗധ... ങ്ങൾ ഉണ്ടായിരിക്കാം.

അതെ, ജീവിതം ഒരത്ഭുതമാ... ണ്. ഏതെങ്കിലും ഒരു ഘട്ട... ത്തിൽ നമുക്കുനേരെ അപ്രതീ... ക്ഷിതമായി പലതും പാഞ്ഞ്... വീഴുന്നു. പലരും വിധിയ്ക്ക... നുസരിച്ച് യാന്ത്രികമായി... ജീവിക്കുന്നു. ഇനിയും... ഇത്തരം മനുഷ്യർ ഈ ഭൂമി... യിൽ ജന്മമെടുക്കും. ഇ... മണ്ണിൽത്തന്നെ. അതേ തലമുറ... യുടെ പരമ്പരയുമായി... നേർത്ത സ്പന്ദനങ്ങൾ ഉയ... മ്പോൾ ആർക്കോ വേണ്ടി പി... യ്ക്കുന്ന മനസ്സുകൾ വെ... ത്തീരുന്നതും. അവ... ടൊത്ത് കരഞ്ഞുതീർക്കുന്ന... ഒരു ജന്മവുമായി ഇനിയു... ഒരാൾ... മുമ്പു കുടിച്ച്... ങ്ങിയ കാപ്പി തണുത്തുറഞ്ഞ... രിക്കുന്നു. മറിഞ്ഞു പോയ... താളുകൾക്കു മുമ്പിൽ എന്റെ... കണ്ണുകൾ വീണ്ടും... നിൽക്കുന്നു....

ഡി. ദിവ്യ
ഗവേഷണ വിദ്യാർത്ഥി
മലയാള വിഭാഗം



# ശരീരങ്ങൾ പറയുന്നത്

## ആഗോളവത്കരണകാലത്തെ ജീവിതാവസ്ഥ

ആഗോളവത്കരണകാലത്ത് മനുഷ്യത്വത്തിനുണ്ടാകുന്ന അപചയങ്ങളാണ് ഇ.പി. ശ്രീകുമാറിന്റെ 'പരസ്യശരീരം' എന്ന സമാഹാരത്തിലെ കഥകൾ അടയാളപ്പെടുത്തുന്നത്. കേരളീയ സമൂഹത്തിലെ വർത്തമാനാവസ്ഥകളെ ചിത്രീകരിക്കുന്നതോടൊപ്പം പ്രവചനാത്മകതയുള്ള ചില കഥകളും ഈ സമാഹാരത്തിലുണ്ട്.

വിപണിയുടെ ഏറ്റവും വശ്യമായ ആകർഷണതന്ത്രങ്ങളിൽ ഒന്നാണ് പരസ്യങ്ങൾ. പരസ്യങ്ങളിലെ ബിംബങ്ങൾ യാഥാർത്ഥ്യവും ഭാവനയും, ഉപരിതലവും അഗാധതയും തമ്മിലുള്ള അന്തരം ഇല്ലാതാക്കുന്നതായി ജീൻ ബോദ്രിയാർ മാധ്യമപഠനങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെരുപപ്പെടുന്ന അതിയാഥാർത്ഥ്യത്തിന്റെ സംസ്കാരം എങ്ങനെ ഇരകളെ സൃഷ്ടിക്കുന്നുവെന്ന് ശ്രീകുമാറിന്റെ 'പരസ്യ ശരീരം' എന്ന കഥ വെളിവാക്കുന്നു. 'കമ്പൂർവശ്യ' എന്ന സമാഹാരത്തിലെ 'പരസ്യക്കോലം' എന്ന കഥയിൽ ഉപജീവനത്തിനായി പരസ്യക്കോലമായി ആടുന്ന ഒരുവന്റെ നിസ്സഹായത ശ്രീകുമാർ അവതരിപ്പിച്ചിട്ടുണ്ട്. 'പരസ്യശരീര'ത്തിലാകട്ടെ കഥാകൃത്തിന്റെ കഥ വായിച്ച ലൂസിയ എന്ന വിദേശയുവതി തന്റെ നെറ്റിത്തടം ലേലം ചെയ്ത് ബഹുരാഷ്ട്രകമ്പനിക്ക് പരസ്യം പതിക്കാൻ വിറ്റു. തന്റെ പഠനത്തിനുള്ള പണം കണ്ടെത്താൻ വേണ്ടി അങ്ങനെചെയ്ത അവളെ അതിൽ നിന്ന് മോചിപ്പിക്കാൻ എത്തുന്ന കഥാകൃത്ത് കാണുന്നത് "ഞങ്ങളുടെ ശരീരങ്ങൾക്ക് സ്വകാര്യതകളില്ല" എന്ന് പറയുന്ന ഒരു വിദ്യാർത്ഥി സമൂഹത്തെയാണ്. നെറ്റിയിലെ പരസ്യാക്ഷരങ്ങൾ കുരുക്കാണെന്നും നിരാജീവിതത്തിന്റെ സ്വാതന്ത്ര്യം കവർന്ന് വിധേയമാക്കുന്ന കെണിയാണെന്നും കഥാകൃത്ത് മുന്നറിയിപ്പ് നൽകുന്നുണ്ടെങ്കിലും പണമില്ലാത്തവർക്കും വിദ്യാഭ്യാസം നേടണമെന്ന ചിന്തയാണ് ലൂസിയയെ ആജീവനാന്തകരാറിൽ ഏർപ്പെടാൻ നിർബന്ധിതയാക്കിയത്. വിദ്യാഭ്യാസം പോലുള്ള സേവനമേഖലകളെക്കൂടി കച്ചവടവത്കരിക്കുന്ന ഇന്നത്തെ ഉപഭോഗസംസ്കാരത്തെ നിശിതമായി വിമർശിക്കുകയാണ് 'പരസ്യ ശരീരം' ചെയ്യുന്നത്.

സാങ്കേതികവിദ്യകളെ സൃഷ്ടിക്കുന്നത് നമ്മളാണെങ്കിലും അവ നമ്മെ സൃഷ്ടിക്കുകകൂടി ചെയ്യുമെന്ന് മാർഷൽ മക്‌ലൂഹൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 'ഡെഡ് ലൈൻ' എന്ന കഥയിൽ ഒരു ബഹുരാഷ്ട്ര കമ്പനിയിലെ മാർക്കറ്റിംഗ് മാനേജരായ രാജേഷിന്റെയും, ബാംഗ്ലൂരിലെ ഐ.ടി. പ്രൊഫഷണലായ കീർത്തനയുടെയും ജീവിതങ്ങളെ സാങ്കേതിക വിദ്യ എങ്ങനെ കാർന്നുതിന്നുന്നുവെന്ന് കാണാനാവും. സോഫ്ട്‌വെയർ പ്രൊഫഷണലിനു മുന്നിൽ എന്നും "ഡെഡ് ലൈൻ" പ്രൊജക്ടുകളാണ്. യുവത്വത്തിന്റെ ബുദ്ധിയും ആരോഗ്യവും സമയവും മുഴുവനായി തന്നെ ഐ.ടി. കമ്പനികൾക്കു വേണം. "അറിവില്ലാ പ്രായത്തിൽ അഞ്ചക്കശമ്പളം കണ്ടു കണ്ണഞ്ചി ഒപ്പിട്ടുപോയ ബോണ്ടുകളുടെ തടവിലാണ്" താനെന്ന് കീർത്തനവേവലാതിപ്പെടുമ്പോൾ തനിക്കുപോലും പരിചിതമില്ലാത്ത ഒരു കമ്പനി ഉത്പന്നമായി താൻ മാറി

യിരിക്കുന്നതായി രാജേഷിന് തോന്നി. അച്ഛന്റെ മൃതശരീരം ചുമന്ന് ചിതയിലേക്ക് നടക്കുമ്പോഴും മൊബൈൽ ഫോണിൽ ബോസിന്റെ നിർദ്ദേശങ്ങൾ കേട്ടുകൊണ്ടിരിക്കുന്ന ആ ചെറുപ്പക്കാരൻ സ്വന്തം യുവത്വം ബഹുരാഷ്ട്ര കമ്പനികൾക്ക് പണയം വയ്ക്കുന്ന പുതിയ യുവത്വത്തിന്റെ പ്രതീകമാണ്.

വാർധക്യത്തിന്റെ ഏകാന്തതയും വ്യഥകളുമെല്ലാം നിരവധി രചനകളിൽ ഇടം നേടിയ പ്രമേയങ്ങളാണ്. എന്നാൽ, 'വൃദ്ധജനബാങ്ക്' അവയിൽ നിന്നെല്ലാം വ്യത്യസ്തമാകുന്നത് പ്രമേയത്തിന്റെ പുതുമ കൊണ്ടും ആഖ്യാന തന്ത്രം കൊണ്ടുമാണ്. ബാങ്ക് വൃദ്ധജന ബ്രാഞ്ച് തുറക്കുന്നതിനും അതിലൂടെ 'മറുപണയം' പദ്ധതി വൃദ്ധർക്കിടയിൽ ആവിഷ്കരിക്കുന്നതുമെല്ലാം സംഭവ്യങ്ങളായിട്ടേ കഥ വായിക്കുന്നവർക്ക് അനുഭവപ്പെട്ടു. മറുപണയം പദ്ധതിയിൽ വൃദ്ധർക്ക് മരണം വരെ സുഖമായി കഴിയാനുള്ള പണം ബാങ്ക് തരും. മരണം വരെ ഒരു ചില്ലിക്കാശ് പോലും തിരിച്ചടയ്ക്കണ്ട. മരണശേഷം വൃദ്ധരുടെ വീടും പുരയിടവും ബാങ്കിന് സ്വന്തമായിരിക്കുമെന്ന് മാത്രം. മക്കളുടെ ഔദാര്യത്തിനായി കൈ നീട്ടേണ്ട പലരും മറുപണയം പദ്ധതിയിൽ അംഗമാകുന്നത് വിവരിച്ച ആഖ്യാതാവ് ഒടുവിൽ തന്റെ ശസ്ത്രക്രിയക്കുള്ള തുക മകനോട് ചോദിക്കാൻ വിമുഖനായി മറു പണയത്തിൽ ചേരുന്നതും ബാങ്ക് തന്ന ചെലവ് കാശ് തീരാറായിട്ടും താൻ മരിച്ചു പോകാത്തതിൽ ഉത്കണ്ഠാകുലനാകുകയും ചെയ്യുന്ന ദയനീയ ചിത്രത്തിലാണ് കഥയുടെ പരിസമാപ്തി.

സാങ്കേതികവിദ്യയെ സംഹാരായുധമായി പരിണമിപ്പിക്കുന്നതും പിന്നീട് അത് സ്രഷ്ടാവിന്റെ നേർക്ക് തന്നെ തിരിയുന്നതുമാണ് 'അണുബാധ' എന്ന കഥയിലെ ഇതിവൃത്തം. മഹാരോഗങ്ങൾക്ക് കാരണമാകുന്ന അണുക്കളെ കൃത്യമായി ഉത്പാദിപ്പിക്കുന്ന ഗവേഷകരുടെ വിധ്വംസക സംഘത്തിൽ സോഫ്റ്റ്വെയർ പ്രോഗ്രാമറായി എത്തിച്ചേർന്ന മേനു സൈബർ ആക്രമണത്തിലൂടെ ലക്ഷക്കണക്കിന് കമ്പ്യൂട്ടറുകളും മൊബൈൽഫോണുകളും നിശ്ചലമാക്കാൻ ശേഷിയുള്ള ഒരു പുതു വൈറസിനെസൃഷ്ടിച്ചു. തനിക്കു പുതിയ കൈപ്പിശക് തന്റെ പ്രിയപ്പെട്ടവരുടെ ജീവിതത്തെ ഹനിക്കുമെന്ന് മനസ്സിലായപ്പോൾ സംഹാര കർമ്മനിയോഗത്തിൽ നിന്നു പിന്മാറിയാൻ അവൾ ആശിച്ചു. എന്നാൽ പ്രതിരോധാണുക്കളെ സൃഷ്ടിക്കാൻ കഴിയാതെ അവൾക്ക് അനിവാര്യമായ ദുരന്തത്തിന് കീഴടങ്ങേണ്ടിവന്നു. 'രക്ഷ'യാകട്ടെ സ്നേഹവും സംഗീതവും ഇടകലർന്ന അപൂർവ്വമായ ആത്മബന്ധത്തിന്റെ കഥയാണ്. ഈ സമാഹാരത്തിലെ 'പാഴ്', 'ഗ്രീറ്റിംഗ്സ്' തുടങ്ങി മറ്റു കഥകളും വർത്തമാനകാലത്തിന്റെ ആകുലതകൾ ഏറ്റുവാങ്ങിയവയാണ്. ആഗോളഗ്രാമം എന്ന സങ്കൽപ്പത്തിൽ നമ്മുടെ സ്വത്വവും പാരമ്പര്യവുമെല്ലാം കൈമോശം വന്നുപോകുന്നു. കച്ചവടവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഉത്തരാധുനിക സമൂഹത്തിന്റെ നേർക്കാഴ്ചകളാണ് ഈ സമാഹാരത്തിലെ ഒട്ടുമിക്ക കഥകളും.

# Film Review



Anu K. Antony
II B.A. English

"The Hours" directed by Stephen Daldry on the screen play of David Hare clearly picturises the strain and suffocation in relationships and individual characters. The film also tries to puzzle out contradictions and contrasts self and the reflection of that self in other's lives.

The film begins with a scene where the author Virginia Woolf who wrote the book 'Mrs. Dalloway' is commiting suicide. The death and depression created by the death in the depth of water is beautifully picturised.

Virginia Woolf was a writer and she always loved to write without being disturbed. Even husband, servants and guests become a disturbance for her.

The frustrations of her own life are reflected in her novel 'The life of Mrs. Dalloway'. Through the escape of Mrs. Laura Brown (her character in the book) from her family circumstances, she finds a temporary relief at least through the character. Virginia Woolf also at one point is trying to run away from her life. But at the same time she is writing about the effects of strained relationships and depressing emotions by projecting Laura's son, Richard's story. He missed his mother in his childhood and that pain is hunting him. Even his later life when he becomes an AIDS patient is picturised and conveyed through a touching scene in which he cries remembering his mother's love.

The picturisation of love which can be expressed and experienced through various dimensions is also portrayed. The love of Mr. Woolf for Virginia, love of Mr. Brown for Mrs. Laura Brown, the innocent love of little Richie for his mother, the affection between Virginia and her sister Venessa, the relationship between Mr. Louis and Richard, love of a mother by Mrs. Dalloway for her daughter and most importantly the love between Richard and Mrs. Dalloway, conveys the essence and effect on love in its various angles.

Another important thing is the way relationships are portrayed, how the relationships get out of their way and how talents become a struggle in the family. Virginia Woolf has dared to question the need for family indirectly. The film can be called feminist because its characters are bold and powerful women. Moreover it highlights the need for a space to express womens talents. The film (ofcourse the book) questions the unwritten rules of society. The character of Virginia has varying emotions and mood variations and a love for death, but the society which includes her husband, sister

and servants marked her as ... a patient. Just because she's not "NORMAL" they all love her but fail to accept her. The same is reflected in her, heroine, Laura.

Another thing is the picturisation of death. Virginia loves death, Laura wished to die and Richard commits suicide. The contrast between life and death is clearly conveyed. She wants to kill someone in her movie because only when some one is killed others can realise how important life is.

Richard, the son of Laura is another powerful character. He loves Mrs. Dalloway and she's his only support. Mrs.Dalloway is arranging a party for his success in writing a novel which is autobiographical. She calls a lot of guests to the party even Laura Brown and she arranges everything. But Richard at the time commits suicide by jumping from the window.

He jumped without attending the party meant for him. For him realisations are more important than appreciations. He commited suicide not because he had no one to love or he didn't love any one. He loved Clarissa and he loved her more, he died.

Virginia also had a loving husband, she also loved him too, but she died. Death is not a tragedy. It is a lesser tragedy than a suffocated life, especially when it is beautiful.

The film has got many beautiful connections between the scenes. The freshness which flowers can create between relationships and the richness of water and the indifference which its depth creates in front of death is effectively conveyed. Death is more beautiful when it is symbolic. The death of a bird and the grave which the innocent children of Vanessa create for it arouses the love for death and a pain at sometimes in her face.

The irrelevance of gifts and expressions between relations hips is brought out through little Richards question "if we don't make the cake won't he know that we love him" when Laura makes a cake for him.

Also the film has got some technical and chronological confusions. The story which was written in 1923 is about an AIDS patient. How can that happen when and AIDS virus was detected only in 1980?

But the film effectively conveys Virginia's life and her life in a way is reflected in her book. The film is important because there is always a struggle between family, relationship talents, and individuality. When social obligations also get connected to it the subject becomes much more complex and solutionless. It cannot be said that the problem is solutionless but you have to be ready to abandon relationships.

അനുപമ അഗസ്റ്റിൻ
II B.A. Economics

# സമതലം

ഒന്നിനുമീതെ ഒന്നായി വീണുകിടക്കുന്ന, മണ്ണിന്റെ നിറമുള്ള കരിയിലകൾ, ഓരോ കാലുവയ്ക്കുമ്പോഴും അവയോരോന്നും പറന്നുവന്ന് എന്റെ കാലടികൾക്കു തടസ്സം നില്ക്കുമെന്നു പ്രതീക്ഷിച്ചു. എന്നാൽ അതുണ്ടായില്ല. ഒരുപക്ഷെ തനിക്കു താഴെയുള്ള ഇലയെ നോക്കിയപ്പോൾ കണ്ട ജീവിതനിശ്ചലതയുടെ തത്വചിന്ത ഓർത്തെടുത്തതു കൊണ്ടാകാം. അല്ലെങ്കിൽ വഹിച്ചുകൊണ്ടുപോകുന്നകാറ്റിനോടുള്ള പേടിയാകാം. അതുമല്ലെങ്കിൽ വന്നുവീഴുന്ന പുതിയ കരിയിലയെ കണ്ടിട്ടാകാം. ഒരാൾകൂടി ഇവിടേയ്ക്ക് എന്ന നിർവേദഭാവം.

പുതിയ ഇല വന്നാൽ അതിനു മുൻപേ ദ്രവിച്ചുപോകാൻ ഭാഗ്യംലഭിച്ച ഒരു കരിയിലയായി, കരിയില മാത്രമായി താൻമാറുമല്ലോ എന്ന ഭാവം. മണ്ണും താനും മാത്രമാകുന്ന നാഗരികതകൾ വളരുകയും തളരുകയും തുടങ്ങുകയും അവസാനിക്കുകയും ചെയ്ത, ജീവജാലകങ്ങളുടെയെല്ലാം ജഡാവസ്ഥയെ സ്വാംശീകരിച്ച മണ്ണ്- തുടർന്നുള്ള നിമിഷങ്ങൾ. അമൂർത്തമായ ആത്മാവായും, പിന്നീട് മരത്തിലെ ഇലയായും ഒരുനാൾ കരിയിലയായും മാറുന്ന ഇലയുടെ മനശാസ്ത്രം എനിക്കു വഴങ്ങാത്തതാണെന്ന് വീണ്ടും തോന്നിത്തുടങ്ങുകയാണ്. ലൈബ്രറിയിൽ നിന്ന് ഒരു ചൂളം കുത്തലായി പുറത്തുവന്ന സ്പെൻസറുടെ അതിജീവനസിദ്ധാന്തം കേട്ട് (കേട്ടെന്നു ഞാൻ വിശ്വസിക്കുന്നു) ഒരു കരിയില പക്വമാർന്ന ഒരു പുഞ്ചിരി പൊഴിച്ചു. കടഭാഗം താഴോട്ടുകുത്തി ഒന്നു പറന്നുയർന്നു വീഴാൻ അത് ശ്രമിച്ചിരിക്കാം.

പഴമയുടെ സുഗന്ധം മഴയായ് പെയ്തു. പുല്ലിൽ നിന്ന് വെള്ളം ഇറ്റിറ്റുവീണു. ഓലയിൽ നിന്നും റോഡിൽ നിന്നും വെള്ളം ഒലിച്ചിറങ്ങി. പാത്തികളിലൂടെ, കോൺക്രീറ്റിൽ നിന്ന് വെള്ളം പൈപ്പുവഴി കുത്തനെചാടി. സമതലമായതിനാൽ വെള്ളം അവിടെയും ഇവിടെയും കെട്ടി നിന്ന് കുഴികൾ സൃഷ്ടിച്ചില്ല. ഒഴുകിപോയതുമില്ല. വീടിനോടു ചേർന്നുള്ള ചെരിഞ്ഞ തെങ്ങിൻതോപ്പിൽ നിന്ന് കുത്തനെവെള്ളം ഒഴുകിയിറങ്ങുന്നതും ആ ഒഴുക്കിൽപെടാതെ പച്ചപ്പുല്ലിൽ ഇറുകെ പിടിച്ചിരിക്കുന്ന, മാനം തെളിയുമ്പോൾ എന്റെ അടുത്തേയ്ക്ക് വർണച്ചിറകുകൾ വിടർത്തി പറന്നുവരുന്ന പ്രാണിയെ ഞാൻ ഓർത്തു. അതിന്റെ കണ്ണുകളിലെ സ്വാതന്ത്ര്യം എനിക്കു നഷ്ടപ്പെട്ടുപോയോ ? സമതലത്തിൽ വെള്ളം നിന്നു. ആഴമില്ലാത്ത തടാകം പോലെ. പുല്ലുകളുടെ വേരുകളും കടഭാഗവും വെള്ളത്തിൽ. പുതിയ നാമ്പുകൾ, ചെറിയ പച്ചപ്പുകൾ വെള്ളത്തിനുമീതെ, മീതെയെന്ന് കഷ്ടിച്ചു കണക്കാക്കാം. ചെറുപ്രാണികൾ ശ്വാസനാളം മാത്രം ഉയർത്തിപിടിച്ച് അവിടെത്തന്നെയിരുന്നു- മുദ്രാവാക്യങ്ങളുടെ ചൂടറിഞ്ഞു, പ്രണയത്തിന്റെ മാധുര്യമറിഞ്ഞു, സൗഹൃദത്തിന്റെ ആഴങ്ങളറിഞ്ഞു. അത് ഒരു പുതിയ ലോകമായിരുന്നു. മുക്കാൽ ഭാഗവും വെള്ളത്തിൽ മുങ്ങിനിന്ന് ഈറനുടുത്ത് നിബന്ധനകളും നിയമങ്ങളുമറിയാതെ അങ്ങനെപെയ്തുവീഴുന്ന ഓരോ മഴത്തുള്ളിയേയും മനസ്സിലേയ്ക്ക് ഏറ്റുവാങ്ങി ആ മഴത്തുള്ളികൾ ഏഴുവർണ്ണങ്ങളും തിരിച്ചറിഞ്ഞ്, വെള്ളത്തിലെ അത്ഭുതങ്ങൾക്കു കാതോർത്ത് വികാരങ്ങളുടെ ലോകത്ത് ഈറനായി തണുത്ത് മരവിച്ചു.

വെള്ളം മണ്ണുതന്നെ കുടിച്ചു തീർത്തു ഒരുപാടു നാളത്തെ സ്വാംശീകരണ പ്രക്രിയയിലൂടെ. വെള്ളം വറ്റി സൂര്യകിരണങ്ങൾ സമതലത്തിൽ പതിച്ചു. ചുട്ടുപൊള്ളുന്ന ചൂട്, ജീവിതത്തെ കാത്തിരിക്കുന്ന ചൂട്. ആദ്യമഴയ്ക്കു ശേഷം പുറത്തുവന്ന പ്രാണിയെ ഞാൻ ഓർത്തു. ചെറുപ്രാണികൾ ചിറകുകുടയാൻ ശ്രമിച്ചു. ഉതിർന്നു വീണ വെള്ളത്തുള്ളികളിൽ വേർപിരിയലിന്റെ നൊമ്പരമറിഞ്ഞു. പഴത്തോട്ടത്തിൽ നിന്ന് പുറത്താക്കപ്പെട്ട ആദത്തെയും ഹവ്വയെയും പോലെ നനഞ്ഞ കുഞ്ഞു ചിറകുകളുമായി അവർ പടിവാതിലിൽ നോക്കി നിന്നു.

ലൈബ്രറിയുടെ കമ്പിയിഴകളിൽ നിന്നും ചിറകു വിരിച്ചുപറക്കുന്ന ചില പ്രാണികളെ ഞാൻ നോക്കി നിന്നു. അകന്നു മാറിനിന്ന് വീക്ഷിച്ച ലോകത്തിനു മുകളിലൂടെ നഷ്ടപ്പെട്ട എന്തിനെയോ ഓർത്ത് അവർ പറന്നുപോയി-മഴക്കാർ മൂടിയ ആകാശത്തിന്റെ അനന്തതകളിലേയ്ക്ക് മറ്റു പ്രാണികൾ മണ്ണിന്റെ ഗന്ധത്തോടുചേർന്ന് ഓർമകളെ തിരിച്ചുവിളിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു- നിറക്കൂട്ടുകളുള്ള, നിറമില്ലാത്ത വികാരങ്ങളുടെ ലോകത്തെ. അതിന്റെ ചിറകുകൾ കരിയിലകളായി.



Fashna Abdul Samad
II B.A. Psychology

# TREE

They didn't tell us
What it would be like
Without trees

Nobody imagined
That the whispering of leaves
Would grow silent
Or the Vibrant jade of spring
Pale to grey death

And now we pile
Rubbish on rubbish
In this dusty landscape
Struggling to create
A tree

But though the shape is right
and the knotted branches
leap upon the wind
and plastic leaves
lend colour to the twigs

Wait in Vain
For the slow unfurling of buds
And no amount of loving
Can stir out every tree
To singing




മനീഷ കെ.പി.
III Zoology



# നിന്റെ ഓർമ്മയ്ക്ക്...

"ജീവിതമാം ചെടിയിൽ
നീയൊരു
പനിനീർപ്പൂവായ് വിളങ്ങി
ഇലകൾ നിനക്കായ്
തണൽ വിരിച്ചു.
മുള്ളുകൾ നിനക്കായ്
രക്ഷാവലയം തീർത്തു
എന്നിട്ടുമാ ക്രൂര
മൃത്യുതൻ കരങ്ങൾ
നിന്നെ ചെടിയിൽ
നിന്നടർത്തി?
മൊട്ടുകളാം ഞങ്ങളിൽ
നിന്നകറ്റി?
കണ്ണുനീരാം മഞ്ഞുകണങ്ങളീ
ചെടിയിൽ വിതറി
നീ മറഞ്ഞതങ്ങോ
ഇനി വരില്ലൊരിക്കലും......"



# Admission Open For GNIIT

**NIIT**
*Be more ambitious*

## A Dual Qualification Program For College Students


- GNIIT is a 3 year program which can be taken along with college studies.
- It has 2 years of studies and 1 year of work experience in the IT industry with stipend.
- GNIITians are placed in 18 of the top 20 IT Companies in India.

**100 % job oriented IT program***

**12th Passed & BA, B.Sc, B.Com, BBA, BCA Students can apply**

### Authorized NIIT Centers in KERALA

COCHIN - PALARIVATTOM : 0484-3257773, TRIPUNITHURA : 0484-2783866, RAVIPURAM : 0484-2365846, ALUVA : 0484-2630007, NORTH PARAVUR : 0484-4062292, MUVATTUPUZHA : 0485-6419812, ALAPPUZHA : 0477-2254333, THODUPUZHA : 04862-229377, KOTTAYAM : 0481-2565934, PALA : 04822-210870, THIRUVALLA : 0469-2731533, CHANGANACHERRY : 0481-2423895, CHENGANNUR : 0479-2454578, THRISSUR : 0487-2331047, IRINJALAKUDA : 0480-2828228, Trivandrum - Kesavadasapuram : 0471-2542673, MG Road : 0471-2331064, Neyyattinkara : 0471-2224242, Kollam : 0474-3253217, Ottapalam : 0466-2247078, Palakkad : 0491-2537371, Perinthalmanna : 04933-229280, Kannur : 0497-2764330.



റിയ ജോയ്
II B.A. ഇംഗ്ലീഷ്



# വിദേശി

ഇന്നലെ വന്നു വിമാനത്തിൽ
കൈ നിറയെ കൈനീട്ടവുമായ്.
കൈയ്യിൽ പലതും മനസ്സിൽ ചിലതും
കരുതി വരുന്നൊരു പാണ്ഡവനായ്

സ്വപ്നങ്ങളുടെ നിറമഴുകി
ഇഴുകിച്ചേർന്നൊരു പാസ്പോർട്ട്;
കുപ്പയിലേക്ക് വലിച്ചെറിയാൻ
കാലൻ തന്നൊരു ഗൾഫ് വിസ

ആളറിയാനൊരു സ്റ്റൈൽ വേഷം,
ആളറിയാതിരിക്കാൻ കൂളിംഗ് ഗ്ലാസ്
വരുന്ന വഴിയേ കടയിൽ കയറി
പെട്ടികൾ നാല് കടം വാങ്ങി.

ഒന്നാമതൊരു പണപ്പെട്ടി
ഭിക്ഷയെടുത്തതു സൂക്ഷിക്കാൻ.
പിന്നത്തേതൊരു തീപ്പെട്ടി
സ്വന്തം മനസ്സിനു തീ വയ്ക്കാൻ

മൂന്നാമതൊരു കിലുക്കാംപെട്ടി
കണ്ടോർക്കൊക്കെ കയ്യിടുവാൻ
ഒടുവിലത്തേതു ശവപ്പെട്ടി
സ്വയമൊരു ജഡമായൊതുങ്ങുവാൻ !!!

താര ഗംഗാധരൻ
II M.A. ഇംഗ്ലീഷ്



# വഴിത്തിരിവ്

"ഇത് കർമ്മപരമ്പരയുടെ സ്നേഹരഹിതമായ കഥയാണ്. ഇവിടെ അകൽച്ചയും ദുഃഖവും മാത്രമേ ഉള്ളു."

ഒരു ജലകണിക അനന്തമായ മേഘങ്ങളിൽ നിന്നും താഴേക്ക് വീണു.....അല്ല....ഒന്നു മാത്രമല്ല.....അനേകം...അവ ധാരയായി ഒഴുകുന്നു......ജീവന്റെ ഒരു തുടിപ്പെങ്കിലും കാണുവാനാഗ്രഹിച്ച് ഞാൻ അവക്കിടയിലൂടെ. പക്ഷേ എനിക്കു തടുക്കാനാകുന്നതിനും മുൻപുതന്നെ അവ എന്നെ കീഴ്പ്പെടുത്തിക്കഴിഞ്ഞു. ശാന്തമായ സമുദ്രത്തിലെ ഒരു കണിക മാത്രമായി ഞാനും. അറിയില്ല എന്നാണ് ഇതിൽ നിന്നും മോചനം. തിരമാലകളുടെ ഗർജ്ജനം...സഹിക്കാനാകുന്നില്ല.

അലാറം മുഴങ്ങുന്ന ശബ്ദം എവിടെയാണ് എങ്ങനെഞാനതിൽ നിന്നും രക്ഷപ്പെട്ടു എന്നെല്ലാം ആലോചിച്ച് കിടന്നപ്പോഴേയ്ക്കും വിനോദ് അക്ഷമനായി മുൻപിൽ. എഴുന്നേറ്റ് അടുക്കളയിലെത്തി. ഒരു ദിവസത്തിന്റെ തുടക്കം. പക്ഷേ അതൊന്നും ഓർക്കുവാൻ തോന്നുന്നില്ല. പാല് അടുപ്പിൽ വച്ച് ജനൽ തുറന്നു. രണ്ട് കിളികൾ പേരമരത്തിൽ ഇരിക്കുന്നു. ഇരട്ടവാലനോ, ആകാശമൈനയോ ? ഓർമ്മയില്ല. അമ്മ പറയും "രണ്ട് മൈനകളെക്കണ്ടാൽ ലക്ഷണം ശുഭം " ഒരു മൈനയെ എവിടെയെങ്കിലും കണ്ടാൽ പിന്നെ മറ്റൊന്നിനെയും തിരഞ്ഞ് നടക്കും. പാല് വച്ചിട്ടാ സ്വപ്നം കാണല് ഞെട്ടിപ്പോയി വിനോദ് മുൻപൽ നിൽക്കുന്നു പാലു മുഴുവനും തിളച്ചു പോയി. ഇന്നും തനിക്ക് നല്ല ദിവസമല്ലെന്ന് തോന്നുന്നു. അമ്മ പറഞ്ഞ മൈനയുടെ ലക്ഷണം വീണ്ടും തെറ്റി....എന്നാണ് ഇങ്ങനെയൊക്കെയായത് ? അതിരാവിലെ ഉണർന്ന് സാധകം ചെയ്ത്, കോവിലിൽ തൊഴുത്.....ആ ഒരു കാലമൊക്കെ എത്രപെട്ടെന്നാണ് ഇല്ലാതായത്. ഓരോന്നും ചെയ്തു നീങ്ങുമ്പോഴും മനസ്സ് നിൽക്കുന്നില്ല. തിരക്കിട്ട് ഓഫീസിലേക്ക് വിനോദിനേയും കുട്ടി ഇറങ്ങുമ്പോൾ ഒരു പാട് വൈകി. ബസ്സ്റ്റോപ്പിൽ എന്നും തിരക്കാണ്. ബസ് കാണുമ്പോൾ ഓർമ്മ വന്നത് ദശലക്ഷം വർഷങ്ങൾക്ക് മുൻപ് ജീവിച്ചിരുന്ന ദിനോസറുകളെയാണ് ലോകം മുഴുവൻ കൈപ്പിടിയിലൊതുക്കിയ ഒരു വംശത്തിന്റെ അന്ത്യം എത്രപെട്ടെന്നായിരുന്നു. ഒരു ദിവസം ഈ മനുഷ്യരും, ഉറുമ്പുകൾ പോലെ നഗരത്തിലൂടെ നീങ്ങുന്ന മനുഷ്യരും.... ഓർത്തപ്പോൾ ചിരിവന്നു.

"ചക്ഷുശ്രവണ ഗളസ്ഥമാം ദർദുരം......"

എന്താ അതിന്റെ ബാക്കി മറക്കുന്നു....പലപ്പോഴും ഓർമ്മ നിന്നുപോകുന്നു. രമണി ടീച്ചർ നീട്ടിവായിക്കുന്നത് വീണ്ടും ഓർത്തുനോക്കി......പറ്റുന്നില്ല. "കൃഷ്ണാ ....ബസ് പോയല്ലോ."

തിരക്കുള്ള ബസ്സിൽ ഒരു വിധം കയറിപ്പറ്റി. ഓഫീസിന്റെ സ്റ്റോപ്പു മറന്നതിനും. പൈസകൊടുക്കാൻ മറന്നതിനുമെല്ലാം. കണ്ടക്ടറുടെ തറപ്പിച്ച നോട്ടത്തിൽ നിന്ന് രക്ഷപ്പെട്ട് ഓഫീസിലെത്തി. എന്നും വൈകുന്നതുകൊണ്ട് എന്താ വൈകിയേ ? എന്നാരും ചോദിച്ചില്ല ഭാഗ്യം അവർക്കു വേറെന്തൊക്കെ ചിന്തിക്കാനുണ്ട്. ചിരിക്കണ്ട. ചിരിയും കുടികണ്ടാൽ സാറിനുദേഷ്യം കൂടും.

പൊടിപിടിച്ച ഫയലുകൾ..തീർത്താൽ തീരാത്ത ജോലികൾ....ജീവിതം ഒരിക്കലും നിറക്കൂട്ടുള്ള സ്വപ്നങ്ങൾ തരുന്നില്ല. വിനോദും ഇപ്പോൾ അകലുന്നു. എനിക്കെന്തോ കുഴപ്പമുണ്ട് എന്നാണ് വിനോദിന്റെയും അഭിപ്രായം. ഓഫീസിലെ നാൻസിയും, ലീലചേച്ചിയും പറഞ്ഞു "രേണു ഒരു സൈക്കാട്രിസ്റ്റിനെ കാണണം". എല്ലാം ശരിയാകും. മനസ്സിൽ ഒരു പൊട്ടിച്ചിരിയാണ് വന്നത്. എങ്കിലും സീരിയസ്സായി തലയാട്ടി. ജീവിതത്തിന്റെ ഒരു കോണിൽ പോലും കിട്ടാത്ത ആ 'ശരിയാകൽ' ഇപ്പോഴെങ്ങനെ കിട്ടാനാണ്. സംഗീതത്തിന്റേയും സ്വപ്നത്തിന്റേയും ജീവിതത്തിൽ നിന്ന് പ്രകാശിന്റെ ജീവിതത്തിലേക്ക് കടന്നപ്പോഴുണ്ടായ (ഒരു പറിച്ചു നടൽ തന്നെ) മാറ്റം താങ്ങാവുന്നതിലപ്പുറമായിരുന്നു. എന്നെ തിരിച്ചറിയാൻ കഴിയാതെ, എനിക്കു തിരിച്ചറിയാൻ കഴിയാതെ വന്നപ്പോഴാണ്, വിനോദ് ഏതാനും സ്വപ്നങ്ങൾ എനിക്ക് നൽകിയത്. കഴുകുമ്പോൾ ഒഴുകിപ്പോകുന്ന വസ്ത്രങ്ങളിലെ നിറക്കൂട്ടുകൾ പോലെ ജീവിതത്തിലെ നിറങ്ങൾ വീണ്ടും ഒഴുകിപ്പോയി. ചിന്തകൾ കാടുകയറാൻ തുടങ്ങിയതും അപ്പോഴാണ്. സ്വയം തിരിച്ചറിയാൻ കഴിയാത്ത മറ്റുള്ളവരെ തിരിച്ചറിയാൻ കഴിയാത്ത ഒരു ജീവിതം. അതിനെ ജീവിതം എന്നു തന്നെ വിളിക്കാൻ കഴിയുമോ ?

പൂജാമുറിയിലെ വിളക്കുകളും എന്റെ മാത്രം കൃഷ്ണനും എനിക്കെന്നും ആശ്വാസമായിരുന്നു. കൃഷ്ണൻ ഇടക്കിടെ വന്ന് എന്നോടു പറയും,

"യദാ യദാ ഹി ധർമസ്യ
ഗ്ലാനിർഭവതി ഭാരത....."

എവിടെ കൃഷ്ണാ, ധർമ്മം ? കർമ്മം ? പക്ഷേ നീ പറഞ്ഞല്ലോ സംഭവാമി യുഗേ യുഗേ എന്ന് എല്ലാവരുടേയും മനസ്സിൽ നീ സംഭവിക്കുന്നു. പക്ഷേ എന്നെമാത്രം, നീ രക്ഷിക്കുന്നില്ലല്ലോ കൃഷ്ണാ. വിനോദിനിതൊന്നും ഇഷ്ടമല്ല. വേഗം പൂജാമുറിയിൽ നിന്നിറങ്ങി. ഒരു നല്ല ഭാര്യയാവാൻ ശ്രമിച്ച് പരാജയപ്പെടാൻ ഒരു സന്തോഷമുണ്ട്. അതിൽപോലും ഒരാനന്ദം തോന്നുന്നു.

പതുക്കെ പതുക്കെ മോന്റെ അകൽച്ചയും ഞാൻ മനസ്സിലാക്കി കഴിഞ്ഞു. അവന്റെ കെമിസ്ട്രി ബുക്കു കണ്ടപ്പോൾ ഞാനോർത്തു എന്റെ സ്കൂൾ ദിനങ്ങളെ. ഒന്നോർത്തുനോക്കാം. ഓർമകളുണ്ടെന്ന് ഇടക്കിടെ ഓർമ്മപ്പെടുത്തിയില്ലെങ്കിൽ, ഞാനെല്ലാം മറക്കും ഒരേ ആറ്റോമിക സംഖ്യയും വ്യത്യസ്ത മാസ്സ് നമ്പറും ഉള്ള അണുമാത്രകളെ....മറന്നു ഇതെന്തൊരു മറവിയാണ്. *'Give me a drop of blood to save my soul'* Marlowe യുടെ *Dr. Panstus*-നെപ്പോലെ ഞാനലറി. വിനോദിനേയും മോനേയും കണ്ടാണ് ഞാനുറങ്ങിയത്. പക്ഷേ ഇപ്പോൾ അവരെ കാണുന്നില്ല. ശാന്തമായൊരാവേശത്തോടെ ഞാനോടി നടന്നു. ടീപ്പോയിൽ കിടന്ന കടലാസെടുത്തു തന്നെ ഒരു വക്കീൽ നോട്ടീസ്..... അതെ പ്രകാശിനെപ്പോലെ എനിക്കു വേണ്ടി നേരത്തേതന്നെ വിനോദ് തയ്യാറാക്കി വച്ചു.

വീട് പൂട്ടി താക്കോൽ ഭദ്രമായി ബാഗിൽ വച്ച് ഞാൻ നടന്നു. അമ്മയാണോ രമണി ടീച്ചറാണോ, പിറകിൽ നിന്നു വിളിച്ചു 'വാമോളെ, പോകല്ലേ' ഏയ്, സ്നേഹമില്ലാത്ത ഈ ലോകത്ത് എന്നെ വിളിക്കാൻ ആരുണ്ട് ?... നടന്നു നീങ്ങുമ്പോൾ വീണ്ടും ഞാൻ കണ്ടു ആ ആകാശമൈനകളെ. അവ എന്നെ നോക്കി ഒന്നു ചിലച്ചോ എന്തോ ? 'ശുഭലക്ഷണം.' റെയിൽവേപാളത്തിന്റെ സ്ട്രക്ച്ചറിനേപ്പറ്റി തോമസ് സാർ വിശദമായി വിവരിച്ചത് ഓർത്തുകൊണ്ട് സൂക്ഷിച്ചാണ് നടന്നത്. വീഴാതിരിക്കാൻ ജീവിതത്തിന്റെ വീഴ്ചകളെ മറക്കാൻ....ദൂരെ നിന്നും ഒരു ചൂളം വിളി കേൾക്കുന്നുണ്ട്....മറവികളെ മറക്കാൻ ഞാൻ വീണ്ടും ഓർമ്മിച്ചു. ഒരു ജീവി അതിന്റെ പരിണാമഘട്ടത്തിൽ അതിന്റെ പൂർവ്വികരുടെ ചരിത്രം ആവർത്തിക്കുന്നു......

Christine Mary Thomas
I.B.A. Psychology

# Priceless Treasure...

Dear Friend,

I have searched for you my whole life, till this very minute. How are you, my friend? Do you feel the emptiness that I feel in the absence of a treasure like you ? I always wanted both of us to be together, but our ruler is not in agreement of the same. I feel stupid when I'm happy, as I have to laugh to myself, without your wonderful company. Friend ! I have not seen you even once but I believe that you exist some place and are waiting for me some where. There were times when I wanted to cry hard on your shoulders especially, when I felt that my ship was sinking.

My mother would always tell me that the best of friends are difficult to find, but everyone will have that one special person with a special place in one's life, one might meet that gem today walking out of the house, or even meet the person when you are eighty (who knows?)

I miss you my friend. I am waiting for you all alone in this big wide world. When will we meet each other ? Mr. Sun woke me up this morning telling me that you are coming soon. The West wind brought me leaves of your message. To my greatest surprise I heard my birdie friends chirping songs of our friendship. Are you somewhere near, my friend ? The Wind whispered in my ears that you were right behind, but I turned only to find that it was a lie.

I search every face, to find out if you are any where around. My friend will be the one who needs me just as I need a friend. I believe that my friend will realize my longing through this piece of work.

If this is a call for you, then you would have certainly missed a heart beat. You feel some voice from your heart repeatedly telling you. "This call is for you, You are the one ! Then I assure you that you shouldn't waste time for the lightning to strike, you should sprint close to your friend, the one who has been waiting for you and whom you have waited for. I am waiting with a white rose, whose scent will usher you into our bond of friendship that will last forever. I'm waiting my friend, I'm waiting for you.


# College Union Cabinet 2008-2009


Vaisagh V. Nair
(Chairman)


Thasni
(Vice Chair Person)


Jisto Ouseph
(Gen. Secretary)


Vineeth Vijayan
(Magazine Editor)


Sreekanth
(Arts Club Secretary)


Aneesh
(U.U.C.)


Ibrahim
(U.U.C.)


Maria Johny
(Lady Rep.)


Haritha
(Lady Rep.)



Georgekutty
(1st DC Rep.)


Tajo Jose
(2nd DC Rep.)


Syamkumar
(3rd DC Rep.)


Shahir
(2nd PG Rep.)


Tintu
(1st PG Secretary)


Jino John
(Sports Secretary)


Midhun Murali
(Debate Club Secretary)


Arun J. Nair
ine Club Secretary)


Bibin Raj
(Quiz Club Secretary)


Amruth Raj
(SC/ST Secretary)


Joby Varghese
(Planning Forum)


Shijo Paul
(Canteen Secretary)



Dr. Muse Mary George
(Union Staff Advisor)


Dr. Aju Narayanan
(Arts Club Staff Advisor)


Dr. Sibu M. Eapen
(Magazine Staff Advisor)

# UNIVERSITY/ STATE/ NATIONAL PLAYERS


Prabhath T.P.
(Hockey)


Mohammed Aslaf
(Soft Ball)


Mohammed Salahudeen
(Soft Ball)


Ramees Rahim
(Hockey)


Prajitha P.V.
(Hockey)


Sanoop
(Base Ball)


Rashmi R.
(Hockey)


ChithraSenan
(Hockey)


Vinayesh
(Soft Ball)


Sandhya P.A.
(Hockey)



Renjith M.R.
(Base Ball)


Jyothilakshmi
(Cricket)


Jayalal
(Base Ball)


Sugisha
(Hockey)


Sajila
(Hockey)


Shaimah
(Cricket)



Shalma
(Hockey)


Sajitha
(Hockey)


Sreelekha
(Hockey)


Sunumol
(Cricket)


Jinumary K.P.
(Table Tennis)



Prinson George
II[nd] B.A. Psychology

# Truth and Love

Being and becoming are not separated from each other. A life in spirit expresses itself in love. That mankind will know one another and love one another is *that which* is eternal. The light within is universal. Every man has it. The image of god may be defiled or weakened but it cannot be totally obliterated for it belongs to the very constitution of man. There is hope for the worst sinner, the darkest criminal. When we see the universal spirit of truth in each individual, we will love the *meanest of creation* as oneself. This is the golden rule taught by all religions.

The Hindu epic, *Mahabharath* says : "In joy and sorrow, in pleasure and pain, one should act towards others as one would have them act to one self." The trees bear fruits, the rivers carry water, the cows give milk, and good men live for the good of others.

"Love thy neighbor as thyself",: found in the nineteenth chapter of the book of Leviticus is said to be the one commitment which trancends all the 613 commandments of the Bible.

According to Hillel, "what is hateful to you do not do to your fellow creature." Ahimsa or non-violence or, positively put, love for all creation is the central feature of the Jaina faith. The Buddha after attaining enlightenment, spent the rest of his life teaching friends the way to realize the blissful experience of nirvana.

In the gospel of Mathew it is said : "whatever you wish that men would do to you, do so to them" it is not enough to "love them which love you;" it is more important to "love your enemies... do good to them that hate you and pray for them which despitefully use you and persecule you".

Said writes: " Behold the generosity and grace of the Lord; the slave has smiled, yet he bears the shame.

Farid, if a man beat thee,

Beat him not in return, but kiss his feet. Farid, if thou long for the Lord of all, become as grass for men to tread on. Farid when one man breaketh thee, and another trampleth on thee, then shalt thou enter the court of the Lord".

www.federalbank.co.in

# I bank the way I live

## Presenting *Your way* banking Youth Account

The freedom of a zero balance account with benefits like scholarship assistance, loans and free forwarding of application forms to foreign universities make YuvaMitra the perfect account for the new generation.



Savings Accounts: *Freedom SB* | SB+ | FedPower | FedPower+ | FedSmart | MahilaMitra | YuvaMitra | FedClassic | FedClassic+ | FedInvest


**FEDERAL BANK**
YOUR PERFECT BANKING PARTNER

*YuvaMitra*

To bank your way, call 1800-425-1199 or visit your nearest Federal Bank branch.

The Federal Bank Ltd., Regd. Office: Aluva

മിഥുൻ മുരളി
III B.A. മലയാളം



സമർപ്പണം: എന്നും കരയിച്ചുകൊണ്ടുമാത്രം....എന്നെ സ്നേഹിച്ച വാവയ്ക്ക്.....

# ആത്മ നൊമ്പരങ്ങൾ....

ഏതോ യാത്രയിൽ നിന്നെ
കണ്ടുമുട്ടിയപ്പോൾ
കണ്ണീരിന്റെ നനവായിരുന്നു.........
സ്നേഹം കൊതിച്ച വഴികളിൽ നോവും
ഏതോ മലമുകളിലെ മുള്ളുകൾ പതിഞ്ഞ വഴികളിൽ
പെയ്തൊഴിയാത്ത വേദനകൾ
ആത്മാവിലുരുകി ഒലിച്ചത്
നീ....അറിഞ്ഞില്ലെന്നുണ്ടോ .....?
ഇടിവെട്ടേറ്റ് ജനിക്കുന്ന കുണുകളെ പ്പോലെ
എന്റെ സ്വപ്നങ്ങൾ.......
പിറവിയിൽ തന്നെ ചീഞ്ഞുമറയുന്നതും.......
നീ അറിഞ്ഞില്ലെന്നോ.....?
വെളിച്ചമില്ലാത്ത രാത്രികളിൽ, കുത്തിക്കുറിച്ച കവിതകളിൽ
കയ്പ്പും ചവർപ്പും കട്ടപിടിച്ച രക്തഗന്ധവും
പറ്റിയിരുന്നോ....?
ശൂന്യതയുടെ ഇരുട്ടിൽ അവസാനം
ഞാൻ ഇല്ലാതെയായതും
കാറ്റും മഴയും, വെയിലും സഹിച്ച്
പാതിവഴിയിൽ പൊഴിഞ്ഞു വീണതും
നിനക്കുമുമ്പിലായിരുന്നില്ലേ.....
എന്നെച്ചവുട്ടി നീ കടന്നുപോയപ്പോൾ
ഒരു കാൽപ്പാടായ് ഞാൻ നിന്നിൽ
അവശേഷിച്ചിരുന്നു
എന്ന് നീയറിഞ്ഞില്ലല്ലോ
നിന്റെ അറിവില്ലായ്മയുടെ കാല്പ്പാടായ്
ഞാൻ എന്നിലേയ്ക്ക് ചുരുണ്ടുകൂടിയത്
നിന്റെ യാത്രകളുടെ തിരിച്ചുവരവിനായിരുന്നു...
നിന്റെ തിരിച്ചറിവിനായ് മാത്രം...

നിതീഷ എം.വി.
I B.A. മലയാളം

# സ്നേഹവിപഞ്ചിക

നോവുമെന്നാത്മാവു തേങ്ങുന്ന രാവിൽ
നിൻ മുഖം കാണുവാനാശിച്ചു നിന്നു ഞാൻ
അവസാന ശ്വാസം നിലയ്ക്കുന്ന നേരത്തും
നീയെത്തിയില്ലെന്റെ കട്ടിലിൻ ചാരെ.
കാലം കടന്നുപോം കാത്തു നിൽക്കാതെ
കാലത്തിനൊപ്പമെന്നോർമ്മയും മായും
കാലം പുതപ്പിച്ച മരണവെൺപ്പട്ടിൽ
നീ നോക്കിനിൽക്കെ ഞാൻ വെണ്ണീറായ് മാറും
മറ്റൊരു ലോകം എനിക്കായ് ഒരുങ്ങും
അതിൽ നിന്നോർമ്മയും നിറമുള്ള സ്വപ്നവും
ആ ലോകവീഥിയിലൊരു താരമായ് ഞാൻ
നിത്യവും മിന്നിത്തിളങ്ങും നിനക്കായ്.

അഭിമുഖം

# പ്രൊഫ. രാജൻ ഗുരുക്കൾ

**എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ സ്ഥാനമേറ്റെടുത്ത പ്രൊഫ. രാജൻഗുരുക്കളുമായി യു.സി. കോളേജ് വിദ്യാർത്ഥിനികളായ അനു. കെ. ആന്റണി (രണ്ടാംവർഷം ഇംഗ്ലീഷ് ബിരുദം), മംഗള മുരളീധരൻ (മൂന്നാംവർഷ ഇംഗ്ലീഷ് ബിരുദം) എന്നിവർ ചേർന്ന് നടത്തിയ ചർച്ചയിൽ നിന്ന്.**

? *യു.സി. കോളേജിലുണ്ടായിരുന്ന വർഷങ്ങളെപ്പറ്റി*

• 1972 ൽ ആണ് യു.സി. കോളേജിൽ വരുന്നത്. ഇന്നത്തേതിലും വളരെ വ്യത്യസ്തമായിരുന്നു എഴുപതുകളിലെയും എൺപതുകളിലെയും ക്യാംപസ്. എഴുപതുകളും എൺപതുകളും തമ്മിൽ തന്നെ പല വ്യത്യാസങ്ങളും കണ്ടിരുന്നു. ഒരു റസിഡൻഷ്യൽ ക്യാംപസിൽ നിന്നുള്ള യു.സി. കോളേജിന്റെ മാറ്റത്തിന്റെ കാലഘട്ടമായിരുന്നു അത്. പല ഹോസ്റ്റലുകളും അന്ന് നിർത്തലാക്കി. ആ ഒരു ട്രാൻസിഷൻ കണ്ടിട്ടുള്ള ആളാണ്. യു.സി.യുടേത് ഒരു പവർഫുൾ ക്യാമ്പസ് ആയിരുന്നു. ഒരുപാട് സ്ഥലം ഉള്ളത് കൊണ്ട് തന്നെ ഒരു അക്കാദമിക് ഇംപാക്ട് ഉണ്ടാക്കാൻ സാധിച്ചിരുന്ന ക്യാമ്പസ്. ഒരു വിദ്യാർത്ഥിക്ക് എപ്പോഴും അവൻ പഠിക്കുന്ന സ്ഥാപനത്തിന്റെ ഒരു ഇംപാക്ട് ഉണ്ടാകും. ക്ലാസിൽ പടിക്കുന്നതിനെക്കാളും അദ്ധ്യാപകൻ പഠിപ്പിക്കുന്നതിനേക്കാളുമുപരി ഒരു സ്ഥാപനത്തിന് ഒരു വിദ്യാർത്ഥിയിൽ ചെലുത്താൻ കഴിയുന്ന ഒരു ഇംപാക്ട് വലുതാണ്. അത് ക്യാമ്പസിൽ തന്നെ ഒരു പ്രത്യേക വ്യവഹാരം ഉണ്ടാക്കും.

യു.സി. കോളേജിന്റെ കാര്യം എടുക്കുകയാണെങ്കിൽ ഓരോ സീസണിലും യു.സി.യെ സാംസ്കാരികമായി സ്വാധീനിച്ചിരുന്ന ഓരോ സംഗതികൾ ഉണ്ടായിരുന്നു. ഒരു വിദ്യാർത്ഥിയിൽ തങ്ങിനിൽക്കുന്ന പലതും ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. യു.സി.യുടെ കൾച്ചർ ഇംപാക്ട്, സ്റ്റൈൽ അങ്ങനെപലതും.

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം സ്വാഭാവികമായി തന്നെ സാധ്യമായിരുന്ന ഒരു ക്യാമ്പസ് കൂടിയാണ് യു.സി. പിന്നെ കമ്മ്യൂണിക്കേഷൻ ആണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം. അത് ആരോഗ്യകരമായ രീതിയിൽ നടന്നിരുന്നു. അദ്ധ്യാപകരുടെ യോഗങ്ങളിലും മറ്റും പല പഠനങ്ങളും അവതരിപ്പിച്ചിരുന്നു. അത്ര മാർക്സിസ്റ്റ് ഇംപാക്ട് ഉള്ള ക്യാമ്പസ് ഒന്നുമായിരുന്നില്ലെങ്കിൽ പോലും വായനയും ഇടതുപക്ഷ ചിന്താഗതികളും പ്രവർത്തനങ്ങളും എല്ലാം ക്രിയാത്മകമായി തന്നെ നടന്നിരുന്നു.

?. *ഇന്നത്തെ ക്യാമ്പസുകളിൽ എൺപതുകളെ അപേക്ഷിച്ച് ആക്ടിവിറ്റി ലെവൽ കുറയുന്നു എന്നഭിപ്രായമുണ്ടോ ? സർ പ്രതിപാദിച്ചിട്ടുള്ള "അറിവിന്റെ രാഷ്ട്രീയ" ത്തെക്കുറിച്ച്.*

• അദ്ധ്യാപകരുടെ ഇന്റിമസി കുറയുന്നത് തന്നെ യാണ് പ്രശ്നം. അങ്ങനെ യൊരു തലമുറ രൂപപ്പെട്ടുവന്നു. **പഴയൊരു അദ്ധ്യാപകസ മൂഹം എന്ന് പറയുന്നത് വളരെ Conservativ ആയി ട്ടുള്ള ഒന്നായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം അറി വിന് വേണ്ടി അറിവ് എന്നൊ രു മനോഭാവം ആയിരുന്നു. സ്വാതന്ത്ര്യസമരം, വിമോ ചനസമരം പോലുള്ള കാര്യ ങ്ങളാണ് അവരെ സ്വാധീനിച്ചി ട്ടുള്ളത്. ഉദാഹരണത്തിന് ശ്രീ. കുറ്റിപ്പുഴ രാമകൃഷ്ണപി ള്ളയെ പോലുള്ളവർ വളരെ പാണ്ഡിത്യമുള്ളവരായി രുന്നു. ഒപ്പം സാമൂഹിക പ്രതി ബദ്ധരും ആയിരുന്നു.** ചുരുക്ക ത്തിൽ ഒരു ബുദ്ധിജീവി പാര മ്പര്യം തന്നെയുണ്ടായിരുന്നു. വളരെ Conservative ആയി ട്ടുള്ള അദ്ധ്യാപകർക്കിടയിലും "അറിവിന്റെ രാഷ്ട്രീയം" ഉൾക്കൊണ്ടിരുന്നവർ ഉണ്ടായി രുന്നു. ഈ അറിവിന്റെ രാഷ്ട്രീയ ത്തെക്കുറിച്ച് സ്വയം ചിന്തിച്ച് നോക്കി വളരെ കുറച്ച് പേർക്കെങ്കിലും റിഫ്ളക്ടീവ് ആകാൻ കഴിഞ്ഞിരുന്നു. ശ്രീ. ടി.കെ. രാമചന്ദ്രന്റെ നേതൃത്വ ത്തിൽ സോഷ്യലിസ്റ്റ് വേദി തുട ങ്ങിയിരുന്നു. ഇതിലൊക്കെ തന്നെയും വളരെ ആക്ടീവ് ആയി വളരെ കുറച്ച് അദ്ധ്യാപ കരേ ഉണ്ടായിരുന്നുള്ളൂ എന്നത് മറ്റൊരു വസ്തുതയാണ്. പഠിപ്പി ക്കുമ്പോൾ വളരെ ആഴത്തി ലാണ് അറിവ് പകർന്നു നൽകേ ണ്ടത്. തിരിച്ചറിവുകൾക്ക് ഈ ആഴത്തിലുള്ള അറിവ് ആവശ്യ മാണ്. തിരിച്ചറിവുകൾ ഉളവാ ക്കുന്ന തരത്തിലുള്ള അദ്ധ്യാപനം ഇന്ന് കുറഞ്ഞ് വരി കയാണ്.

?. *പൊതു ഇടങ്ങൾ കുറഞ്ഞുവരുന്നതും ഈ പ്രശ്നങ്ങൾക്ക് ഒരു കാരണമായി ചൂണ്ടിക്കാട്ടാവുന്നതല്ലേ.*

- വാസ്തവത്തിൽ പൊതുഇടം എന്നുള്ളത് ഇന്നത്തെ കലാലയങ്ങളിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഏതെങ്കിലും തരത്തിലുള്ള സങ്കുചിത ചിന്തയുടെ ഇടമാക്കി മാറ്റുകയാണ് കമ്മ്യൂണിറ്റിയുടെ ഇടങ്ങൾ അഥവാ സ്ഥാപനത്തിന്റെ ഇടം. സ്ഥാപനത്തിന്റെ physical space എന്നുള്ളത് public sphere ആണ്. **പൊതുഇടത്ത് മാത്രമേ വിമർശനാവബോധം സാധിക്കുകയുള്ളൂ. അതല്ലാതെ സ്വകാര്യധാരണകളും സ്വകാര്യമൂല്യങ്ങളും ആധിപത്യം പുലർത്തുന്ന ഇടങ്ങളിൽ വിമർശാവബോധം സ്വാഭാവികമായും നിലയ്ക്കും. അങ്ങനെ പ്രൈവറ്റൈസ്ഡ് ആയി പോകുന്ന ഒരു സ്പെയ്സ് പല കലാലയങ്ങളെയും ഒരു രോഗം പോലെ ബാധിച്ചിരിക്കുകയാണ്.**

ഏതുതരത്തിലുള്ള വിജ്ഞാനമായാലും അത് ആർജ്ജിക്കുന്ന പ്രക്രിയയിലൂടെ നമ്മൾ അകം തുറക്കുകയും പുറം കാഴ്ചകൾ വിശാലമാക്കുകയും ചെയ്യുക. നമുക്കതു വരെ കാണാൻ കഴിയാത്തതിലേക്ക് കാഴ്ചകളെത്തുകയും പല ബന്ധങ്ങളും മനസ്സിലാകാത്തത് തെളിഞ്ഞ് കിട്ടുകയും ചെയ്യും. എന്തുകൊണ്ടാണ് ചിലതൊക്കെ സംഭവിക്കുന്നതെന്നുള്ളത് അറിയാനുള്ള പ്രാപ്തി അതാണ് അറിവിന്റെ ഫലമായിട്ടുണ്ടാകുന്ന തിരിച്ചറിവ്, അറിവ് ആവർത്തിക്കാൻ മാത്രമേ ഒരാൾക്ക് കഴിയുന്നുള്ളുവെങ്കിൽ അയാൾ ഒരിക്കലും അറിവിന്റെ രാഷ്ട്രീയം ഉൾക്കൊള്ളുന്നില്ല. അറിവിന്റെ ശബ്ദകോലാഹലങ്ങളൊക്കെ അടങ്ങികഴിയുമ്പോൾ മനസ്സിൽ എന്നെന്നേക്കുമായി ബാക്കിയാകുന്ന ഒരു ഊർജ്ജം അതാണ് അറിവിന്റെ രാഷ്ട്രീയം എന്ന് പറയുന്നത്. അതിന്റെ സവിശേഷത എന്താണെന്ന് വച്ചാൽ അത് ഒരുൾകാഴ്ചയായി ഊർജ്ജമായി ഒരു സ്ഥായിയായ ഘടകമായി മനസ്സിൽ അങ്ങനെകിടക്കും. അത് ഒരിക്കലും അസ്തമിക്കാതെ ജ്വലിക്കുന്ന ഒന്നാണ്. അത് തിരിച്ചറിയാനുള്ള തൃഷ്ണാശേഷി, അതായത് ഈ കഴിവ് ഏത് പാഠം പഠിച്ചപ്പോൾ എന്ന് പറയാൻ കഴിയില്ല. പക്ഷെ പഠിച്ച ഒരുപാട് കാര്യങ്ങളിൽ നിന്നാണ് മനസ്സിന് ഈ പ്രാപ്തി കൈവരുന്നത്. അപ്പോൾ കാര്യങ്ങൾ മനസ്സിലാക്കുന്നത് മനസ്സ് നേരിട്ട് അതുമായി ഇടപഴകുന്നത് കൊണ്ടാണ് അതിൽ അന്വേഷിച്ചത് അപ്രഗ്രഥനഗോചരങ്ങളായിരുന്നു. ഉപരിതല ഘടകങ്ങ ളല്ല. അങ്ങനെ ആഴത്തിലേക്ക് മനസ്സ് പോയതിന്റെ ഫല മായി ലഭിക്കുന്നതാണ് ആ ഊർജ്ജം. ഇത് വിദ്യാർത്ഥി കൾക്ക് ലഭിച്ചാൽ അവരുടെ തലത്തിൽ നിന്ന് കൊണ്ട് തന്നെ ആനുകാലിക ജീവിത സമസ്യകൾ വളരെ അർത്ഥവത്തായ രീതിയിൽ കാണുകയും വിശകലനം ചെയ്യുകയും കടന്നു പോകുകയും ചെയ്യും.

?. *ഇന്നത്തെ ക്യാമ്പസുകളിൽ അത്തരം തിരിച്ചറിവുകൾ ഉണ്ടാകുന്നില്ലെങ്കിൽ അത് എങ്ങനെ ഉളവാക്കിയെടു ക്കാൻ സാധിക്കും?*

- സാമൂഹിക വ്യവസ്ഥിതി തന്നെ ഒരു സ്വാംശീകരണ തന്ത്രം പോലെ ചിലപ്പോൾ പ്രവർത്തിക്കും. അത് പല പ്പോഴും സ്വാംശീകരിച്ച് വരുന്നത് അല്ലെങ്കിൽ ഇല്ലാതാ ക്കുന്നത് വിമർശനാവബോധത്തെയാണ്. വിമർശാവ ബോധം അത് ആരുടേതായാലും. വിദ്യാർത്ഥികളുടേ തായാലും അദ്ധ്യാപകരുടേതായാലും, കെടുത്തിക്കള ഞ്ഞാലേ ഇന്നത്തെ സമൂഹത്തിൽ പൊരുത്തപ്പെട്ടുപോകാൻ സാധിക്കുകയുള്ളൂ. ഇന്ന് ബഹുഭൂരിപക്ഷം വിദ്യാ വിദ്യാർത്ഥികൾക്കും സംഭവിക്കുന്നത് ഇതാണ്. വിദ്യാ ഭ്യാസം തന്നെയാണ് ഇത്തരത്തിലുള്ള ഒരു സാമൂഹിക വ്യവസ്ഥിതിയെ വളർത്തിക്കൊണ്ട് വരുന്ന പ്രധാനഘട കം. സ്വാർത്ഥതയാണ് ഈ പൊരുത്തപ്പെടലിലേക്ക് നയിക്കുന്ന ഒന്ന്. ഉദ്യോഗം മാത്രം എന്ന ലക്ഷ്യം വൊക്കേഷണൽ അഥവാ തൊഴിലധിഷ്ഠിത കോഴ്സു കൾ ഇതിലേക്കാണ് ഫോക്കസ് ചെയ്യുന്നത്.

?. *പലപ്പോഴും co-curricular activities പഠനത്തിൽ നിന്നുള്ള ഒരു deviation ആയി ചിത്രീകരിക്കപ്പെടാറു ണ്ട്. പഠനാധിഷ്ഠിതമായ പ്രവർത്തനങ്ങൾ ആണെ ങ്കിൽ പോലും അദ്ധ്യാപകർ അതിനെ ഒരു വലിയ ഉ... പ്പായി ചിത്രീകരിക്കുന്നു. ഇത്തരത്തിലുള്ള ഒരു so called ഉഴപ്പിനെപ്പറ്റിയുള്ള സാറിന്റെ അഭിപ്രായം അറ്റന്റൻസിന്റെ ഗ്രേഡ് റെക്കോർഡ്സിൽ മാത്രം ഒതു ങ്ങിപോവുകയല്ലേ ഒരു പരിധിവരെ നമ്മുടെ വിദ്യാ ഭ്യാസ സമ്പ്രദായം?*

- ഏറ്റവും വലുത് curriculum, പിന്നെ co-curriculum എന്ന് വലിയൊരു മിഥ്യാധാരണയാണ് ഇതിനു കാരണം. ഇന്ന് ഭൂരിഭാഗം അദ്ധ്യാപകരിലും കണ്ടുവ രുന്ന ഒരു മനോഭാവം ഇതുതന്നെയാണ്. co-curricular activities ഉഴപ്പായി കാണുന്നതും അതുകൊണ്ട് തന്നെ യാണ്. ഒരു വിദ്യാർത്ഥിയുടെ അളവുകോൽ അവന്റെ അക്കാദമിക് perfomance മാത്രമാകുന്നത് സങ്കുചിത മനോഭാവത്തിന്റെ ഭാഗമാണ്. ആ വിദ്യാർത്ഥി ഒരു നല്ല അത്‌ലറ്റോ ഒരു നല്ല എഴുത്തുകാരനോ ആയിരിക്കണ മെന്നില്ല. **പഠനം പോലെ തന്നെ ബൗദ്ധികപ്രവർത്ത നങ്ങളാണ് അത്‌ലറ്റിക്സും മറ്റു കലാ കായിക പ്രവർത്തനങ്ങളും അവ കരിക്കുലത്തിന്റെ പുറ ലായി പിടിച്ചുകെട്ടുന്നത് തെറ്റായ പ്രവണതയാണ് വ്യക്തിയുടെ സമഗ്രവും സമ്പൂർണ്ണവും യഥാർത്ഥ വുമായ വളർച്ചയാണ് പ്രധാനം.**

?. *"മറ്റുള്ളവരുടെ ശബ്ദം സംഗീതം പോലെ ആസ്വദി ക്കാൻ കഴിയുന്ന ഒരു സമൂഹം". ഇത് ഇന്ന് ഒട്ടും പ്രാധാന്യം ഇല്ലാത്ത ഒരു ചിന്തയായി മാറിയിരിക്കുന്നു?*

- സാമൂഹ്യവ്യവസ്ഥിതിയുടെ contentment strategy തന്നെയാണ് കാരണം. മദ്ധ്യവർഗ്ഗം (middle class) ഒരു safe zone ൽ ജീവിക്കുന്നു. മറ്റുള്ളവരുടെ (...) രീതിയി ങ്ങൾ നമ്മളെ ബാധിക്കാത്ത ജീവിതം ... സ്വാർത്ഥതയുടെ ലോകത്ത് ഉയർന്ന ...

മാക്കി ജീവിക്കുന്ന ഒരു മദ്ധ്യവർഗ്ഗ വിദ്യാർത്ഥിസമൂഹമാണ് ഇന്നുള്ളത്.

?. *Self financing കോഴ്സുകൾ വിദ്യാഭ്യാസ രംഗത്ത് എന്തു മാറ്റമാണ് ഉണ്ടാക്കിയിട്ടുള്ളത് ?*

- വിദ്യാഭ്യാസത്തിൽ ഇന്ന് പൊരുത്തപ്പെടലിനെ ആണ് ശക്തിപ്പെടുത്തുന്നത്. അറിവ് യഥാർത്ഥത്തിൽ subversive ആണ്. ക്രിട്ടിക്കൽ മൈൻഡിനെതടയുന്ന തരത്തിലാണ് ഇന്നത്തെ വിദ്യാഭ്യാസം. **വിദ്യാഭ്യാസം ഒരിക്കലും കച്ചവടം ചെയ്യപ്പെടേണ്ട ഒന്നല്ല. റെഗുലർ കോഴ്സുകൾ നടക്കേണ്ട ഒരു സ്ഥാപനത്തിന്റെ public sphere off campus course കൾക്ക് ചെലവഴിക്കപ്പെടുന്നത് സ്വീകാര്യമാക്കേണ്ടതല്ല.**

വിമർശനം ആഴത്തിലുള്ള അറിവിൽ നിന്നാണ് ഉണ്ടാകേണ്ടത്. ഇന്നത്തെ വിദ്യാഭ്യാസ വ്യവസ്ഥിതിയിൽ ഏറ്റവും ബൗദ്ധികമായി ഉയർന്നവർ സോഫ്റ്റ്വെയർ പോലുള്ള മേഖലകളിൽ ചൂഷണം ചെയ്യപ്പെടുന്നു.

?. *ക്യാമ്പസ് രാഷ്ട്രീയത്തെ കുറിച്ച് ഇന്ന് നിലനിൽക്കുന്ന ക്യാമ്പസ് രാഷ്ട്രീയത്തെക്കുറിച്ച് ?*

- ഞാനൊക്കെ പഠിക്കുന്ന സമയത്തുണ്ടായിരുന്ന ഒരു വലിയ പ്രതീക്ഷ, വളരെ പ്രധാനപ്പെട്ട സാമൂഹിക പ്രശ്നങ്ങളെ സംഘടിതമായ രീതിയിൽ പരിഹരിക്കാൻ കഴിയും എന്നതായിരുന്നു. ദാരിദ്ര്യത്തെ അതിജീവിക്കാം, ദാരിദ്ര്യത്തിന്റെ അടിസ്ഥാനം ചൂഷണമാണ്, ചൂഷണത്തെ സംഘടിതമായ വ്യവസ്ഥയ്ക്ക് തോൽപ്പിക്കാൻ കഴിയും. ഇത്തരത്തിലുള്ള ചിന്തകൾ അന്നത്തെ വിദ്യാർത്ഥികൾക്കുണ്ടായിരുന്നു. അങ്ങനെ വിപ്ലവാത്മകമായൊരു ചലനം, വിമർശനാവബോധമുള്ളവരെ സംഘടിപ്പിച്ച് സൃഷ്ടിക്കണം എന്നും അവർക്ക് ബോധ്യമുണ്ടായിരുന്നു. അങ്ങനെ ഒരു വിപ്ലവബോധം പ്രകടമാക്കുന്ന തലമുറ ഇന്നില്ല.

Physical pedagogy (*The art or science of being a teacher*) എന്നത് പ്രധാനമായ വിമർശനാവബോധം വിദ്യാർത്ഥികളിൽ കുറഞ്ഞിരുന്നതിന് പ്രധാന കാരണം വിദ്യാർത്ഥികളോളുപരി സമൂഹവും അദ്ധ്യാപകരുമാണ്. ഇന്നിപ്പോൾ പല കാര്യങ്ങളും വിശകലനം ചെയ്തൊക്കെ പറയുമെങ്കിലും മിക്കവാറും ജനാധിപത്യസംവിധാനത്തോടും തെരഞ്ഞെടുപ്പ് സമ്പ്രദായത്തോടും ഒക്കെ പൊരുത്തപ്പെട്ട് നിയമനിർമ്മാണത്തിലൂടെ സാമൂഹ്യനീതി ഉറപ്പാക്കാം എന്ന് വിശ്വസിക്കുന്ന തലമുറയാണ് ഉള്ളത്.

?. *ഈ മാറ്റത്തിന് കാരണം.*

- വലിയ പ്രക്ഷോഭങ്ങൾ ഇന്നത്തെ തലമുറയ്ക്ക് അനുഭവവേദ്യമായിട്ടില്ല എന്നത് തന്നെയാണ്. ഞങ്ങളുടെ തലമുറ സ്വാതന്ത്ര്യസമരത്തിന്റെയെല്ലാം ഭാഗമായി വലിയ സാമൂഹ്യപ്രസ്ഥാനങ്ങളുടെ സമരങ്ങൾക്കും പ്രക്ഷോഭങ്ങൾക്കുമെല്ലാം സാക്ഷ്യം വഹിച്ചിട്ടുണ്ട്. പ്രക്ഷോഭങ്ങളുടെ ഒരു കാലം തന്നെയായിരുന്നു അത്. **ഞാൻ സ്കൂളിൽ പോകുമ്പോൾ ഏതെങ്കിലും ഒരു രാഷ്ട്രീയ ഘോഷയാത്ര കാണാത്ത ദിവസമില്ല. ഇന്നത്തെ വിദ്യാർത്ഥികൾ അതേ സ്ഥാനത്ത് കാണുന്നത് മതപരമായ യാത്രകളാണ്. അല്ലെങ്കിൽ ആൾദൈവങ്ങളുടെ ഘോഷയാത്ര.**

?. *ഇന്നത്തെ വികസന സങ്കൽപ്പം.*

- വൻ വ്യവസായിക സമ്പദ്വ്യവസ്ഥ ഒരു ആഗോള സാഹചര്യമായിട്ട് ശക്തിപ്രാപിക്കുമ്പോൾ സമൂഹം വ്യക്തികളായി നുറുങ്ങിപോകുന്നു. കാരണം അത് കൊടുക്കുന്ന ഒരു സന്ദേശം ഓരോ വ്യക്തിക്കും ആ വ്യക്തിയുടെ ക്ഷേമം വികസിപ്പിച്ചെടുക്കാൻ മാർക്കറ്റിനെആശ്രയിച്ചാൽ മതി എന്നതാണ്. ഇതാണ് Neo classic economist ന്റെ ഉപദേശം. ഇവിടെയാണ് ഒരു post modernist deconstruction എന്നു പറയുന്നത്. **വ്യക്തി രാഷ്ട്രീയം, വ്യക്തിക്കുള്ള തോന്നലല്ല രാഷ്ട്രീയം, വ്യക്തി സമൂഹത്തിലേക്ക് പ്രവേശിക്കുമ്പോഴെ രാഷ്ട്രീയമാകൂ.**

?. *യൂണിവേഴ്സിറ്റി തലത്തിലേക്ക് കടക്കുകയാണെങ്കിൽ വളരെയധികം അപാകതകൾ ചൂണ്ടിക്കാട്ടാൻ കഴിയും. യൂണിവേഴ്സിറ്റി നടത്തിപ്പിലേയും പരീക്ഷകളിലേയും റിസൾട്ടിലേയും മറ്റും അപാകതകൾ വിദ്യാഭ്യാസ സമ്പ്രദായത്തെ തന്നെ ബാധിക്കില്ലേ.*

- ഇത് സാമൂഹിക വ്യവസ്ഥിതിയുടെ വിജയമാണ്. യൂണിവേഴ്സിറ്റി ഇപ്പോഴും പിന്തുടരുന്നത്. കൊളോണിയൽ കാലഘട്ടത്തിലെ സെക്രട്ടറിയൽ രീതികളാണ്. ചുവപ്പ് നാടകളുള്ള ഫയലുകൾ അലോസരപ്പെടുത്തുന്ന സമ്പ്രദായം. കോളോണിയൽ മാതൃരാജ്യം (ബ്രിട്ടൻ) നടപടികൾ മനപ്പൂർവ്വം വൈകിക്കാൻ കൈക്കൊണ്ട സമ്പ്രദായം ഇന്നും മാറിയിട്ടില്ല. അതേപടി തുടർന്നുപോരുന്നു.

?. *സെക്രട്ടറിയൽ സിസ്റ്റത്തിന് കഴിവ് കുറവാണ്. പ്ലാനിംഗിൽ വരുന്ന അപാകതകൾ വളരെ ബാധിക്കുന്നു. അപ്ഡേഷൻസിന് പകരം, ഉള്ളത് ഇഗ്നോർ ചെയ്ത് മറ്റൊന്ന് കൊണ്ടുവരുന്നു. അപ്പോൾ ഉണ്ടാകുന്ന അപാകതകൾ. ഇതിനൊരു പരിഹാരം ? മാറ്റം അനിവാര്യമല്ലേ.*

- ഇതിന് ക്രൈസിസ് മാനേജ്മെന്റ് തന്നെയാണ് പരിഹാരം. ഒരു ക്രൈസിസ് വരുമ്പോൾ അത് പരിഹരിക്കും. അതാണ് ഇപ്പോൾ എം.ജി. യൂണിവേഴ്സിറ്റി ഫോളോ ചെയ്യുന്നത്.



Rajeev K.R.
1st B.A. Economics



# The Girl

Among the flowers
She loves the rose
With blood red petals
Which are dancing in the breeze

Among the colours
She loves white
With bright lustre
Which loves peace

Among the emotions
She loves love
With blind eyes
Which ends in Death



Reshma Mohan
IInd B.Sc. Chemistry

# पेड की धटकन

काट क्यों रहे है हमें ऐसे बेहरमी से यह इन्सानः
दया करो हमपर भी हम में भी है, तुम्हारि ही तरह प्राण
अरे फर रहे क्यों तुम अपना और हमारा नुकसान
अगर हम न रहें इस संसार में, तो क्या होगा मानव
तुम्हारा कल्याण ?
हमने ना तुम्हें किया कभी परेशान
फिर क्यों पडे हो हमारे पीछे सुबह शाम
इस धरती पर जीने का है; अधिकार सबको एक समान
फिर क्यों कर रहे हो हमारी नीद हराम ।
हमने तो की तुम्हारी हर बार सेवा
दिया तुम्हें फूल, फल और सेवा
रखते है तुम धूप से बेहाल ।
पर ऐसा ही चलता रहा, तो एक दिन होगा बुरा परिणाम
ना रहेगा एक भी पेड ना क्षाडियाँ जिदा फिर न रहेंगे
कोई देनेवाले तुम्हे फूल और फल
और ना रहेंगे कोई वायु शुध्द करनेवाले न बचेंगे
कोई धूप के रखवाले ।
फिर होगा तुम्हे पछतावा अपने किए पर,
और बहुत करोगे तुम रहसास हमारी
इसलिए कह रहे हैं हम तुमहे बार बार
होश में आओ इन्सान ।

# Bank of India

*Relationships beyond banking*

*All 3031 branches under Core Banking (CBS)*
*Open an account and enjoy the facilities.........*

- Star Connect Internet Banking
- International Debit-cum-ATM Card
- Star CD Plus Account
- Star Sunidhi Tax Saving Deposit Scheme
- Star Auto Loan for four wheelers
- BOI National Swasthya Bima Policy
- Sale of Pure Gold Coins
- RTGS/NEFT Remittances
- Star Savings Plus Account
- Flexi Recurring Deposit
- Star Education Loan
- Star Home Loans
- SUD Life Insurance

**U.C. College Branch**
U.C. College P.O., Aluva, Kerala - 683 102
Phone : 0484 - 2606491, 2603838 (M)
Email: boi.ucc@gmail.com / Alangad.Kerala@bankofindia.co.in

## INSTITUTE OF COMMUNICATION AND INFORMATION TECHNOLOGY

UNION CHRISTAIN COLLEGE

Accredited by the Dept. of Electronics, Govt. of India
Regional Centre Mahatma Gandhi University
U.C. College P.O., Aluva-683 102, Kerala
Ph : 0484-604613, E-mail : uccicit@md2.vsnl.net.in

**COURSES**

Full - Time

B.C.A. (3 year : M.G. University
BLISc (1 year) : M.G. University
PGDCA & A Level (1 year) DOEACC, Govt. of India
DCA & O Level (1 year) DOEACC, Govt. of India

Part time

CCC (6 months) DOEAC
DCA & ADCA (1 year) for College Students


College Day
Inauguration
College Day inaugurated by Cine Artist Kalpana & M.G. Sasi
Arts day inaugura by Afsal

# Sports Day



Principal's Salute



Sports Day Champions (Men)



University Winners



Sports Day Champions (Woman)



Cricket Team



Table Tennis Team



Hockey Team




Tennis Team

# Congratulations

## PHD Achievers


Dr. P.V. Sreenivasan
(Dept. of Chemistry)


Dr. Lopuz Mathew
(Dept. of Chemistry)


Dr. E.I. Anila
(Dept. of Physics)


Dr. Mary Alaxander
(Dept. of Chemistry)


Dr. Muse Mary George
(Dept. of Malayalam)


Dr. M.I. Punnoose
(Dept. of Malayalam)


Thomas P. Zakaria
(Dept. of Physics)


Aneesh S.
Vice Chairman M.G. University


Jose Kuriakose
(Kalaprathibha)


Lakshmi Das
(Kalathilakam)

## Retirements


Prof. Roshni Mathew Maliakal


Dr. M.P. Marykutty

ആശംസകൾ.....



**PROF. MATHEW KOSHY**
(Manager - 2005-2009)



**DR. A. M. CHACKO**
(Our New Manager 2009- )

# Union Christian College, 2008-09

## PRINCIPAL'S REPORT

The achievements of the college during 2008-09 include a good number of students securing first, second or third positions in the M.G University examinations of March / April 2008. The rank holders were:

### BA / BSc

| | | |
|---|---|---|
| Ms. Seethu Varghese | Third Rank | BSc Mathematics |
| Ms. Arya S | First Rank | BSc Physics |
| Ms. K Asha Latha | Third Rank | BA Malayalam |
| Ms. Megha P Antony | Third Rank | BA History |
| Ms. Divya Peter | First Rank | BA Psychology |
| Ms. Harini C | Second Rank | BA Psychology |
| Ms. Thushad Satheesan Sneha | Third Rank | BA Psychology |
| Ms. Mary Helen | First Rank | BSc BT&SP |
| Ms. Deepthy Divakaran | Second Rank | BSc BT&SP |
| Ms. Lakshmi K | Third Rank | BSc BT&SP |
| Ms. Sangeetha | First Rank | BSc CM&E |
| Ms. Sreema S Baliga | Second Rank | BSc CM&E |
| Mr. Venkatesh M Prabhu | Third Rank | BSc CM&E |
| Ms. Anjaly Muraleedharan | First Rank | BSc Computer Science |

### MA / MSc

| | | |
|---|---|---|
| Ms. Bincy Joseph | First Rank | M.A.History |
| Ms. Anju Mary Philip | First Rank | M.Sc.Biotechnology |
| Ms. Prasobh C.B. | Second Rank | M.Sc.Physics |
| Ms. Renu Rajan | First Rank | M.Sc.Botany |
| Ms.Jamna Jabbar | Second Rank | M.Sc.Botany |

The college fared reasonably well in terms of the results of the final year BA/BSc and MA/ MSc examinations of 2008.

Results:

## A. Undergraduate Courses

| BA/BSc | Number of students appeared | Pass percentage | First Class | Second Class | Third Class |
|---|---|---|---|---|---|
| History | 33 | 93.94 | 11 | 13 | 6 |
| Economics | 57 | 89.47 | 15 | 15 | 19 |
| English | 42 | 85.71 | 16 | 8 | 12 |
| Psychology | 26 | 92.31 | 15 | 6 | 3 |
| Malayalam | 47 | 93.62 | 17 | 12 | 14 |
| Archeology | 28 | 50 | 14 | 8 | 0 |
| Mathematics | 38 | 89.47 | 28 | 5 | 1 |
| Physics | 40 | 100 | 29 | 8 | 3 |
| Chemistry | 41 | 92.68 | 37 | 1 | 0 |
| Botany | 24 | 100 | 24 | 0 | 0 |
| Zoology | 31 | 83.87 | 21 | 4 | 1 |
| BT & SP | 22 | 100 | 22 | 0 | 0 |
| Computer Sc | 22 | 77.27 | 17 | 0 | 0 |
| CME | 24 | 91.66 | 21 | 1 | 0 |



## B. Postgraduate Courses

| BA/BSc | Number of students appeared | Pass percentage | First Class | Second Class | Third Class |
|---|---|---|---|---|---|
| History | 12 | 91.66 | 0 | 8 | 3 |
| English | 17 | 70.58 | | 8 | 4 |
| Psychology | 11 | 63.63 | | 6 | 1 |
| Economics | 18 | 61.11 | | 7 | 4 |
| Botany | 10 | 80.0 | 2 | 6 | - |
| Physics | 12 | 58.33 | 5 | 2 | 0 |
| Mathematics | 14 | 71.42 | 4 | 6 | - |
| Chemistry | 11 | 72.72 | 5 | 3 | - |
| Malayalam | 19 | 63.16 | - | 12 | - |
| Biotechnology | 21 | 57.14 | - | 11 | 1 |
| Bioinformatics | 4 | 75.0 | - | 3 | - |

## Our Pro-Vice Chancellor, and our Vice Chancellor

Dr. Rajan Varughese, Reader, Department of Economics, has been appointed Pro-Vice Chancellor of Mahatma Gandhi University for four years. The College takes pride in this and wishes him the best.

It is also a matter of pride for the College that Prof. (Dr.) Rajan Gurukkal, the present Vice Chancellor of our University, was a member of the faculty of History in our College during the 1970's and the 1980's.

## Award of PhDs

Ms. Mary Alexander and Mr. P V Sreenivasan of the Chemistry Department, and Mr. Thomas P Zacharia and Capt. E I Anila of the Physics Department have been awarded PhD degrees by the Cochin University of Science and Technology. Ms. Muse Mary George of the Malayalam Department has been awarded PhD by the Mahatma Gandhi University.

Several of the research scholars who did their doctoral research under the supervision of teachers in this College have also been awarded PhD degrees (Dr. Sunny Kuriakose guided three of them; Dr. E S Jeevanad, one; and Dr. Thara K Simon, two).

## Orientation, Open House, and Farewell Programmes

Orientation programmes were held as usual for first year BA/BSc and MA/MSC students. Open House programmes for BA/BSc classes were organized during September and October, 2008. A farewell programme for outgoing BA/BSc students was also arranged as in the past years.

## Founders Day and Alumni Reunion Day

Founders' day Address: This year's Founders' Day Address was delivered by Mr. Jacob Punnoose, I P S (Director General of Police, and Director, Vigilance and Anti corruption) on 7th November 2008. The Alumni Reunion Day was celebrated on 8th November 2008. Most Rev. Dr. Philipose Mar Chrysostom Valia Metrapolitan gave the keynote address.

## NCC and NSS

JUO Amal Baby and Sgt Ragith R Nair took part in the prestigious Republic Day Camp 2009 held in New Delhi. Cdt. Anjana Parthasarathy was a member of Kerala Contingent that attended the inter directorate Cultural Competitions in New Delhi.

The NSS unit of the College successfully undertook a major project called *Kanavu* , a project aimed at helping the construction of houses for four poor families near the College. These achievements of the NCC and NSS are in addition to a variety of other activities and programmes.

## Sports and Games

In Women's Hockey, 14 players from our college, representing MG University, became winners in the South West Zone All India Inter University Hockey tournament. Winners of MG University women's Hockey Championship held at Banasthali University, Rajasthan. The team consisted of Aswathy I, Sushamol.K.S, Sajila.B, Sajila.A, Sandhya.P, Prajitha.P.V, Rashmi.R, Susan Mathew, Neethu.R, Liji.P.B, Rajani Janardhanan, Salma.C.K, Sreelekha.K.P and Sajitha.K from our College.

The College organized the 17th Dr. A.K.Baby Memorial South Zone Inter Collegiate Hockey Tournament and the 38th Union Christian College Basketball Tournament during 2008-09, besides hosting several MG University championships.

## University Youth Festival Winners

The College secured the fourth position in terms of overall points in the MG University Youth Festival held at Ernakulam. The prize winning students were Lakshmi Das (1st in Kavyakeli & 2nd in Aksharaslokam); Sujitha T (1st in Film Review and 2nd in Malayalam short story writing); Sruthy Raveendran (1st in Western Music, Solo); Vandana E (1st in Light Music); Devi KTP ( 2nd in Violin, Eastern); Limesh (3rd in Mimicry) and Bina Mary Valakkuzhi & Party (2nd in Western Music, Group).

## Scranton Scholarships

Five women students recommended by the College have been selected for the Scranton Scholarship for 2008-09 awarded by the Scranton Women's Leadership Centre of South Korea for women students with leadership qualities. They are Ms Manjusha, O. R. (III B.A. Malayalam), Ms. Preetha P Nair (III B.Sc. Physics); Ms Thazni T. N. (II B.Sc.Physics); Ms Haina Hariharan (II B.Sc. Chemistry) and Ms Josselin Edamuryil (II B.A.Psychology). Ms Manjusha, O. R. and Ms. Preetha P Nair received the scholarship in 2007-08 as well.

## New Scholarships Instituted

Several new scholarships have been instituted for students in different departments. Some of these have been instituted by retired teachers, some by the Departments, some by alumni, and some by bathes of old students.

## Improvement of Facilities

Efforts have been made to improve the facilities in the College in different ways, with more bathrooms and washing areas and a pavilion for sports, bathrooms in the VMA Hall, improved toilets in the Women's Waiting Room and the canteen, drinking water facility in the NR block, the completion of the water harvesting project and the new College gate, completion of the installation of the High Tension Transformer and underground cables, and better laboratory facilities for Physics, bioinformatics, and other departments.

## Placement Cell

The Placement Cell of the college has done a commendable job in attracting top companies to the campus for the placement season. A number of companies have also indicated their willingness to come to the campus for recruitment. The placement cell organizes workshops and other activities with a view to preparing students for the recruitment process, and to improving their soft skills. Mr. Cijoe Thomas is the Placement Officer.

## Faculty programmes Abroad

Dr. David Saj Mathew of the Botany Department spent a term at the Hong Kong Baptist University in Hong Kong making use of the **Freeman Fellowship** awarded by the United Board (UBCHEA). Ms. Geethika G, Lecturer in Political Science, Department of Economics, has returned after one year of studies in UK under the **Commonwealth Split-site Doctoral Scholarship** scheme. Dr. Manju M George has returned after the completion of one year Research Fellowship of the Inoue Science Foundation, Tokyo, Japan.

Mr. M I Punnoose of the Department of Malayalam participated in the Institute for Advanced Studies in Asian Cultures and Theology (IASACT) of the United Board (UBCHEA) in Hong Kong, from June 6 to July 9, 2008. Mr. Anil Thomas Koshy, Head of the Dept. of Physical Education, attended the Academy of Asian University Chaplains' Conference during August 4-7, 2008 at Chang Jung Christian University, Tainan, Taiwan. Dr. Jyothi Mariam John of the Dept. of Chemistry attended the International Conference of the Asian Christian Faculty Fellowship (ACFF) Federation held in Bali, Indonesia during November 13-16, 2008.

Principal Dr. Varghese John presented a paper on Higher Education in the Sixth International Triennial Conference of CUAC ( Colleges and Universities of the Anglican Communion) held in Hong Kong in May 2008. He also presented a paper at the International Conference of the Asian Christian Faculty Fellowship (ACFF) Federation held in Bali, Indonesia in November 2008.

## Research Grants and Other Funding

The Kerala State Council for Science, Technology and Environment (KSCSTE) has sanctioned Rs.12,18,800/- to Dr. Rachel Reena Philip, Department of Physics, for a major research project.

The Department of Chemistry has been sanctioned Rs.40 lakhs under the FIST Programme by the Department of Science and Technology, Government of India, as financial assistance for renovation of laboratories, and purchase of books and equipment.

- The Departments of Economics, History, Mathematics, Physics, Botany and Malayalam have received funding from the UGC for different projects.
- The Remedial Coaching scheme funded by the UGC was carried out under the supervision of Dr. Tomy Varghese, Head of the Economics Department.

### The College Union

The College Union elections were conducted on September 5, 2008. The formal inauguration of the College Union activities was held on October 15, 2008 as in the past years. The Union organized several programmes, including camps, competitions and exhibitions. The activities came to an end with the College Day, celebrated on February 11, 2009.

### Associations and Clubs

A variety of activities, academic and cultural, were conducted by the different Departments, Associations and Clubs.

### Women's Cell

Among the events organized by the Women's Cell in the College this year was a function to felicitate the first batch (admitted in 1939) of Women Students of this college and the first batch of permanent women teachers of this college.

### Service Learning

Service Learning activities in the College entered a new phase with the conduct of a National Seminar on Service Learning in January 2009, organized by Dr. K E Leelamma with UBCHEA funding. The presentation of the service learning activities of the College was adjudged by a team of experts from other states as the best presentation in the Seminar. A paper prepared by Dr. K E Leelamma and Dr. Jyothi Mariam John was selected for presentation at an International Seminar on Service Learning to be held at Lingnan University, Hong Kong.

### Some Additional Responsibilities held by Teachers

| | |
|---|---|
| Bursar | Dr. T Thomas Philip |
| Dean, Administration | Prof. P J Aleyamma |
| Dean, Academic | Prof. Roshni Mathew Maliakkal |
| Superintendent of Works | Dr. A Benny Cherian |
| Secretary of the PTA | Dr. P Thomas Mathew |
| Secretary of the Staff Council | Mr. V P Markose |
| Secretary of the Staff Association | Dr. P M Kuriachen |
| Secretary of the Inter Church Fellowship | Mr. Anil Thomas Koshy |
| Chief Superintendent of University Examinations | Ms. Mariam Remani Thomas |
| Coordinator of the IQAC | Dr. K P Unnikrishnan |
| Coordinator of the Centre for Environmental Studies | Dr. K P Unnikrishnan |

### Staff Advisers

| | |
|---|---|
| College Union | Ms. Muse Mary George |
| Arts Club | Dr. Aju K N |
| Debating Club | Dr. Ancy Eapen |

| | |
|---|---|
| Quiz Club | Ms. Rekha Nair and Dr. Sonia Chacko |
| Placement Cell | Dr. Lopez Mathew |
| Women's Cell | Ms. M Latha Mathew |
| Tourism Club | Dr. David Saj Mathew |
| Media Club | Ms. Muse Mary George |

**Main Wardens of Hostels**

| | |
|---|---|
| East and TBT Hostels | Ms. Muse Mary George |
| CTB Hostel | Dr. Jyothi Mariam John |
| West Hostel | Mr. M I Punnoose |
| Skinner Hostel | Ms. Mini Alice |
| Chacko Hostel | Dr. P M Kuriachen and Mr. Cherian K Georg |

**Retirements**



Two teachers retired from service on March 31 this year: Prof. Roshni Mathew Maliakkal, Head o the Dept. of Chemistry, and Dr. M P Marykutty, Dept. of History. Both these teachers have serv the College in various capacities and contributed much to its life and functioning. Mr. P Varghese, Junior Superintendent, retired from service on October 31, 2008. I place on record th appreciation of the College community for each one of them for their contributions to the Colleg

I would like to place on record the appreciation of the College community for the services of Pr Mathew Koshy whose four year term as Manager of the College ended on March 31. I personall thank him for all the support that he gave me in my role as Principal.

**To conclude**

I congratulate all the students and members of the teaching and non teaching staff wh contributed in different ways to the life of the College during the past year. I particula congratulate the members of the College Union for all the activities they organized, and all othe students who put in their best in the true spirit of team work.

*Dr. Varghese Jo*




ചരിത്രത്തിന്റെ ഏടുകളിൽ എഴുതപ്പെട്ട പതിറ്റാണ്ടുകളുടെ പാരമ്പര്യം കൈമുതലായുള്ള പുണ്യഭൂമിയാണ് യുണിയൻ ക്രിസ്റ്റ്യൻ കോളേജ്. പ്രപഞ്ചത്തിന്റെ നിഗൂഢതകളിലേക്ക് വെളിച്ചം വീശുന്ന മഹാഗണിതവും സഹിഷ്ണുതയുടെ മാർഗ്ഗം പഠിപ്പിക്കുന്ന ഗാന്ധിമാവും അനേകം സൗഹൃദങ്ങൾക്ക് സാക്ഷ്യം വഹിച്ച മഹാഗണി മരങ്ങളും. പ്രകൃതി സൗന്ദര്യം നിറഞ്ഞ ക്യാമ്പസും എല്ലാം യു.സി.യുടെ മാത്രം പ്രത്യേകതകളാണ്. ഒരധ്യയനവർഷം കൂടി പടിയിറങ്ങുമ്പോൾ ഓർമ്മയിൽ സൂക്ഷിക്കാൻ ഒരുപിടി നല്ല പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ കോളേജ് യുണിയന് കഴിഞ്ഞിട്ടുണ്ടെന്ന് വിശ്വസിക്കുന്നു. ഈ പ്രവർത്തനങ്ങളിൽ ഞങ്ങൾക്ക് ലഭിച്ച സഹകരണങ്ങൾ സാദരം സ്മരിച്ചുകൊണ്ട് 2008-09 കലാലയ യൂണിയന്റെ പ്രവർത്തനറിപ്പോർട്ട് അഭിവന്ദ്യ ഗുരുജനങ്ങളുടെയും അനധ്യാപകരുടെയും സർവ്വോപരി പ്രബുദ്ധരായ വിദ്യാർത്ഥികളുടെയും മുന്നിൽ വിനയപുരസ്സരം സമർപ്പിക്കുന്നു.

**കോളേജ് യുണിയൻ തെരഞ്ഞെടുപ്പ്**

2008 സെപ്തംബർ 5-ാം തീയതി തികച്ചും സമാധാനപരമായി നടന്ന തെരഞ്ഞെടുപ്പിൽ 13 യുണിയൻ ഭാരവാഹികളെ തെരഞ്ഞെടുത്തു.

| | | |
|---|---|---|
| Chairman | Vaisagh V. Nair | III Physics |
| Vice-Chairperson | Thasni M.K. | III Economics |
| Gen. Secretary | Jisto Ouseph | III Mathematics |
| Magazine Editor | Vineeth Vijayan | II Chemistry |
| Arts Club Secretary | Sreekanth Omanakuttan | III Chemistry |
| UUC | Ibrahim K. S. | II History |
| UUC | Aneesh S. | III Chemistry |
| Lady Representatives | Mariya Johny | II Mathematics |
| | Haritha P. | II English |
| I DC Rep. | Georgekutty Joseph | I Psychology |
| II DC Rep. | Tajo Jose | II Zoology |
| III DC Rep. | Syamkumar L.S. | III Mathematics |
| II PG Rep. | Shahir | II MA History |




താഴെ പറയുന്നവരെ വിവിധ സ്ഥാനങ്ങളിലേക്ക് നാമനിർദ്ദേശം ചെയ്യുകയും ചെയ്തു.

| | | |
|---|---|---|
| Sports Secretary | Jino John | III Zoology |
| Planning Forum | Joby Varghese | III Mathematics |
| Cine Club Secretary | Arunkumar J. Nair | III Zoology |
| Debate Club Secretary | Midhun Murali | III Malayalam |
| Canteen Secretary | Shijo Paul | III Psychology |
| Quiz Club Secretary | Bibin Raj | II Physics |
| SC/ST Secretary | Amruthraj Babu | III C.S. |
| I PG Secretary | Tintu K.J. | I MA History |

### യൂണിയൻ അംഗങ്ങളുടെ സത്യപ്രതിജ്ഞ

2008 സെപ്തംബർ 18 ന് AB2-വിൽ വച്ച് നടന്ന ലളിതമായ ചടങ്ങിൽ യുസിയൻ സമൂഹത്തെ സാക്ഷിയാക്കി യൂണിയൻ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് ജോൺ സത്യവാചകം ചൊല്ലിക്കൊടുക്കുകയും യൂണിയൻ അംഗങ്ങൾ ഏറ്റുചൊല്ലി അവരോധിക്കപ്പെടുകയും ചെയ്തു.

### Voice of UC

കലാലയ യൂണിയൻ ഉദ്ഘാടനത്തിന് മുന്നോടിയായി യുസിയുടെ മികച്ച ഗായികാ-ഗായകൻമാരെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും വി.എം.എ ഹാൾ വേദിയായി. 2008 ഒക്ടോബർ 6, 7 തീയതികളിൽ നടന്ന സെലക്ഷനിൽ നാനൂറിലധികം പേർ പങ്കെടുക്കുകയും യുസിയുടെ മികച്ച ശബ്ദങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു.

### കോളേജ് യൂണിയൻ ഉദ്ഘാടനം

2008 ഒക്ടോബർ 15-ാം തീയതി കോളേജ് അങ്കണത്തിൽ വച്ച് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ പ്രശസ്ത പത്രപ്രവർത്തക ശ്രീമതി ലീലാമേനോൻ കോളേജ് യൂണിയൻ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഭദ്രദീപം കൊളുത്തി നിർവ്വഹിച്ചു. തദവസരത്തിൽ പ്രശസ്ത ചലച്ചിത്ര താരങ്ങളായ ശ്രീ. അജ്മൽ അമീർ, ശ്രീ. കിരൺരാജ് എന്നിവർ ആർട്സ് ക്ലബ്ബ്, സിനി ക്ലബ്ബ് എന്നിവയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിയൻ ചെയർമാൻ വൈശാഖിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജനറൽ സെക്രട്ടറി ജിസ്റ്റോ സ്വാഗതവും വൈസ് ചെയർപേഴ്സൺ തസ്നി കൃതജ്ഞതയും അർപ്പിച്ചു. ചടങ്ങിൽ പ്രിൻസിപ്പാൾ ഇൻ ചാർജ്ജ് പ്രൊഫ. സുലത ആനി തോമസ്, യൂണിയൻ സ്റ്റാഫ് അഡ്വൈസർ ഡോ. മ്യൂസ് മേരി ജോർജ്ജ്, ആർട്സ് ക്ലബ്ബ് സ്റ്റാഫ് അഡ്വൈസർ ഡോ. അജു നാരായണൻ, യു.യു.സി. അനീഷ് എസ്. 3rd DC representative ശ്യാംകുമാർ എന്നിവർ ആശംസകളർപ്പിച്ചു. ഉച്ചയ്ക്കുശേഷം 'വോയ്സ് ഓഫ് യുസി' യുടെ ഗാനമേളയും അരങ്ങേറി.




## Debate Club ന്റെ പ്രവർത്തനങ്ങൾ

### 1. Debate Club Inauguration

2008 ഒക്ടോബർ 23-ാം തീയതി വി.എം.എ. ഹാളിൽ വച്ച് നടന്ന ലളിതമായ ചടങ്ങിൽ കോളേജ് യൂണിയൻ സ്റ്റാഫ് അഡ്വൈസർ ഡോ. മ്യൂസ് മേരി ജോർജ്ജ് ഡിബേറ്റ് ക്ലബ് ഉദ്ഘാടനം നിർവ്വഹി ച്ചു. തുടർന്ന് യു.സി. കോളേജിലെ വിവിധ ക്ലബ്ബുകളുടെയും സാംസ്കാരികവേദികളുടെയും പ്രതി നിധികളെ പങ്കെടുപ്പിച്ച് കൊണ്ട് 'ക്യാമ്പസ് എങ്ങനെ സജീവമാകുന്നു' എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിച്ചു. മലയാള വിഭാഗം അദ്ധ്യാപകൻ ശ്രീ. എം. ഐ. പുന്നൂസ് ചർച്ച നിയന്ത്രിച്ചു.

### 2. Debate Competition

കോളേജ് ഡിബേറ്റ് ടീമിനെ തെരഞ്ഞെടുക്കുന്നതിന് വേണ്ടി 2008 നവംബർ 11-ാം തീയതി ഒരു ഡിബേറ്റ് മത്സരം സംഘടിപ്പിച്ചു.

'ആണവ കരാർ ഇന്ത്യയുടെ ദേശീയ താൽപര്യത്തെ ഹനിക്കുന്നുണ്ടോ'? എന്ന വിഷയത്തിൽ സംഘടിപ്പിച്ച സംവാദത്തിൽ ജോസ് കുര്യാക്കോസ്, ഷിയാസ് കെ. എം. എന്നിവർ മികച്ച ടീം ആയും ജോസ് കുര്യാക്കോസ് ബെസ്റ്റ് ഡിബേറ്റർ ആയും തെരഞ്ഞെടുക്കപ്പെട്ടു. മലയാള വിഭാഗം അധ്യാപകരായ ശ്രീ. എം. ഐ. പുന്നൂസ്, ശ്രീ. സജു മാത്യു എന്നിവരായിരുന്നു വിധികർത്താക്കൾ.

ഡിബേറ്റ് ക്ലബ്ബ് സെക്രട്ടറി മിഥുൻ മുരളിയുടെ നേതൃത്വത്തിൽ ഡിബേറ്റ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ സജീവമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് പ്രയത്നിച്ച ഡിബേറ്റ് ക്ലബ്ബ് സ്റ്റാഫ് അഡ്വൈസർ ഡോ. ആൻസി ഈപ്പനെ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

## 'മുക്കുറ്റി'
## കേരളപ്പിറവി ആഘോഷങ്ങൾ

2008 നവംബർ 3-ാം തീയതി 'മുക്കുറ്റി' എന്ന പേരിൽ കേരളപ്പിറവി ആഘോഷങ്ങൾ സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് ജോൺ ഉദ്ഘാടനം ചെയ്തു. തുടർന്ന്, ലക്ഷ്മി പ്രിയ അവതരിപ്പിച്ച നൃത്തശില്പത്തിന് ശേഷം കേരളീയം, നാടൻപാട്ട് എന്നീ ഇനങ്ങളിൽ പഠനവിഭാഗത്തെ പ്രതിനിധീ കരിച്ച് മത്സരങ്ങൾ സംഘടിപ്പിച്ചു. ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റും മലയാളം ഡിപ്പാർട്ട്മെന്റും ഒന്നാം സ്ഥാനം പങ്കിട്ടു. കേരള സംബന്ധമായ ദൃശ്യകലകളുടെയും മറ്റു സാംസ്കാരിക ചിഹ്നങ്ങളുടെയും അവതരണമായ ഈ ആഘോഷപരിപാടികൾക്ക് പുലികളി, ശിങ്കാരിമേളം എന്നിവ നിറം പകർന്നു.

## 'കലാസരിത് സാഗരം'
## ആർട്സ് ഫെസ്റ്റിവൽ

2008 ഒക്ടോബർ 28, 29 നവംബർ 4, 6 തീയതികളായി 'കലാസരിത് സാഗരം' എന്ന പേരിൽ ആർട്സ് ഫെസ്റ്റിവൽ സംഘടിപ്പിച്ചു. 48 മത്സരവിഭാഗങ്ങളിലായി 320 വിദ്യാർത്ഥികൾ പങ്കെടുത്തു. വി.എം. എ. ഹാൾ, ടി.ബി. നൈനാൻ ഹാൾ, പി.ജെ. ബ്ലോക്ക് എന്നിവയായിരുന്നു പ്രധാനമത്സരവേദികൾ. സർഗ്ഗസാധനയിൽ നിപുണരായ നിരവധി വിദ്യാർത്ഥികൾ മാറ്റുരച്ചപ്പോൾ ജോസ് കുര്യാക്കോസ് കലാപ്രതിഭയായും ലക്ഷ്മിദാസ് കലാതിലകമായും തെരഞ്ഞെടുക്കപ്പെട്ടു. ആർട്സ് ഫെസ്റ്റിവ ലിന്റെ അവസാനദിവസമായ നവംബർ 6-ാം തീയതി പ്രശസ്ത പിന്നണിഗായകൻ അഫ്സൽ






സംഗീതസാന്ദ്രമായ നിമിഷങ്ങൾ സമ്മാനിച്ചുകൊണ്ട് സദസ്സിനെ ധന്യമാക്കി.

## ക്വിസ്സ് ക്ലബ്ബിന്റെ പ്രവർത്തനം

*1. ക്വിസ്സ് ക്ലബ്ബ് ഉദ്ഘാടനം*

2008 ഒക്ടോബർ 31-ാം തീയതി AB1 ൽ വെച്ച് ഒരു ക്വിസ്സ് മത്സരം സംഘടിപ്പിച്ചുകൊണ്ട് ക്വിസ്സ് ക്ലബ്ബിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഗണിതശാസ്ത്രവിഭാഗം അദ്ധ്യാപകൻ ശ്രീ. പ്രതീഷ് എബ്രഹാം ആയിരുന്നു മുഖ്യ ക്വിസ്സ് മാസ്റ്റർ. കൂടാതെ ഇംഗ്ലീഷ് വിഭാഗത്തിലെ അദ്ധ്യാപകരായ ശ്രീമതി രേഖാനായർ, ശ്രീമതി സോണിയ ചാക്കോ എന്നിവർ സഹവർത്തികളായി മുഴുവൻ സമയവും ഉണ്ടായിരുന്നു. 48 വിദ്യാർത്ഥികൾ പങ്കെടുത്ത മത്സരത്തിൽ സന്തു ജോൺ സാജൻ, ബിന്റോ മത്തായി എന്നിവർ ഒന്നാം സമ്മാനം കരസ്ഥമാക്കി.

*2. ക്വിസ്സ് കോമ്പറ്റീഷൻ*

കോളേജ് ക്വിസ്സ് ടീമിനെതെരഞ്ഞെടുക്കുന്നതിന് വേണ്ടി 2009 ജനുവരി 2-ാം തീയതി വി.എം.എ. ഹാളിൽ വെച്ച് ഒരു ക്വിസ്സ് കോമ്പറ്റീഷൻ സംഘടിപ്പിച്ചു. നിതിൻ രാജ്, സുജിത്ത് എന്നിവർ കോളേജ് ടീമായി തെരഞ്ഞെടുക്കപ്പെട്ടു. മത്സരത്തിൽ പങ്കെടുത്തവർക്കും ഓഡിയൻസിനും പ്രത്യേകം സമ്മാനങ്ങൾ വിതരണം ചെയ്തു. ഗണിതശാസ്ത്രവിഭാഗം അദ്ധ്യാപകൻ ശ്രീ. പ്രതീഷ് എബ്രഹാമായിരുന്നു ക്വിസ്സ് മാസ്റ്റർ. ഡോ. സണ്ണി കുര്യാക്കോസ് ആണ് ചോദ്യങ്ങൾ തയ്യാറാക്കിയത്.

ക്വിസ്സ് ക്ലബ്ബ് സെക്രട്ടറി ബിബിൻ രാജിന്റെ നേതൃത്വത്തിൽ ക്വിസ്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ സജീവമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് പ്രയത്നിച്ച ക്വിസ്സ് ക്ലബ്ബ് സ്റ്റാഫ് അഡൈ്വസർ ശ്രീമതി രേഖാ നായരെ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

## Cine ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ

### 1. Cine Fest

2008 നവംബർ 10, 11, 13 തീയതികളിൽ നടന്ന സിനി ഫെസ്റ്റിവലിൽ 'താരേ സമീൻ പർ', 'മൊഴി', 'ഹാപ്പി ഡെയ്സ്' എന്നീ ചിത്രങ്ങളുടെ പ്രദർശനം നടത്തി. ഹോസ്റ്റൽ വിദ്യാർത്ഥികൾക്കായി പ്രത്യേകം പ്രദർശനങ്ങളുണ്ടായിരുന്നു.

### 2. Filmature
*സിനിമാ-സാഹിത്യ ശില്പശാല*

2009 ജനുവരി 9 മുതൽ 11 വരെ 'Filmature' എന്ന പേരിൽ സിനിമാ-സാഹിത്യശില്പശാല സംഘടിപ്പിച്ചു. ജനുവരി 9 വെള്ളിയാഴ്ച വൈകിട്ട് 3.30 ന് പ്രശസ്ത കഥാകാരി ഗ്രേസി ഉദ്ഘാടനം നിർവ്വഹിച്ചു. 2007-ലെ മികച്ച ഗാനരചയിതാവിനുള്ള പുരസ്കാരം നേടിയ ശ്രീ. റഫീഖ് അഹമ്മദ്, 'അഗ്നിദേവൻ', 'പവിത്രം' തുടങ്ങിയ നിരവധി ഹിറ്റ് ചിത്രങ്ങളുടെ തിരക്കഥ രചിക്കുകയും 1999-ലെ മികച്ച തിരക്കഥാകൃത്തിനുള്ള പുരസ്കാരം നേടിയ ശ്രീ. പി. ബാലചന്ദ്രൻ, പ്രശസ്ത കവിയും നിരൂപകനുമായ ശ്രീ.കെ. കെ. ഹിരണ്യൻ എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ശില്പശാലയിൽ കഥ, കവിത, ബ്ലോഗ് സാഹിത്യം, സിനിമ എന്നിവയെക്കുറിച്ച് പഠനം നടത്തി. അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധപിടിച്ചുപറ്റിയ ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും ചർച്ചകൾ




സംഘടിപ്പിക്കുകയും ചെയ്തു. ഡോ. അജു നാരായണൻ, കെ. എൻ. വിധു നാരായൺ, ഡോ. ആൻസി ഈപ്പൻ, ഡോ. സിബു മോടയിൽ ഈപ്പൻ, കഥാകൃത്ത് ശിവദാസ് എന്നിവർ Subsession-നുകൾ നയിച്ചു. ക്യാമ്പംഗങ്ങൾക്ക് അവരുടെ കഴിവുകൾ വിലയിരുത്താനും സൃഷ്ടികൾ വിശകലനം ചെയ്യാനും ക്യാമ്പ് സഹായകമായി. ജനുവരി 11 ഞായറാഴ്ച വൈകിട്ട് നടന്ന ക്യാമ്പ് അവലോകനത്തിൽ Best Camper ആയി സുജിത്ത് ടി. യെ തെരഞ്ഞെടുത്തു. തുടർന്ന് നടന്ന സമാപനസമ്മേളനത്തിൽ പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് ജോൺ ക്യാമ്പംഗങ്ങൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. യൂണിയൻ സ്റ്റാഫ് അഡ്വൈസർ ഡോ. മ്യൂസ് മേരി ജോർജ്ജ്, സിനി ക്ലബ്ബ് സ്റ്റാഫ് അഡ്വൈസർ ശ്രീ. പ്രതീഷ് അബ്രഹാം, സ്റ്റുഡന്റ് കോ-ഓർഡിനേറ്റർ മിഥുൻ മുരളി എന്നിവർ ക്യാമ്പ് നിയന്ത്രിച്ചു. ക്യാമ്പിന്റെ വിജയത്തിനായി മുഴുവൻ സമയവും പ്രവർത്തിക്കുകയും ഏറ്റവുമധികം കഷ്ടപ്പെടുകയും ചെയ്ത സിനി ക്ലബ്ബ് സ്റ്റാഫ് അഡ്വൈസർ ശ്രീ. പ്രതീഷ് അബ്രഹാമിനെ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. ക്യാമ്പംഗങ്ങൾക്ക് ഭക്ഷണം ഒരുക്കിത്തന്ന കാന്റീനിലെ രാജൻ ചേട്ടൻ, വർക്സ് ഡിപ്പാർട്ട്മെന്റിലെ ശ്രീ. സാംസൺ എന്നിവർക്കും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു. യാതൊരു വിധ രജിസ്ട്രേഷൻ ഫീസും ഇല്ലാതെയാണ് ക്യാമ്പ് സംഘടിപ്പിച്ചത്.

സിനി ക്ലബ്ബ് സെക്രട്ടറി അരുൺകുമാറിന്റെ നേതൃത്വത്തിൽ കുടുതൽ പ്രവർത്തനങ്ങൾ നടത്തുന്നതിന് സിനി ക്ലബ്ബ് തീരുമാനിച്ചിരിക്കുന്നു.

### കവിയരങ്ങ്

ക്യാമ്പസിലെ കവികളെ കണ്ടെത്താനും അവരെ പ്രോത്സാഹിപ്പിക്കാനും വേണ്ടി 2008 നവംബർ 13-ാം തീയതി ക്യാമ്പസ് കവിയരങ്ങ് സംഘടിപ്പിച്ചു. മാഗസിൻ സ്റ്റാഫ് അഡ്വൈസർ ഡോ. സിബു മോടയിൽ ഈപ്പൻ തന്റെ കവിത ചൊല്ലിക്കൊണ്ട് കവിയരങ്ങ് ഉദ്ഘാടനം ചെയ്തു. തുടർന്ന് നിരവധി വിദ്യാർത്ഥികൾ തങ്ങളുടെ കവിതകൾ അവതരിപ്പിച്ചു. പുതുമയുള്ളതും വ്യത്യസ്തത പുലർത്തുന്നതുമായിരുന്നു കവിതകളിലേറെയും. യൂണിയൻ സ്റ്റാഫ് അഡ്വൈസർ ഡോ. മ്യൂസ്മേരി ജോർജ്ജ് തന്റെ കവിത ചൊല്ലി ചടങ്ങിന് പരിസമാപ്തി കുറിച്ചു.

### 'ആരവം 2008'
### എം.ജി. യൂണിവേഴ്സിറ്റി യൂണിയൻ ഫെസ്റ്റിവൽ

5 വർഷങ്ങൾക്കു ശേഷം യൂണിവേഴ്സിറ്റി കലോത്സവത്തിൽ യുസി കോളേജിനെ പങ്കെടുപ്പിക്കാൻ കഴിഞ്ഞത് ഈ യൂണിയന്റെ ഏറ്റവും വലിയ നേട്ടമായ് കരുതുന്നു. 2008 നവംബർ 26 മുതൽ 30 വരെ എറണാകുളത്ത് വച്ച് നടന്ന എം.ജി. യൂണിവേഴ്സിറ്റി യൂണിയൻ യൂത്ത്ഫെസ്റ്റിവൽ, ആരവം 08-ൽ യുസി കോളേജിനെ പ്രതിനിധീകരിച്ച് 45 മത്സരവിഭാഗങ്ങളിലായി നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു. മഹാരാജാസ് ഓഡിറ്റോറിയം, മഹാരാജാസ് ഗ്രൗണ്ട്, സെന്റ് തെരേസാസ് ഓഡിറ്റോറിയം, മഹാരാജാസ് മെയിൻ ഹാൾ, മലയാളം ഹാൾ, ലോ കോളേജ് ഓഡിറ്റോറിയം എന്നിവയായിരുന്നു പ്രധാനമത്സരവേദികൾ. കലയുടെ സർവ്വതലങ്ങളിലേയും പുതുനാമ്പുകൾ മാറ്റുരച്ച കലോത്സവത്തിൽ യുസി കോളേജിന്റെ നിറച്ചാർത്തണിയിക്കാൻ താഴെപ്പറയുന്നവരുടെ പ്രകടനം നിർണ്ണായകമായി മാറി.

| | | |
|---|---|---|
| Vandana E. M. | | Light Music |
| Sruthy Ravindran | 1st prize | Western Vocal Solo |
| | " | |




| | | |
|---|---|---|
| Lamkshmi Das | 1st prize | കാവ്യകേളി |
| | 2nd prize | അക്ഷര ശ്ലോകം |
| Sujitha T. | 1st prize | Film Review |
| | II2nd prize | Short Story (Mal) |
| Devi K.T.P. | IInd prize | String Instrument (E) |
| Limesh P.M. | IIIrd prize | Mimicry |
| Beena Mary & Party | IInd prize | Group Song (W) |



325 കോളേജുകളിൽ നിന്ന് 7000-ത്തോളം അനുഗ്രഹീത യൗവ്വനങ്ങൾ അണിനിരന്ന കലാമാമാങ്കത്തിൽ 4-ാം സ്ഥാനം കരസ്ഥമാക്കാൻ യുസി കോളേജിന് കഴിഞ്ഞു. കലാതിലകപ്പട്ടത്തിന്റെ സാധ്യതാലിസ്റ്റിൽ അവസാന നിമിഷം വരെ ഇടം പിടിക്കാൻ ലക്ഷ്മിദാസ്, സുജിത ടി എന്നിവർക്ക് കഴിഞ്ഞതും നമ്മുടെ വിജയത്തിന്റെ മാറ്റ് കൂട്ടുന്നു.

യൂണിയൻ സ്റ്റാഫ് അഡ്വൈസർ ഡോ. മ്യൂസ്മേരി ജോർജ്ജ്, ഫൈൻ ആർട്സ് സ്റ്റാഫ് അഡ്വൈസർ ഡോ. അജു കെ. എൻ. എന്നിവരുടെ നേതൃത്വത്തിൽ അധ്യാപകരും യൂണിയൻ ഭാരവാഹികളുടെ നേതൃത്വത്തിൽ വോളന്റിയേഴ്സും കലോത്സവം അരങ്ങേറിയ അഞ്ച് ദിനരാത്രങ്ങളിലും മത്സരാർത്ഥികളുടെ സഹായത്തിനുണ്ടായിരുന്നു. പണക്കൊഴുപ്പിന്റെ സങ്കുചിത കിടമത്സരങ്ങൾക്ക് മുമ്പിൽ പതറിപ്പോകാതെ മികച്ച വിജയം കരസ്ഥമാക്കാൻ നമ്മെ സഹായിച്ചത് കൂട്ടായ്മയുടെയും സഹവർത്തിത്വത്തിന്റെയും കരുത്താണ്. യൂണിവേഴ്സിറ്റി കലോത്സവത്തിന് എല്ലാ പിന്തുണയും നൽകിയ ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ, മാനേജ്മെന്റ്, പി.ടി.എ. എന്നിവരെയും വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകിയ കലാദ്ധ്യാപകരെയും ഈയവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

## അനുമോദനസമ്മേളനം

2008 ഡിസംബർ 4-ാം തീയതി സംഘടിപ്പിച്ച അനുമോദനസമ്മേളനത്തിൽ യൂണിവേഴ്സിറ്റി കലോത്സവത്തിൽ മികച്ച വിജയം കരസ്ഥമാക്കിയവരെ അഭിനന്ദിക്കുകയും കോളേജ് യൂണിയന്റെ ഉപഹാരം സമ്മാനിക്കുകയും ചെയ്തു.

## സർവ്വകലാശാല യൂണിയനുകളുടെ കലാജാഥയ്ക്ക് സ്വീകരണം

കേരളത്തിലെ എല്ലാ സർവ്വകലാശാല യൂണിയനുകളുടെയും ആഭിമുഖ്യത്തിൽ നടന്ന കലാജാഥയ്ക്ക് 2009 ഡിസംബർ 9-ാം തീയതി യുസി കോളേജിൽ സ്വീകരണം നൽകി. ഉച്ചക്ക് 12.30 ന് നടന്ന സ്വീകരണച്ചടങ്ങിൽ യുസി കോളേജ് യൂണിയനുവേണ്ടി ജനറൽ സെക്രട്ടറി സ്വാഗതവും യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ കൃതജ്ഞതയും രേഖപ്പെടുത്തി. തുടർന്ന്, മതതീവ്രവാദത്തിനും വർഗ്ഗീയതക്കും എതിരെ വിദ്യാർത്ഥി ജാഗ്രത ഉണർത്തുന്നതിന് വേണ്ടി തെരുവുനാടകം അവതരിപ്പിച്ചു.

## Women Cell ന്റെ പ്രവർത്തനങ്ങൾ

വൈസ് ചെയർപേഴ്സൺ വനിതാ പ്രതിനിധികൾ നേതൃത്വം നൽകുന്നതുമായ വുമൺ [illegible] ഏറ്റവുമധികം പ്രവർത്തനങ്ങൾ കാഴ്ചവെച്ച വർഷമാണ് കടന്നുപോയത്. കോളേജ് യൂണിയനോട് ചേർന്ന് പ്രവർത്തിക്കുന്ന വുമൺ സെല്ലിന്റെ പ്രവർത്തനോദ്ഘാടനം 2008 ഒക്ടോബർ [illegible]




21-ാം തീയതി വി.എം.എ. ഹാളിൽ വച്ച് നടത്തപ്പെട്ടു. പ്രശസ്ത കൂടിയാട്ടം, നങ്ങ്യാർകൂത്ത് കലാകാരി ശ്രീമതി മാർഗ്ഗിസതി ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് വിദ്യാർത്ഥികളുമായി സൗഹൃദസംഭാഷണത്തിലേർപ്പെടുകയും ചെയ്തു.

**പെൺമ -2009**

യുസി കോളേജിൽ പെൺകുട്ടികൾക്ക് പ്രവേശനം ലഭിച്ചതിന്റെ 70-ാം വാർഷികം വിപുലമായ രീതിയിൽ ആഘോഷിക്കാൻ തീരുമാനിച്ചു. 2009 ജനുവരി 28-ാം തീയതി വി.എം.എ. ഹാളിൽ വെച്ച് നടന്ന വിളംബര ചടങ്ങിൽ പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് ജോൺ ഈ വർഷം പെൺകുട്ടികളുടെ വർഷമായി പ്രഖ്യാപിച്ചു. ചടങ്ങിൽ യുസി കോളേജിലെ ആദ്യത്തെ വിദ്യാർത്ഥിനികൾ അടങ്ങിയ ബാച്ചിലെ വിദ്യാർത്ഥിനിയും ഓഫീസ് സ്റ്റാഫ് അംഗവുമായ 'അന്നമ്മ കൊച്ചമ്മയെ' ആദരിച്ചു. അതോടൊപ്പം ആദ്യത്തെ വനിതാ അദ്ധ്യാപികമാരായ പി. വത്സലകുമാരി, സുശീല പി. ജോർജ്ജ്, ലക്ഷ്മിക്കുട്ടി, ഏല്യാമ്മ എന്നിവരെയും ആദരിച്ചു. ഒരു വർഷം മുഴുവനുമായി നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾക്ക് 'പെൺമ-2009' എന്ന പേര് നൽകി. ഇതിന് മുന്നോടിയായി ജനുവരി 14-ാം തീയതി കവിതാരചന, ഉപന്യാസം, പോസ്റ്റർ ഡിസൈനിംഗ് എന്നീ മത്സരങ്ങൾ നടത്തുകയും വിജയികൾക്ക് ചടങ്ങിൽ വച്ച് ക്യാഷ് പ്രൈസ് നൽകുകയും ചെയ്തു.

ലേഡീസ് വെയ്റ്റിംഗ് റൂമിന്റെ പുനരുദ്ധാരണ പ്രവർത്തനം ഉൾപ്പെടെ വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായ നിരവധി പ്രവർത്തനങ്ങൾ കാഴ്ചവച്ച വുമൺ സെല്ലിന് നേതൃത്വം നൽകിയ സ്റ്റാഫ് അഡ്വൈസർ പ്രൊഫ. ലത സി. മാത്യുവിനെ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

## സൗജന്യ രക്തദാന-രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ്

'രക്തദാനം-ജീവദാനം' എന്ന മഹത്തായ ആശയം വിദ്യാർത്ഥികളിലേക്ക് പകരുന്നതിന് വേണ്ടി 2009 ജനുവരി 8-ാം തീയതി വി.എം.എ. ഹാളിൽ വെച്ച് സൗജന്യ രക്തദാന-രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. റീജിയണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സെന്ററുമായി സഹകരിച്ച് ഡോ. എൻ. വിജയകുമാറിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ക്യാമ്പ് പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് ജോൺ ഉദ്ഘാടനം ചെയ്തു. 42 പേർ രക്തം ദാനം ചെയ്യാൻ സന്നദ്ധരായപ്പോൾ ആലുവ ബ്ലഡ് ബാങ്കിന്റെ ചരിത്രത്തിൽ ഒരൊറ്റ ക്യാമ്പിൽ ഏറ്റവുമധികം രക്തംദാനം ചെയ്ത കലാലയമായി യുസി കോളേജ് സ്ഥാനം പിടിച്ചു. രക്തദാതാക്കൾക്ക് നഗരസഭാദ്ധ്യക്ഷ ശ്രീമതി സ്മിതാ ഗോപി സാക്ഷ്യപ്പെടുത്തിയ രക്തദാനസർട്ടിഫിക്കറ്റും ഡോണർ കാർഡുകളും വിതരണം ചെയ്തു. രക്തഗ്രൂപ്പ് സൗജന്യമായി നിർണ്ണയിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയത് വിദ്യാർത്ഥികളും അദ്ധ്യാപക-അനദ്ധ്യാപകരുൾപ്പെടെ നിരവധി പേർക്ക് ഉപകാരപ്രദമായി.

## 'തട്ടകം' നാടകോത്സവം

2009 ജനുവരി 15-ാം തീയതി 'തട്ടകം' എന്ന പേരിൽ നാടകോത്സവം സംഘടിപ്പിച്ചു. വി.എം.എ. ഹാളിൽ അരങ്ങേറിയ ആറ് നാടകങ്ങളിൽ 'ചെകുത്താന്റെ മൊന്ത' എന്ന നാടകം ഒന്നാം സ്ഥാനം കരസ്ഥമാക്കി. റെമിത് ആർ.പി. മികച്ച നടനായും നീതുമോൾ തങ്കപ്പൻ മികച്ച നടിയായും തെരഞ്ഞെടുക്കപ്പെട്ടു.

## 'വായന' പുസ്തകോത്സവം

2009 ജനുവരി 20 മുതൽ 23 വരെ 'വായന' എന്ന പേരിൽ ഒരു പുസ്തകമേള സംഘടിപ്പിച്ചു. നിരവധി പാശ്ചാത്യ-പൗരസ്ത്യ പുസ്തകങ്ങൾ നിറഞ്ഞുനിന്ന മേള വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും




ഒരുപോലെ ഉപകാരപ്രദമായിരുന്നു.

**പ്രോ–വൈസ് ചാൻസിലർ ഡോ. രാജൻ വർഗ്ഗീസിനെ ആദരിച്ചു.**

എം. ജി. യൂണിവേഴ്സിറ്റി പ്രോ വി.സി. ആയി നിയമിതനായ ഡോ. രാജൻ വർഗ്ഗീസിന് 2009 ജനുവരി 21-ാം തീയതി കോളേജ് സ്വീകരണം നൽകുകയും തദവസരത്തിൽ യൂണിയൻ ചെയർമാൻ അദ്ദേഹത്തെ പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

**FRAMES ചിത്ര പ്രദർശനം**

2009 ജനുവരി 22, 23 തീയതികളിലായി 'FRAMES' എന്ന പേരിൽ വി.എം.എ. ഹാളിൽ വച്ച് ഒരു ചിത്രപ്രദർശനം സംഘടിപ്പിച്ചു. ജനുവരി 22-ാം തീയതി പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് ജോൺ പ്രദർശനം ഉദ്ഘാടനം ചെയ്തു. വിവിധ വിഭാഗങ്ങളിലായി യുസിയിലെ കലാകാരൻമാർ അണിയിച്ചൊരുക്കിയ ചിത്രങ്ങളാണ് പ്രദർശനത്തിന് വച്ചത്. ചിത്രപ്രദർശനത്തിനോടനുബന്ധിച്ച് ജനുവരി 23-ാം തീയതി കോളേജിന്റെ വിവിധ ഭാഗങ്ങളുടെ ഫോട്ടോകൾ പ്രദർശിപ്പിക്കുകയും അവ തിരിച്ചറിയുന്നതിന് ഒരു മത്സരം സംഘടിപ്പിക്കുകയും ചെയ്തു.

**ക്യാമ്പസ് കോടതി**

വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി കോളേജ് യൂണിയൻ ആവിഷ്കരിച്ച പദ്ധതിയാണ് 'ക്യാമ്പസ് കോടതി'. യൂണിയന് ലഭിച്ച നിരവധി പരാതികളിൽ യൂണിയന്റെ അധികാരപരിധിയിൽ പെട്ടത് പരിഹരിക്കുകയും ശേഷിച്ചവ തുടർനടപടിക്ക് പ്രിൻസിപ്പാളിന് കൈമാറുകയും ചെയ്തു. വി.എം.എ. ഹാളിലേക്ക് ജനറേറ്റർ അനുവദിക്കുക, വിവിധ ക്ലാസ്മുറികളിലെ അപര്യാപ്തതകൾ പരിഹരിക്കുക, പ്രവർത്തനരഹിതമായ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുക തുടങ്ങിയ പരാതികളിൽ ഏറിയ പങ്കും പരിഹരിക്കപ്പെട്ടുകഴിഞ്ഞു. 'ക്യാമ്പസ് കോടതി 'യുമായി സഹകരിച്ച പ്രിൻസിപ്പാളിനും വർക്സ് ഡിപ്പാർട്ട്മെന്റിനും കോളേജ് യൂണിയന്റെ നന്ദി രേഖപ്പെടുത്തുന്നു.

**ഉണർവ്വ് Talents Day**

2009 ജനുവരി 30-ാം തീയതി 'ഉണർവ്വ്' എന്ന പേരിൽ Talents Day സംഘടിപ്പിച്ചു. യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച ഇനങ്ങളും വോയ്സ് ഓഫ് യുസി കലാകാരൻമാർ അവതരിപ്പിച്ച ശ്രുതിമധുരങ്ങളായ ഗാനങ്ങളും കോർത്തിണക്കിക്കൊണ്ട് ഒരുക്കിയ Talents Day വി.എം.എ. ഹാളിലാണ് അരങ്ങേറിയത്.

**'തനിമ' Realistic പെയിന്റിംഗുകളുടെ പ്രദർശനം**

2009 ജനുവരി 30-ാം തീയതി 'തനിമ' എന്ന പേരിൽ വി.എം.എ. ഹാളിൽ വച്ച് റിയലിസ്റ്റിക് പെയിന്റിംഗുകളുടെ പ്രദർശനം സംഘടിപ്പിച്ചു. പ്രശസ്ത ചിത്രകാരൻ ശ്രീ. പെരുമ്പാവൂർ സുകുമാരനാണ് ചിത്രങ്ങൾ പ്രദർശനത്തിനായി നൽകിയത്.




## Winners Day

2009 ഫെബ്രുവരി 6-ാം തീയതി വി.എം.എ. ഹാളിൽ വച്ച് സംഘടിപ്പിച്ച വിന്നേഴ് ഡേയിൽ കോളേജ് യൂണിയൻ ഇതുവരെ സംഘടിപ്പിച്ച എല്ലാ മത്സരങ്ങളുടെയും സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് ജോൺ, യൂണിയൻ സ്റ്റാഫ് അഡ്വൈസർ ഡോ. മ്യൂസ്മേരി ജോർജ്ജ് എന്നിവരാണ് വിജയികൾക്കുള്ള ഉപഹാരം സമ്മാനിച്ചത്.

വിരമിക്കുന്ന അദ്ധ്യാപകരുടെ യാത്രയയപ്പും ഷിനു സത്യൻ കവിതകളുടെ പ്രകാശനവും കോളേജ് ദിനാഘോഷങ്ങളുമെല്ലാം ഈ യൂണിയന്റെ പ്രവർത്തനങ്ങളുടെ ഭാഗമാണ്. ചുരുങ്ങിയ കാലം കൊണ്ട് ഹൃദ്യവും, ഉപകാരപ്രദവും, ആസ്വാദ്യകരവുമായ നിരവധി പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ കഴിഞ്ഞത് നിരവധി പേരുടെ സ്നേഹോഷ്മളമായ സഹകരണങ്ങൾ കൊണ്ടാണ്. 2008-09 കോളേജ് യൂണിയന്റെ പ്രവർത്തനത്തിൽ സജീവ പങ്കാളിയായിരുന്ന യുസിയൻ സമൂഹത്തിലെ ഓരോ വിദ്യാർത്ഥിക്കും നന്ദി രേഖപ്പെടുത്തുന്നു. ഓഫീസ് കാര്യങ്ങളിൽ ഞങ്ങളെ സഹായിച്ച സൂപ്രണ്ട് സാർ, ധരണീന്ദ്രൻ സാർ, റോസമ്മ മാഡം, സോണിച്ചേട്ടൻ, പ്രസീദചേച്ചി എന്നിവരെ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. കർമ്മവഴിയിൽ മാതൃകാദീപം തെളിച്ച പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് ജോൺ, അദ്ധ്യാപകർ, അനദ്ധ്യാപകർ, ഞങ്ങളുടെ പ്രവർത്തനങ്ങളിൽ സഹകരിച്ച സുഹൃത്തുക്കൾ തുടങ്ങി എല്ലാവർക്കും ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുന്നു. യുസിയുടെ ചരിത്രത്തിൽ സ്ഥാനം പിടിക്കുന്ന യൂണിയൻ പ്രവർത്തനങ്ങൾക്ക് ഞങ്ങളെ സഹായിച്ച ഡോ. മ്യൂമേരി ജോർജ്ജ്, ഡോ. അജു കെ. എൻ. എന്നിവരുടെ സമചിത്തതയാർന്ന നേതൃത്വത്തിന് സ്നേഹാദരങ്ങളോടെ നന്ദിയർപ്പിച്ചുകൊണ്ട് കർമ്മങ്ങളുടെ ഈ കണക്കുപുസ്തകം യുസിയുടെ അംഗീകാരത്തിനായ് സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ജിസ്റ്റോ ഔസേഫ്




# വാർഷിക റിപ്പോർട്ട് 2008-2009

പ്രസിഡന്റ്
ബീനാ മേരി വാളക്കുഴി
3rd year psychology

സെക്രട്ടറി
അനു കെ. ആന്റണി
2nd year English

സെക്രട്ടറി
ശ്യാംകുമാർ എസ്.
2nd year Psychology

2008-2009 അധ്യയന വർഷത്തെ യു.സി. കോളേജ് മീഡിയ ക്ലബ്ബ് മുൻവർഷങ്ങളിലെയും, മറ്റു ക്ലബ്ബുകളുടെയും പ്രവർത്തനങ്ങളെ അപേക്ഷിച്ച് ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചിരിക്കുന്നത്.

## 2008 ജൂൺ 20 - ജേർണലിസം വർക്ക്ഷോപ്പ്

പുതിയ അധ്യയനവർഷത്തെ മീഡിയ ക്ലബ്ബിന്റെ ആദ്യ സംരംഭമായി 2008
ജൂൺ 20 ന് ജേർണലിസം ഉപരിപഠനത്തിന് താൽപ്പര്യമുള്ള വിദ്യാർത്ഥി
കൾക്കായി ജേർണലിസം വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. മാധ്യമപ്രവർത്തന
രംഗത്തെ ശ്രദ്ധേയരായ ശ്രീ ജോണി ലൂക്കോസ് (മലയാള മനോരമ
വാർത്താ ചാനൽ), ശ്രീമതി വീണ കുര്യാക്കോസ് (എം.എം. ന്യൂസ്)
ശ്രീ. നിമി ജോർജ്ജ് (മലയാള മനോരമ) എന്നിവർ ക്ലാസ്സുകൾ
നയിച്ചു. മുപ്പത്തിയഞ്ചോളം വിദ്യാർത്ഥികൾ പങ്കെടുത്തു.

## 2008 ജൂലൈ 1 - ഡോക്യുമെന്ററി വർക്ക്ഷോപ്പ്

ഡോക്യുമെന്ററി മേഖലയിൽ താൽപ്പര്യമുള്ള വിദ്യാർത്ഥി
കൾക്കായി സംഘടിപ്പിച്ച ഡോക്യുമെന്ററി വർക്ക്ഷോപ്പിൽ യു.എ
സിൽ നിന്നുള്ള യങ്ങ് അഡൾട്ട് വൊളണ്ടിയർ ശ്രീമതി. എലിസ
ബത്ത് ഷാറ്റലെയിൻ, യു.സി. കോളേജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാ
പകൻ ശ്രീ. ചെറി ജേക്കബ് കെ. എന്നിവർ വിദ്യാർത്ഥികൾക്ക്
നേതൃത്വം നൽകി. വർക്ക്ഷോപ്പിൽ പ്രശസ്ത സംവിധായകൻ
മൈക്കിൾമോറിന്റെ "ബൗളിംഗ് ഫോർ കൊളംബൈ" എന്ന
ഡോക്യുമെന്ററി പ്രദർശിപ്പിക്കുകയും ചെയ്തു.

## 2008 ജൂലൈ - ഡോക്യുമെന്ററി നിർമ്മാണം

ഡോക്യുമെന്ററി വർക്ക്ഷോപ്പിൽ പങ്കെടുത്ത വിദ്യാർത്ഥികൾ ചേർന്ന്
ശ്രീമതി എലിസബത്ത് ഷാറ്റലെയിൻ, ശ്രീ. ഷെറി ജേക്കബ് കെ.
എന്നിവരുടെ നേതൃത്വത്തിൽ "ഇടങ്ങൾ തേടി" എന്ന
പേരിൽ ഒരു ഡോക്യുമെന്ററി

ചിത്രം നിർമ്മിച്ചു. 'The Denizens of uncertainity" എന്ന സബ്ടൈറ്റിലിൽ നിർമ്മിച്ചിരിക്കുന്ന ചിത്രത്തിന്റെ സംവിധാനം, രചന, ക്യാമറ, എഡിറ്റിംഗ്, സൗണ്ട് മിക്സിംഗ്, സംഗീതം മുതലായ എല്ലാ പ്രവർത്തനങ്ങളും വിദ്യാർത്ഥികൾ തന്നെയാണ് ചെയ്തിരിക്കുന്നത് എന്ന വസ്തുത ഈ ചിത്രത്തെ മറ്റു ക്യാമ്പസ് ചിത്രങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നു. ആലുവ-കടുങ്ങല്ലൂർ റോഡിൽ പെരിയാർ റിവർ വാലി ഇറിഗേഷൻ കനാലിന്റെ വശങ്ങളിൽ, അനധികൃത ഭൂമിയിൽ കുടിയേറി പാർക്കുന്നവരുടെ പ്രശ്നങ്ങളാണ് ചിത്രത്തിന്റെ പ്രമേയം.

### 2008 ജൂലൈ 28 - ശ്രീമതി എലിസബത്തിന് യാത്രയയപ്പ്

വിദേശ സേവനത്തിന്റെ ഒരു വർഷത്തെ കാലാവധി പൂർത്തിയാക്കി തിരിച്ചുപോകാനൊരുങ്ങുന്ന ശ്രീമതി എലിസബത്ത് ഷാറ്റലെയിന് (ബെത്ത്) മീഡിയ ക്ലബ്ബ് അംഗങ്ങൾ സെന്റോഫ് നൽകി. മീഡിയ ക്ലബ്ബിന്റെ ഉപഹാരം പ്രസിഡന്റ് കുമാരി ബീനാ മേരി വാളക്കുഴി സമ്മാനിച്ചു. മീഡിയ ക്ലബ്ബ് പ്രവർത്തനങ്ങളുടെ സജീവ സാന്നിദ്ധ്യമായിരുന്ന ബെത്തിനോടൊപ്പമുള്ള പ്രവർത്തനങ്ങളുടെ അനുഭവങ്ങൾ ക്ലബ്ബ് അംഗങ്ങൾ പങ്കുവെച്ചു. ചടങ്ങിൽ എലിസബത്ത് തന്റെ മൂവി ക്യാമറ യു.സി. കോളെജ് മീഡിയ ക്ലബ്ബിന് സമ്മാനിക്കുന്നതായി അറിയിച്ചു.

### 2008 ജൂലൈ 30 - ഡോക്യുമെന്ററി ഔദ്യോഗിക പ്രകാശനം

മീഡിയ ക്ലബ്ബ് നിർമ്മിച്ച 'ഇടങ്ങൾ തേടി' എന്ന ഡോക്യുമെന്ററിയുടെ പ്രകാശനം ടി.ബി. നൈനാൻ ഹാളിൽ വച്ച് നടത്തി. ഇംഗ്ലീഷ് വിഭാഗം മുൻ അദ്ധ്യാപകൻ ശ്രീ. ജോണപ്പ ഡോക്യുമെന്ററിയുടെ സി.ഡി. ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകൻ ചെറി ജേക്കബ് കെ. യ്ക്ക് കൈമാറിക്കൊണ്ട് പ്രകാശനം നിർവ്വഹിച്ചു.

### 2008 ജൂലൈ 11 - സംവാദം

പാഠപുസ്തകവിവാദങ്ങളുടെ പശ്ചാത്തലത്തിൽ മീഡിയ ക്ലബ്ബിന്റെ സാമൂഹിക പ്രതിബദ്ധത ഉറപ്പിച്ച് കൊണ്ട് "വിവാദപാഠപുസ്തകം പിൻവലിക്കേണ്ടതിന്റെ ആവശ്യകത" എന്ന വിഷയത്തിൽ സംവാദം സംഘടിപ്പിച്ചു. സംവാദത്തിൽ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകൻ ശ്രീ ചെറി മോഡറേറ്ററായിരുന്നു. വിദ്യാർത്ഥികൾ സജീവമായി പങ്കെടുത്ത സംവാദത്തിൽ ബെസ്റ്റ് ഡിബേറ്ററേയും തിരഞ്ഞെടുത്തു.

### 2008 സെപ്തംബർ 27 - 'Eye'- The docu-fest '08

Eye-2008 എന്ന പേരിൽ സംഘടിപ്പിച്ച ഡോക്യുമെന്ററി ചലച്ചിത്രോത്സവം പ്രശസ്ത ഡോക്യുമെന്ററി സംവിധായകൻ ശ്രീ. പി. ബാലൻ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനചിത്രമായി ശ്രീ. പി. ബാലൻ സംവിധാനം ചെയ്ത 'പതിനെട്ടാമത്തെ ആന' എന്ന ഡോക്യുമെന്ററി പ്രദർശിപ്പിച്ചു. തുടർന്ന് വന്ദേമാതരം (തമിഴ്), മറൈ പൊരുൾ (തമിഴ്), കൽക്കട്ട ഫ്രൈഡ് മാർച്ച് (ബംഗാളി), ഗോഡസ്സസ് (തമിഴ്), മാഹുവാമെമോയിർ (ആഫ്രിക്ക), ബിയോൺഡ് ദ വീൽ, എന്നീ ഡോക്യുമെന്ററി ചിത്രങ്ങൾ പ്രദർശിപ്പിച്ചു. യു.സി. കോളേജിലെ തന്നെ ബിരുദാനന്തരബിരുദ വിദ്യാർത്ഥിനികളായ സുമയ്യയും സമിയയും ചേർന്നു നിർമ്മിച്ച "ഇരട്ടകൾ" എന്ന ഡോക്യുമെന്ററിയെക്കുറിച്ചും പരാമർശിച്ചു.

### 2008 ഒക്ടോബർ 24 - 'പാഠാന്തരം'

രാഷ്ട്രീയ മേഖലയിലെ പ്രമുഖരെ ഉൾക്കൊളളിച്ച് "വിശ്വാസം, വിദ്യാഭ്യാസം, രാഷ്ട്രീയം" എന്ന വിഷയത്തിൽ സംവാദങ്ങൾ സംഘടിപ്പിച്ചു.

വിവിധ രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിച്ച് ശ്രീ. എം. ഐ. ഷാനവാസ്. ശ്രീ. ഒ രാജഗോപാൽ (മുൻ കേന്ദ്രമന്ത്രി. ബി.ജെ.പി.). ശ്രീ. സി.എൻ. മോഹനൻ (CPIM) എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

പ്രഭാഷണങ്ങൾക്ക് ശേഷം വിദ്യാർത്ഥികളുടെ ചോദ്യങ്ങൾക്ക് രാഷ്ട്രീയ പ്രതിനിധികൾ മറുപടി പറഞ്ഞു. ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ അദ്ധ്യക്ഷനായിരുന്നു.

**2008 ഡിസംബർ 11 – പോസ്റ്റർ ക്യാപയ്നിംഗ്**

ലോക മനുഷ്യാവകാശ വാരത്തോടനുബന്ധിച്ച് ക്യാംപസിൽ വ്യത്യസ്ത ആശയതലങ്ങളടങ്ങുന്ന പോസ്റ്ററുകൾ പതിച്ചു.

**2009 ജനുവരി 5–10 – മിഴിവഴികൾ -09**

മിഴിവഴികൾ-2009 എന്ന പേരിൽ 5 ദിവസം നീണ്ടു നിന്ന ചലച്ചിത്രോത്സവവും ഫിലിം റേറ്റിംഗ് മത്സരവും സംഘടിപ്പിച്ചു. ചലച്ചിത്രോത്സവത്തിൽ ശ്രീ. രാഹുൽ ദോലാകിയ സംവിധാനം ചെയ്ത പർസാനിയ (ഇംഗ്ലീഷ്-ഹിന്ദി) ഉദ്ഘാടനചിത്രമായിരുന്നു. തുടർന്നുള്ള ദിവസങ്ങളിൽ അപർണസെൻ ചിത്രമായ Mr.& Mrs. Iyer (English), കുറസോവ ചിത്രമായ റാഷമോൺ (ജാപ്പനീസ്), കെ.വി. ജോർജ്ജ് സംവിധാനം ചെയ്ത യവനിക (മലയാളം), ടോം ടൈക്ക്വെർ ചിത്രമായ പെർഫ്യൂം (ഇംഗ്ലീഷ്), മെൽ ഗിബ്സൺ ചിത്രമായ അപൊകാലിപ്റ്റോ (ഇംഗ്ലീഷ്) ആനന്ദ് പട്‌വർദ്ധൻ സംവിധാനം ചെയ്ത ഡോക്യുമെന്ററി ചിത്രം 'രാം കെ നാം' (ഹിന്ദി) എന്നിവ പ്രദർശിപ്പിച്ചു. ചലച്ചിത്രോത്സവത്തോടനുബന്ധിച്ച് നടന്ന ഫിലിം റേറ്റിംഗ് മത്സരത്തിൽ 89.3% റേറ്റിംഗോടെ 'റാം കെ നാം' മികച്ച ചിത്രവും 86.6% റേറ്റിംഗോടെ 'പെർഫ്യൂം' മികച്ച രണ്ടാമത്തെ ചിത്രവും ആയി തിരഞ്ഞെടുക്കപ്പെട്ടു.

പൂർത്തീകരിച്ചതും പൂർത്തീകരിക്കാനാകാതെ പോയതുമായ മീഡിയ ക്ലബ്ബിന്റെ എല്ലാ പ്രവർത്തനങ്ങളിലും സഹകരിക്കുകയും തുറന്ന മനസ്സോടെ അഭിനന്ദിക്കുകയും വിമർശിക്കുകയും ചെയ്തവർക്ക് നന്ദി.

96

**സ്റ്റുഡന്റ് കോ-ഓർഡിനേറ്റർ**

മംഗള

**പ്രോഗ്രാം കമ്മിറ്റി (കോ-സ്റ്റുഡന്റ് കോ-ഓർഡിനേറ്റർസ്)**

ദേവി കെ.റ്റി.പി., അശ്വതി റെബേക്ക

രുഗ്മ കെ. പി., സുനിൽ

**എക്സിക്യൂട്ടീവ് കമ്മിറ്റി**

അരുൺ കുമാർ, നമിത

എൽദോസ് കെ. തോമസ്, മരിയ

ഷൈമ അബ്ദുൽ ഖാദർ, രാഹുൽ

ഷിയാസ്, ആനന്ദ്

റോൺ, പവിത്ര

ടെസ്ബിൻ, അമൃത

**ട്രഷറർ**

അജിത്ജോൺ



മഹാത്മാഗാന്ധി സർവ്വകലാശാല
നാഷണൽ സർവ്വീസ് സ്കീം യൂണിറ്റ് നമ്പർ 52
**യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ**

# വാർഷിക റിപ്പോർട്ട് 2008-2009

Eldhose



Sudhi



Maria



**പ്രോഗ്രാം ഓഫീസേഴ്സ്**

മിസ്റ്റർ എൽദോ വർഗ്ഗീസ്
മിസ്റ്റർ വിധു നാരായൺ
മിസ്സ് ഷിമി പോൾ ബേബി

**വൊളണ്ടിയർ സെക്രട്ടറിമാർ**

എൽദോസ് കെ. തോമസ്
മരിയ ജോണി
സുധി സി.ജെ.

**ക്യാംപ് ലീഡേഴ്സ്**

മിജിത്ത് എ.എം., മിൽസൺ ഫ്രാൻസിസ്
റോൺ ആന്റണി, ഹരിത പി.
ശ്യാംകുമാർ എസ്., ജാനുകൃഷ്ണ എസ്.
യദുനാഥ് ഇ.എം., അനു കെ. ആന്റണി
രാഹുൽ ഒ.ആർ., ഷിന്റു ഫിലിപ്പ്
ടെസ്ബിൻ പയസ്സ്, ആൻസ് തെരേസ വർഗ്ഗീസ്

ഒരു അദ്ധ്യയന വർഷംകൂടി കടന്നുപോകുമ്പോൾ വ്യത്യസ്തവും ജനോപകാരപ്രദവുമായ ഒരുപിടി പ്രവർത്തനങ്ങൾ സാക്ഷാത്കരിച്ചതിന്റെ നിറവിലാണ് യു.സി. കോളേജ് എൻ.എസ്സ്.എസ്സ്. യൂണിറ്റ്. "ആരോഗ്യമുള്ള യുവത്വം ആരോഗ്യമുള്ള ഇന്ത്യയ്ക്ക്" എന്ന ആശയത്തെ മുൻനിർത്തിയായിരുന്നു ഈ വർഷത്തെ പ്രവർത്തനങ്ങൾ. ഈ വർഷത്തെ പ്രവർത്തനങ്ങൾ യൂണിവേഴ്സിറ്റി തലത്തിൽ ശ്രദ്ധ നേടി. 'കനവ് ഭവനനിർമ്മാണ പദ്ധതി', 'തണൽ പരിസ്ഥിതി സംരക്ഷണ പദ്ധതി' വാർഷിക ക്യാംപുമായി ബന്ധപ്പെട്ടു നടത്തിയ റോഡ് നിർമ്മാണ പദ്ധതി എന്നിവ ഇവയിൽ പ്രധാനപ്പെട്ടവയാണ്.

**ഓറിയന്റേഷൻ പ്രോഗ്രാം (26-07-08)**

ഒന്നാംവർഷവിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഓറിയന്റേഷൻ പ്രോഗ്രാമിൽ എൻ.എസ്സ്.എസ്സ്. വൊളണ്ടിയേഴ്സ് സജീവ സാന്നിദ്ധ്യമായി. വിദ്യാർത്ഥികളേയും വഴികാട്ടുന്ന രക്ഷിതാക്കളേയും ലഘുഭക്ഷണം ക്രമീകരിതിലും



ക്കുന്നതിലും, പുതിയതായി എൻ.എസ്സ്. എസ്സിലേക്ക് അംഗങ്ങളെ ചേർക്കുന്നതിലും കർമ്മനിരതരായിരുന്നു വൊളണ്ടിയേഴ്സ്.

### ക്ലാസ്സ് ക്യാംപയിനിംഗ് (ആഗസ്റ്റ് 4)

എൻ.എസ്സ്.എസ്സ്. യൂണിറ്റിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുക എന്ന ഉദ്ദേശ്യത്തോടെ മൂന്നു ഗ്രൂപ്പുകളായി തിരിഞ്ഞ് ക്ലാസ്സ് ക്യാംപയിനിംഗ് നടത്തി. എൻ. എസ്സ്.എസ്സിന്റെ ഉത്ഭവത്തെക്കുറിച്ചും, എൻ. എസ്സ്. എസ്സിന്റെ സമകാലിക പ്രസക്തിയെ പറ്റിയും വൊളണ്ടിയേഴ്സ് സംസാരിച്ചു.

### ചിത്രരചനാമത്സരം (ആഗസ്റ്റ് 6)

ആഗസ്റ്റ് 6 ഹിരോഷിമ ദിനത്തിൽ ചിത്രരചനാമത്സരം സംഘടിപ്പിച്ചു. മത്സരത്തിൽ രണ്ടാം വർഷ ഭൗതിക ശാസ്ത്ര വിദ്യാർത്ഥി അമൽ ശങ്കർ ഒന്നാംസ്ഥാനവും, രണ്ടാം വർഷ ചരിത്ര ബിരുദ വിദ്യാർത്ഥിനി ആൻസ് തെരേസ വർഗ്ഗീസ് രണ്ടാംസ്ഥാനവും നേടി.

### പ്രവർത്തനോദ്ഘാടനം (ആഗസ്റ്റ് 13)

2008-2009 അദ്ധ്യയനവർഷത്തെ നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനോദ്ഘാടനം പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് ജോൺ നിർവ്വഹിച്ചു. ക്യാംപസിൽ വൃക്ഷത്തൈ നട്ടാണ്



അദ്ദേഹം ഉദ്ഘാടനം നിർവ്വഹിച്ചത്. ചടങ്ങിൽ എം.ഐ. പുന്നൂസ്, ബെന്നി ചെറിയാൻ, എൽദോ വർഗ്ഗീസ്, വിധുനാരായൺ, എൽദോസ് കെ. തോമസ് എന്നിവർ സംസാരിച്ചു.

### ഏകദിനക്യാംപ് (ആഗസ്റ്റ് 15)

ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനത്തിൽ ഏകദിനക്യാംപ് സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് ജോൺ സ്വാതന്ത്ര്യദിനസന്ദേശം നൽകി തുടർന്ന് എൻ.എസ്സ്.എസ്സ് വൊളണ്ടിയേഴ്സ് ചേർന്ന് സെമിനാരി റോഡിലെ മാലിന്യങ്ങൾ നീക്കം ചെയ്തു. ഉച്ചയ്ക്ക് ശേഷം മുൻ പ്രോഗ്രാം ഓഫീസർ എം.ഐ പുന്നൂസ് എൻ. എസ്സ്.എസ്സിനെപറ്റി ക്ലാസ്സെടുത്തു.

### നിയമസാക്ഷരത ക്ലാസ്സ് (സെപ്തംബർ 17)

ആലുവ ലീഗൽ സർവ്വീസ് സൊസൈറ്റിയും, യു.സി. കോളേജ് നാഷണൽ സർവ്വീസ് സ്കീമും സംയുക്തമായി നിയമസാക്ഷരത ക്ലാസ്സ് സംഘടിപ്പിച്ചു. ഈ വർഷത്തെ ആലുവ ലീഗൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും കോളേജിൽ നടന്നു. രണ്ടാം വർഷ ബിരുദ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച പരിപാടിയിൽ ആലുവ മുൻസിഫ് കോടതിയിലെ അഭിഭാഷകർ ക്ലാസ്സുകൾ നയിച്ചു.

### പേപ്പർ ബാഗ് പരിശീലനകളരി (ഒക്ടോബർ 11)

പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് ബദലായി പേപ്പർബാഗെന്ന സന്ദേശവുമായി യു.സി. കോളേജ് നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ഏകദിനപേപ്പർ ബാഗ് നിർമ്മാണ കളരി സംഘടിപ്പിച്ചു. കേരള ശാസ്ത്ര സാഹിത്യപരിഷത്തിന്റെ പ്രവർത്തകൻ ശ്രീ. രവീന്ദ്രൻ മാഷ് പരിശീലനപരിപാടിക്ക് നേതൃത്വം നൽകി. വി.പി. മാർക്കോസ്, ഷിബി പോൾ ബേബി എന്നിവർ പങ്കെടുത്തു.

### 'തണൽ 2008' ത്രിദിനക്യാംപ് (ഒക്ടോബർ 17, 18, 19)

യു.സി. കോളേജ് നാഷണൽ സർവ്വീസ് സ്കീമിന്റെ ത്രിദിന ക്യാംപ് കോളേജിൽ വെച്ച് ഒക്ടോബർ 17, 18, 19 തീയതികളിൽ സംഘടിപ്പിച്ചു.

യുസി. കോളേജ് മുതൽ പറവൂർ കവല വരെയുള്ള പ്രദേശത്തെ മാലിന്യ നിർമ്മാർജ്ജനം, സൗന്ദര്യവത്കരണം, സംരക്ഷണം ഇവ ലക്ഷ്യമാക്കി തുടങ്ങിയ തണൽ പദ്ധതിക്ക് ക്യാംപിലൂടെ തുടക്കം കുറിച്ചു.

ക്യാംപിന്റെ ഉദ്ഘാടനം ആലുവ മുൻസിപ്പൽ ചെയർപേഴ്സൺ അഡ്വ. സ്മിതാഗോപി നിർവ്വഹിച്ചു. ഡോ. വർഗ്ഗീസ് ജോൺ, വി.പി. മാർക്കോസ്, ഫ്രാൻസിസ് വരുൺ ജോയ് എന്നിവർ സംസാരിച്ചു. ക്യാംപിനോടനുബന്ധിച്ച് പൊതുസമ്മേളനം ആലുവ നഗരസഭ കൗൺസിലർ ശ്രീ. അജി വേലായുധൻ നിർവ്വഹിച്ചു.







## 'നികരം 2008' വാർഷിക സപ്തദിന ക്യാംപ് (ഡിസംബർ 20 മുതൽ 27 വരെ)

യു.സി. കോളേജ് നാഷണൽ സർവ്വീസ് സ്കീകിമിന്റെ വാർഷിക സപ്തദിനക്യാംപായ 'നികരം 2008' കുമ്മനോട് ഗവ. യു.പി. സ്കൂളിൽ വച്ച് 2008 ഡിസംബർ 20 മുതൽ 27 വരെ സംഘടിപ്പിച്ചു. കുമ്മനോട് കിഴക്ക് കടുവാക്കുഴി ഹരിജൻ കോളനിയിലേക്കുള്ള റോഡ് നിർമ്മാണമായിരുന്നു പ്രധാന ശ്രമദാനപരിപാടി.

### ഡിസംബർ 20

സപ്തദിനക്യാംപിന്റെ ഉദ്ഘാടനം കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം. കെ. അനിൽകുമാർ നിർവ്വഹിച്ചു. ഡോ. വർഗ്ഗീസ് ജോൺ അദ്ധ്യക്ഷനായിരുന്നു.

### ഡിസംബർ 21

ശ്രമദാനപരിപാടിയായ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

"മാധ്യമങ്ങളുടെ സാമൂഹ്യ പ്രസക്തി" എന്ന വിഷയത്തിൽ ന്യൂഏജ് ഇക്കോണമിക് ഡെയിലിയുടെ മാനേജിംഗ് ഡയറക്ടർ ശ്രീ. സെബിൻ പൗലോസ് ക്ലാസ്സുകൾ എടുത്തു.

### ഡിസംബർ 22

പ്രശസ്ത പരിസ്ഥിതി പ്രവർത്തകനും പെരിയാർ റിവർ കീപ്പറുമായ ശ്രീ. വി.ജെ. ജോസ് "പരിസ്ഥിതിയും സമൂഹവും" എന്ന വിഷയത്തിൽ ക്ലാസ്സുകൾ നയിച്ചു. ഇതിനോടനുബന്ധിച്ച് പരിസ്ഥിതി മലിനീകരണവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററികളും പ്രദർശിപ്പിച്ചു.

### ഡിസംബർ 23

മികച്ച പ്രോഗ്രാം ഓഫീസർക്കുള്ള യൂണിവേഴ്സിറ്റി, സംസ്ഥാനതല അവാർഡുകൾ നേടിയ ശ്രീമതി ഇന്ദു കെ.എസ്. വ്യക്തിത്വ വികസനം എന്ന വിഷയത്തിൽ ക്ലാസ്സുകൾ നയിച്ചു.

ഓസ്കാർ നോമിനേഷൻ ലഭിച്ച 'ലഗാൻ' എന്ന ചിത്രത്തിന്റെ പ്രദർശനം നടന്നു.

### ഡിസംബർ 24

"മൾട്ടിമീഡിയയുടെ കാലിക പ്രസക്തി" എന്ന വിഷയത്തിൽ ശ്രീ വർക്കി പട്ടിമറ്റം ക്ലാസ്സുകൾ നയിച്ചു.

ക്രിസ്തുമസ് പരിപാടികളും നടന്നു.

### ഡിസംബർ 25

പ്രൊഫ. മാത്യുകോശി ക്രിസ്തുമസ് സന്ദേശം നൽകി.

ക്യാംപിനോട് അനുബന്ധിച്ച് നടത്തിയ ചല ...ത സെമിനാറിൽ സുജിത്ത് ചന്ദ്രൻ ക്ലാസു ...ർക്ക് നേതൃത്വം നൽകി. ക്യാംപിൽ നിന്ന് മംഗ ...ല്യ സെമിനാരിയിലേക്ക് പഠനയാത്ര സംഘടി ...ച്ചു. ക്യാംപിൽ വിദ്യാർത്ഥികളുടെ സാംസ്കാ ...ിക പരിപാടികളും അരങ്ങേറി. വിദ്യാർത്ഥികൾ ...ചേർന്ന് വൃത്തിയാക്കിയ പദ്ധതി പ്രദേശത്ത് ...വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു.

...ണൽ ക്യാംപിലെ പ്രവർത്തനങ്ങളെ അഭിന ...ന്ദിച്ച് റോട്ടറി ക്ലബ്ബ് എൻ.എസ്സ്.എസ്സിന് കത്തയ ...ച്ചു. എഫ്.എം. റേഡിയോ ചാനലായ റേഡിയോ ...രംഗായിൽ ക്യാംപിനെ പറ്റി പ്രത്യേക പരാ ...മർശം ഉണ്ടായിരുന്നു.



കോടനാട് ആനവളർത്തൽ കേന്ദ്രത്തിലേക്ക് പഠനയാത്ര സംഘടിപ്പിച്ചു.

ജനനയനസാംസ്കാരികവേദിയിലെ കലാകാരൻമാർ ചേർന്ന് നാടൻകലാവിരുന്ന് ഒരുക്കി.

### ഡിസംബർ 26

കുന്നത്തുനാട് എം.എൽ.എ. ശ്രീ. എം.എം. മോനായി പണിപൂർത്തിയായ കടുവാക്കുഴി റോഡിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. "തീവ്രവാദവും ദേശീയ സുരക്ഷയും" എന്ന വിഷയത്തിൽ സംവാദം സംഘടിപ്പിച്ചു. അഡ്വ. അയൂബ് ഖാൻ, അഡ്വ. വി.പി. ജോളി എന്നിവർ സംവാദം നിയന്ത്രിച്ചു.

### ഡിസംബർ 27

സമാപനം

### ജനുവരി 15 യുവജനവാരം - ഇന്റർകോളേജ് മത്സരങ്ങൾ

യുവജനവാരവുമായി ബന്ധപ്പെട്ട് ജനുവരി 15 ന് യു.സി. കോളേജ് എൻ.എസ്സ്.എസ്സ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇന്റർകോളേജ് മത്സരങ്ങൾ സംഘടിപ്പിച്ചു. പ്രസംഗം, പോസ്റ്റർ ഡിസൈനിംഗ്, ദേശഭക്തിഗാനം എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു. കോതമംഗലം മാർ അത്തനേഷ്യസ് കോളേജ് ചാംപ്യൻമാരായി.

### രക്തദാനം

യു.സി. കോളേജ് എൻ.എസ്സ്.എസ്സ്. യൂണിറ്റിൽ നിന്നും 2008-2009 വർഷത്തിൽ അൻപതോളം വിദ്യാർത്ഥികൾ രക്തം ദാനം ചെയ്തു.

### ക്യാമ്പേഴ്സ് ഡേ - ഫെബ്രുവരി 7

ഫെബ്രുവരി 7 ന് ക്യാമ്പസിൽ വച്ച് ക്യാമ്പേഴ്സ് ഡേ സംഘടിപ്പിച്ചു. എൻ.എസ്സ്.എസ്സിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളെ വൊളണ്ടിയേഴ്സ് വിലയിരുത്തി. മികച്ച ക്യാംപർ, വർക്കർ, എന്റർടെയ്നർ എന്നിവർക്ക് സമ്മാനങ്ങൾ നൽകി.

### നേത്രദാനം

യു.സി. കോളേജ് എൻ.എസ്സ്.എസ്സ്. യൂണിറ്റും അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയും സംയുക്തമായി നേത്രദാനസന്നദ്ധരായ നൂറോളം വിദ്യാർത്ഥികളിൽ നിന്ന് സമ്മതപത്രം സ്വീകരിച്ചു.

### കനവ് ഭവനനിർമ്മാണ പദ്ധതി ധനസഹായ വിതരണം

കനവ് ഭവനനിർമ്മാണ പദ്ധതിയുടെ ധനസഹായ വിതരണം കോളേജിൽ വച്ച് നടന്നു. നാലു കുടുംബങ്ങൾക്കാണ് കനവ് പദ്ധതിയിലൂടെ ധനസഹായം ലഭിച്ചത്. പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് ജോൺ, മുൻ പ്രോഗ്രാം ഓഫീസർമാരായ എം.ഐ. പുന്നൂസ്, കെ.കെ. എബ്രഹാം, ബെന്നി ചെറിയാൻ എന്നിവർ ധനസഹായം വിതരണം ചെയ്തു.

### ന്യൂസ് ലെറ്റർ പ്രകാശനം

2008-2009 അദ്ധ്യായനവർഷത്തെ യു.സി. കോളേജ് നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ന്യൂസ് ലെറ്റർ പുറത്തിറക്കി. മുൻ പ്രോഗ്രാം ഓഫീസർ എം.ഐ. പുന്നൂസിൽ നിന്ന് കെ.കെ. എബ്രഹാം ആദ്യപ്രതി വാങ്ങി പ്രകാശനം നിർവ്വഹിച്ചു.

# NCC Senior Division Report 2008

Nithin Thomas



(CSUO)

Ragith R. Nair



(R.D.C.)

Amal Baby



(R.D.C.)

Senior Division :- Strength 108
Officer :- Lt. K.S. Narayanan

56 Cadets enrolled for the academic year 2008-09. Two cadets attended the National Trekking camp held at Marayur, Tamilnadu from 08 Jan to 18th Jan 2008. 35 cadets attended the one day Trekking at Illithodu organized by NCC U C College unit. RDC and TSC training sessions organized by 22(k) Bn NCC Aluva had been conducted in the college during April May.

U C College hosted the Combined Annual Training Camp organized by 22(K) Bn NCC Aluva. U C College has bagged the best squad award. NCC in association with IMA Blood Bank Aluva, organized a Blood donation camp on 19-8-08. Cdt. Ajtha R Nair attended the NIC held at Kakkinada, Andrapradesh, NCC Officer Lt. K.S. Narayanan attended the Part I refresher course from Oct. 20 Nov. 18 in Officers Training Academy, Kamptee, Nagapur. Two Cadets attended the National Trekking Camp at Nainital from October 25 to November 18. SUO Nitin Thomas attended the SSB and Personality Development Camp held from Nov. 10 -20 at OTA Kamptee. CSM Binto, Mathai attended the Advance Leadership Camp held from 3 December to 16 December 2008 at Aurangabad, Maharashtra, 8 Cadets participated in the Rafting Camp arranged by Kerala and Lakshadeep Directorate at Bhoothatankettu, Ernakulam.


JUO Amal Baby and Sgt Ragith R Nair have been selected for the prestigious Republic Day Camp 2009 held at New Delhi.

Sgt. Ragith R Nair was slected as the best Cadet of the Kerala Directorate RD contingent. 27 Cadet of U C College, attended 'B' certificate exam and U C College secured 100% result (23 'A' grades and 4 'B' grades). 32 Cadets attended 'C' certificate exam; (91% Pass with three 'A' grade). NCC officer Lt. K S Narayanan and two cadets from U C College attended an AAC (Army Attachment Camp) at '91 INF BDE' Pangode TVM from 20/4/09 to 3/5/09.

# Annual Report 2008-'09

With immence pleasure let me present before you the Annual report of the Girls NCC sub unit of Union Christian College for the year 2008. The Girls wing of NCC Unit has been continuously riding at the top, in perfomance.





This year we started the parade on 9th August 2008 and we have successfully completed 20 regular parades with drill and theory classes. On 15th August 2008 we celebrated Independance Day with a Ceremonial Parade. We celebrated our NCC Day On 29th November 2008, with several cultural programmes

In the previous accademic year Our Cadets secured 100% results in B&C Certificate. Our Cadets have attended several camps and have done extremely well keeping the prestige of

our subunit. 30 cadets attended ATC for RD & TSC selection held in our College in May 2008. CQMS Dinu Shaju attended the basic leadership camp held at Orissa. Cadet Asha Hari participated in the NIC camp held at Jabalpur. Cpl Lakshmi Haridas and cadet Sony Antony attended the NIC held at Andhra Pradesh. Cadet Anjana Parthasarathi attended cultural TSC in Delhi in September. Sgt Anju Gangadharan and Sgt. Ashalatha M.A. participated the Rafting camp held at Bhoothathankettu on November 2008. 35 of our cadets attended CAWATC held at St. Joseph's Irinjalakkuda in December 2008. Cdt Pavithra got prize for MC.

On 26th January 2009, a ceremonial parade was conducted with two SW platoon along with two SD platoon. Principal Dr. Varghese John hoisted the flag. This was followed by his ceremonial address and distribution of medals to the BC's (Best cadets)

NCC social was conducted on 25th February 2009 and took place with active interest and participation by the cadets of our sub unit and this year's activities concluded with the Trekking expedition at Vazhachal forest area on 28th February 2009.

The year we got 100% results for the B and C certificate examination. 14 11 of our cadets got 'A' grades in the 'B' certificate examination. In the 'C' cadets got 'B' grades in the 'B' certificate examination. In the 'C' certificate examination 5 of our cadets got 'B' grade and 31 cadets got 'C' grade.

ANO Cap. Dr. E.I. Anila is the key person and motivator behind the achievements of our cadets in various fields. We express our gratitude to our be loved principal Dr. Varghese John for his guidance and support. We thank our male ANO Lt. K.S. Narayanan for his support. I am also grateful to Mrs. Nino Rajesh for her guidance and support. We also extend our gratitude to our superintendent for his support.

Last but not least we thank our Commanding Officer Lt. Col. George Joseph and all the training staff from 7(k) Girls Bn Thrissur, for the valuable services and training offered.

Thankyou.

best compliments from...

മനസ്സിനിഷ്ടപ്പെട്ടവ തിരഞ്ഞെടുക്കുമ്പോഴുള്ള ആത്മസംതൃപ്തി അനുഭവിച്ചറിയൂ...

സ്കൂൾ, കോളേജ്, ലേഡീസ് ബാഗുകൾക്ക്
വമ്പിച്ച വിലക്കുറവ് !!



**സൂപ്പർസ്റ്റൈൽ**
**ഷൂസ് & ബാഗ്**

N.H. Bypass, Near Seemas, ALUVA
Ph : 0484 - 3297562

I Woodlands I Bravo I Lee Copper I ID I Mark I Allencoopper — Sunday Open

**എടത്തല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3430**

എച്ച്.ഒ. എടത്തല നോർത്ത് പി.ഒ., ആലുവ, എറണാകുളം ജില്ല, ഫോൺ : 2837597

(ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ് ബാങ്ക്)

ബ്രാഞ്ചുകൾ
1. നൊച്ചിമ ഫോൺ : 2839357
2. പുക്കാട്ടുപടി ഫോൺ : 2681597
3. ചുണ്ടി ഫോൺ : 2836357

മൂലധനം 50 കോടി രൂപ
നിക്ഷേപം 46 കോടി രൂപ
വായ്പകൾ 45 കോടി രൂപ

- എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടുന്നു
- ഡിമാന്റ് ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാണ
- ബാങ്കിന്റെ നൊച്ചിമ, പുക്കാട്ടുപടി ബ്രാഞ്ചുകളിൽ സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം ലഭ്യമാണ
- ബാങ്കിന്റെ എടത്തല, രാജീവ്ഗാന്ധി സഹകരണ ഓഡിറ്റോറിയം മിതമായ നിരക്കിൽ വാടകയ്ക്ക് ലഭ്യമാണ

എം. കെ. അബു
പ്രസിഡന്റ്

ജോൺപോൾ
സെക്രട്ടറി

104

**JK SANITARIES & TILES**

പ്രീമിയർ ഗ്രൗണ്ടിന് എതിർവശം,
നോർത്ത് കളമശ്ശേരി
ഫോൺ : 0484 – 3115060,
9895474889, 9349516888

എല്ലാ പ്രമുഖ കമ്പനികളുടെയും വിട്രിഫൈഡ്, സിറാമിക് ടൈലുകൾ, വാൾ ടൈലുകൾ, ഫ്ളോർ ടൈലുകൾ, പോർച്ച് ടൈലുകൾ, സാനിട്ടറിവെയർ, ബാത്ത് റൂം ഫിറ്റിംഗ്സ് എന്നിവ ഹോൾസെയിൽ വിലയിൽ ലഭിക്കുന്ന കളമശ്ശേരിയിലെ ഏക സ്ഥാപനം.

Sukesh Karthikeyan

**PERAKKUDATH ELECTRICAL WORKS**

Mob : 9995776940, 0484-3227532

*Dealers in All Kinds of Electrical Goods*

**ആലുവ അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ–1623**

ഹെഡ്ഡാഫീസ് : മാർക്കറ്റ് റോഡ്, ആലുവ, ഫോൺ : 2623842, 2630360, ഫാക്സ് : 0484–2629842

81 വർഷത്തെ സേവന പാരമ്പര്യത്തോടെ പ്രവർത്തിക്കുന്ന സഹകരണ ബാങ്കിംഗ് സ്ഥാപനം
ഡെപ്പോസിറ്റ് ഇൻഷുറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷൻ ആക്ടിന്റെയും
ബാങ്കിംഗ് റെഗുലേഷൻസ് ആക്ടിന്റെയും പരിധിയിൽ വന്നിട്ടുള്ള സ്ഥാപനം
നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നൽകുന്നു., ലളിതമായ വ്യവസ്ഥയിൽ എല്ലാത്തരം വായ്പകളും നൽകുന്നു

# SPORTS REPORT - 2008-09

Our sports stars continue their excellence in sports and games this year too. One of the outstanding achievements of this year was our fourteen women hockey players representing MG University placed winners in the South West Zone All India Inter Varsity Hockey tournament held at Banasthali, Rajasthan. Jinu Mary.K.P representing MG university team in the South West Zone All India Inter Varsity tournament held at Kuvempu University, Karnataka secured third position.

**SHUTTLE BADMINTON**

*Runners up of MG University Women Shuttle Badminton Championship organized by St.Peter's College, Kolencherry.* Anumol.P.S represented MG University in the South West Zone India Inter University Shuttle Badminton Championship organised by Kuvempu university, Karnataka.

Anumol.P.S secured second place (singles), first place in doubles (U-19) and first place in the women's section (doubles) in the Ernakulam district shuttle Badminton championship.

**HOCKEY**

*Winners of MG University Women Hockey Championship.* Aswathy.I, Sushamol.K.S, Sajila.B, Sajila.A, Sandhya.P, Prajitha.P.V, Rashmi.R, Susan Mathew, Neethu.R, Liji.P.B, Rajani Janardhanan, Salma.C.K, Sreelekha.K.P and Sajitha.K represented MG university in the All India Inter University Hockey Tournament. They were the winners of South West Zone All India Inter Varsity held at Banasthali University, Rajasthan.

Our students representing Ernakulam district secured second place in the Senior State Hockey Championship and Third place in the MG University men's Hockey Tournament. Arshad.A.A, Chithrasenan, Prabhath.T.P, Shiju. N. Shaju and Rameesh Rahim were selected to represent MG University in the All India Inter University Hockey Tournament.

**SOFTBALL**

*Runners up of MG University Men Soft ball Tournament held at CMS College Kottayam.* Arshad.A.A, Muhammed Azlaf.V.M, Sreenath.S, and Vinayesh Kumar were selected to represent MGuniversity in the All India inter University Softball tournament.

**BASEBALL**

*Winners of MG University Baseball Men*

*Championship*. Jayalal.K.J, Sanoop.S, Shahir.K.M and Renjith.M.R were selected to represent MG University in the All India inter University Baseball tournament.

**TENNIS**

Our college team secured First position in women's section and second position in men's section MG University Inter collegiate Tennis Championship respectively. In the women section Anju.K.A was selected to represent MG University in the All India Inter University Tennis tournament.

**TABLE TENNIS**

*Runner up in the MG University Inter Collegiate Table Tennis tournament*. Jinu Mary.K.P representing MG university team in the South West Zone All India Inter Varsity Tournament held at Kuvempu University, Karnataka secured third position.



**FOOTBALL**

*Runner up in the MG University Inter Collegiate Foot ball Tournament*.

**CRICKET**

*Runner up in the. MG University Inter Collegiate Cricket Tournament*. Shaimah Abdul Khader, Jyothylakshmi, Midhila Dominic, Sunumol.M.V and Liji.P.B were selected to the MG University Cricket team.


**TOURNAMENTS ORGANISED**

UC organized 17th **Dr.A.K.Baby Memorial South Zone Hockey Tournament** from November 28th 2008 to 1st December 2008. Total 7 teams in men's section and two teams in women section were participated. The tournament was inaugurated by Dr.Varghese John, Principal and chief guest for the closing ceremony. In the Men's section Jamal Mohammed College Trichy (winners), Tamil Nadu and Gurunanak college, Chennai (Runners up) and in the Women's section UC College emerged (winners) and Government College Calicut emerged the runnersup position.

**38th Union Christian College Basketball Tournament** organized from 20th to 22nd January 2009.The tournament was inaugurated by Dr.Varghese John, Principal and chief guest for the closing ceremony was Mr.Sakkhir Hussein, President, Sports Council, Ernakulam. Total 7 teams in men's section and 3 teams in women's section participated. In the men's section Mar Ivanious, Trivandrum (winners) and S.B. College, Changannassery (Runners up) and in Women's section St.Xaviers College, Aluva emerged (winners) and St.Mary's Thrissur were runners-up.

87th UC College Annual Athletic meet was organized from 27th to 29th January 2009.The meet was inaugurated by our Principal Dr.Varghese John and chief guest for the closing ceremony was Prof. M.P.Marykutty Department of History. Individual champion in the men's section was Tinu Sebastian (1st BA Economics) and in women's section Rajani Janardhanan & Aswathy (3rd *BA Malayalam*). UC also organized MG University Cricket and Football (women) and Softball North Zone Tournaments.






Bhavya V. Nair
III B.Sc. Mathematics



Rahul Thomas
II B.Sc. Physics



# BREAD WORLD

BREAD WORLD

**Byepass Junction Aluva. Ph: 4020434**

# Bakers, Confectioners & Restaurant

We use only "Bell" Fresh cream for Pastries Cakes

For *Home Delivery

* Conditions Apply

Phone: 4020435 / 4020434

---

KPBF

## കേരള പെർമനന്റ് ബെനിഫിറ്റ് ഫണ്ട് ലിമിറ്റഡ്

(ഭാരത സർക്കാർ അംഗീകൃത ധനകാര്യ സ്ഥാപനം)

എൻ.എസ്.എസ്. യൂണിയൻ ബിൽഡിംഗ്സ് (ആലുവ പാലസിന് എതിർവശം)

പാലസ് റോഡ്. ആലുവ - 683 101, ഫോൺ : 0484 - 2622308, 2623597, 2628199, 3299940

ഭാവി ഭദ്രമാക്കുവാൻ സമ്പാദ്യം കെ.പി.ബി.എഫിൽ

സ്വർണ്ണപണയം

മിതമായ നിരക്കിൽ പരമാവധി തുക

സേവനം ഞങ്ങളുടെ മുഖമുദ്ര

സ്ഥിരനിക്ഷേപങ്ങൾക്ക് 12% വരെ പലിശ നൽകുന്നു

ഞങ്ങളുടെ ശാഖകൾ

ആലുവ 2622308, കാലടി 2698282, മഞ്ചേരി 2762409, പറവൂർ 3224050
തൊടുപുഴ 2223817, എറണാകുളം 2371421, കോതമംഗലം 2823312
മൂവാറ്റുപുഴ 2811033, പെരുമ്പാവൂർ 3202020, തിരുവനന്തപുരം 2478075
വാഴക്കുളം 2261006, തൃപ്പൂണിത്തുറ 2114875, പൂക്കാട്ടുപടി 2266605

ഉടൻ പ്രവർത്തനമാരംഭിക്കുന്ന മറ്റു ശാഖകൾ : തൃശൂർ, പാലക്കാട്, കോഴിക്കോട്

---

# LCC

## LAKHOTIA COMPUTER CENTRE

**LIVE PROJECTS IN ASP.NET, C#, PHP, VB.NET, JAVA, J2EE**

INDSIGMA INFOTECH (P)LTD.
2nd Floor, B-wing, Thapasya Bldg., Info Park,
Kakkanad, Kochi. www.sigma-micro.com

IN ASSOCIATION WITH


CALPINE TECHNOLOGIES (P)LTD
SDF IT Building, Info Park, Kakkanad, Kochi
www.calpinetech.com

*Marine Drive, Kochi -31*
*Ph : 2355545, 94470 42425*

*Bypass Jn. Aluva-1*
*Ph : 2629996, 98957 76296*



Living Memory : famed actress Kalpana releases Shinu Sathyan Memorial Poetry anthology : "Njan Appozhum Thiranjukondirikkum"



വിടപറയലിനു മുമ്പായി
ഒരു ഫ്ളാഷ്......
അകന്നുപോകുകയാണെങ്കിലും.....
മറവിയുടെ തീരത്ത് ഇന്നൊരു
കൂട്ടുകാരുമായി തിരകെ.....!!

# സമർപ്പണം.....

ഈ

മയിൽപ്പീലി താളുകളിൽ
നിറച്ചാർത്തേകാൻ
വർണ്ണങ്ങളായ് നിങ്ങൾ
എന്നോടൊപ്പം ഉണ്ടായിരുന്നു......
ഓർമ്മച്ചെപ്പിൽ എന്നെന്നും
സൂക്ഷിക്കാവുന്ന ഈ മയിൽപ്പീലി
എനിക്ക് പ്രിയമുള്ള
കലാലയത്തിനും.......
പിന്നെ..........
എന്റെ ചങ്ങാതിക്കൂട്ടങ്ങൾക്കും
സമർപ്പിക്കുന്നു..........

# നന്ദി........

വിലയേറിയ ഉപദേശങ്ങളുമായി
എന്നെ സഹായിച്ച.
പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് ജോൺ സർ.
സിബു സർ, രേഖാ മിസ്, സോണിയ മിസ്.
കാന്റീനിലെ രാജൻ ചേട്ടൻ, പ്രദീപേട്ടൻ,
സുനിൽ ചേട്ടൻ, പ്രശാന്ത് ചേട്ടൻ,
ഓഫീസിലെ സോണി ചേട്ടൻ, ധരണീന്ദ്രൻ സർ
സൂപ്രണ്ട് ജോസ് സർ, പൗലോസ് ചേട്ടൻ, റോസമ്മ ചേച്ചി
ഇന്ദു ഓഫ്സെറ്റിലെ ബിജു ചേട്ടൻ, ബെന്നി ചേട്ടൻ, രാജീവ് ചേട്ടൻ
പരസ്യങ്ങൾ തന്ന് സഹകരിച്ച സ്ഥാപന ഉടമകൾക്കും
മറ്റ് എല്ലാ കൂട്ടുകാർക്കും ഹൃദയം നിറഞ്ഞ നന്ദി....
നിങ്ങൾ തന്ന പ്രോത്സാഹനത്തിനും വിലയേറിയ ഉപദേശങ്ങൾക്കും
ഒരിക്കൽക്കൂടി നന്ദി....
എനിക്കൊപ്പം നിഴലായി ഉണ്ടായിരുന്ന
പ്രിയപ്പെട്ട ഹരിയ്ക്കും, ശരത്തിനും ഹൃദയപൂർവ്വം നന്ദി....



എഡിറ്റർ



ഈ കലാലയത്തിലേക്ക് ഞാൻ
പടികടന്നെത്തിയത്
ഒരു സാധാരണ വിദ്യാർത്ഥിയായാണ്.....
ഒരു കാലത്തിന്റെ സ്വപ്നങ്ങൾ, പ്രതീക്ഷകൾ
അക്ഷരത്താളുകളിലേക്ക് പകർത്തുവാൻ.....
അവയ്ക്ക് നിറം പകരുവാൻ.......
എനിക്കൊരു നിയോഗമുണ്ടായത്
തികച്ചും അപ്രതീക്ഷിതമായാണ്.....
ആ സ്വപ്നം നെഞ്ചിലേറ്റി
ഏറെ നാൾ വിവശനായി നടന്നു
ഈ മയിൽപ്പീലി
യു.സി.യുടെ ചരിത്രത്താളുകളിൽ
സ്വർണ്ണ ലിപികളിൽ എഴുതപ്പെടുമ്പോൾ
എന്നിലർപ്പിച്ച വിശ്വാസം, പ്രതീക്ഷ.....
പൂർണ്ണമായി തിരികെ തന്നു എന്ന്
അവകാശപ്പെടുന്നില്ല.......
എങ്കിലും ആത്മസംതൃപ്തിയോടെ.......
കൃതാർത്ഥനായി.......
ഈ 'മയിൽപ്പീലി' നിങ്ങൾക്കായി
സമർപ്പിക്കുന്നു.......


STUDENTS CENTRE
focus. . . .

**Autodesk**
Authorised Training Centre*



## a call to be a CAD Engineer >>

We offer industry specific courses in advanced

- ARCHITECTURAL CAD • CIVIL CAD
- ELECTRICAL CAD • MECHANICAL CAD
- PROJECT PLANNING & MANAGEMENT
- ONLINE PROJECTS FOR B.Tech / MCA Students
- MASTER DIPLOMA / DIPLOMA IN MULTIMEDIA & ANIMATION
- MASTER DIPLOMA / DIPLOMA IN INTERIOR DESIGNING

## COCHIN CADD CENTRE

* **Aluva** : Palmlands Building, Temple Road, Bank Junction. Phone : 0484 - 2626179 / 2620948
* **Cochin** : Opp. Sudheendra Hospital, Chittoor Road, Kacheripady. Phone : 0484 - 2367178 / 79 / 80

**Muvattupuzha** : Thoppil Building, Near BSNL, Vallakalil Hospital Junction. Phone : 0485 - 2833941

*Design your dreams with Maya, 3ds Max...*

One and the only Autodesk (USA) AUTHORISED MEDIA & ENTERTAINMENT TRAINING CENTRE AT COCHIN

## IDEAS[SM]

INSTITUTE OF DIGITAL ENTERTAINMENT AND ANIMATION STUDIES

Opp. Sudheendra Hospital, Chittoor Road, Kacheripady. Phone : 0484 - 2367178 / 79 / 80
**Branches** : Aluva : Palmlands Building, Temple Road, Bank Junction Ph : 0484 - 2626179 / 2620948,
Muvattupuzha : Thoppil Building, Near BSNL, Vallakalil Hospital Junction. Ph : 0485 - 2833941

- Well qualified faculty • Advanced industry relevant curriculum • Well equipped lab
- Excellent Placement record • Morning/Evening/Saturday only/Sunday only batches

A DIVISION OF NIRMALA COLLEGE OF IT, CHALAKUDY ESTD 1954 55 years of excellence in educational field